

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2026
സെപ്റ്റംബർ
01–15

Volume XX Issue 17

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

**TIMES OF AMERICA.ORG ONLINE BI- WEEKLY**
www: **timesofamerica.org**

**News Cordination: Joychan Puthukulam**

Managing Editor: **Mathew George**
Tel: 267-991-2111







# വെനസ്വേലൻ എണ്ണശേഖരവും നിയന്ത്രണവും ഏറ്റെടുക്കുന്നതായി ഡൊണാൾഡ് ട്രംപ്

**– പി. പി. ചെറിയാൻ**

വാഷിംഗ്ടൺ ഡി.സി: വെനസ്വേലയിലെ വൻകിട എണ്ണ സ്രോതസ്സുകളുടെ ഭൂരിപക്ഷ നിയന്ത്രണം ഏറ്റെടുക്കുന്നതിനായി അമേരിക്ക നിർണ്ണായക കരാറിൽ ഒപ്പുവെച്ചതായി വെള്ളിയാഴ്ച പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു. 65 ബില്യൺ ബാരലിലധികം വരുന്ന വെനസ്വേലൻ എണ്ണശേഖരത്തിന്റെ നിയന്ത്രണം ലക്ഷ്യമിട്ടാണ് സ്വകാര്യ കമ്പനികളുടെ പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് അദ്ദേഹം സോഷ്യൽ മീഡിയ പോസ്റ്റിലൂടെ വ്യക്തമാക്കി.

യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, ഡിഫൻസ് സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് എന്നിവർ വെനസ്വേല സർക്കാരുമായി ചർച്ചകൾ നടത്തി കരാർ ഉറപ്പാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചതായി ട്രംപ് പറഞ്ഞു.

കഴിഞ്ഞ വർഷം അമേരിക്ക ആരംഭിച്ച സൈനിക നടപടികൾക്കൊടുവിൽ വെനസ്വേലൻ മുൻ നേതാവ് നിക്കോളാസ് മദുറോ പിടിയിലായതിനെ തുടർന്ന്, രാജ്യത്തെ എണ്ണ സ്രോതസ്സുകളുടെ നിയന്ത്രണം ഉറപ്പാക്കുന്നത് യു.എസിന്റെ പ്രധാന മുൻഗണനയാണെന്ന് ട്രംപ് ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ വ്യക്തമാക്കിയിരുന്നു. ഇതിന് പിന്നാലെയാണ് ഇപ്പോൾ 65 ബില്യൺ ബാരലിലധികം വരുന്ന എണ്ണശേഖരത്തിന്റെ നിയന്ത്രണം യു. എസ് ഏറ്റെടുക്കുന്നതായുള്ള ട്രംപിന്റെ ഔദ്യോഗിക പ്രഖ്യാപനം വന്നിരിക്കുന്നത്.

# മനുഷ്യ ബുദ്ധിയുടെ പകരം വയ്ക്കാനാവാത്ത മാഹാത്മ്യം മറന്നുപോകരുത്: പാപ്പാ



**ഫാ. ജിനു തെക്കേത്തലക്കൽ**

വത്തിക്കാൻ: ദേശീയ, അന്തർദേശീയ തലങ്ങളിൽ സമകാലിക പൊതുഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൂടുതൽ പഠനത്തിനും മെച്ചപ്പെടുത്തലിനും വേണ്ടി, 1930ൽ ബ്രസൽസിൽ സ്ഥാപിതമായ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്മിനിസ്ട്രേറ്റീവ് സയൻസസിലെ അംഗങ്ങളെ, ഓഗസ്റ്റ് മാസം ഇരുപത്തിയെട്ടാം തീയതി, വത്തിക്കാനിൽ, ലിയോ പതിനാലാമൻ പാപ്പാ സ്വീകരിക്കുകയും അവർക്ക് സന്ദേശം നൽകുകയും ചെയ്തു. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളുമായി സാമൂഹിക ജീവിതത്തെ പൊരുത്തപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ, ഈ സ്ഥാപനം, വിവിധ രാജ്യങ്ങളിലെ ഭരണാധികാരികൾക്ക് നൽകുന്ന മാർഗ നിർദേശങ്ങൾ, സ്രഷ്ടാവിന്റെ ജ്ഞാനദീപകമായ ഉദ്ദേശ്യങ്ങളും പദ്ധതികളും നടപ്പിലാക്കുന്നതിലേക്കാണ് നയിക്കുന്നതെന്ന് പന്ത്രണ്ടാം പീയൂസ് പാപ്പായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, പാപ്പാ ആമുഖമായി പറഞ്ഞു.

ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ ഉപയോഗത്തിൽ സന്തുലിതാവസ്ഥ നിലനിർത്തുവാൻ, സ്ഥാപനം നൽകുന്ന ആഹ്വാനം, നിർമിത ബുദ്ധിയുടെ കാലഘട്ടത്തിൽ, മനുഷ്യ വ്യക്തിയുടെ സംരക്ഷണത്തെക്കുറിച്ചുള്ള, തന്റെ സമീപകാല ചാക്രികലേഖനത്തോട് പൊരുത്തപ്പെടുന്നതാണെന്ന സന്തോഷവും പാപ്പാ പങ്കുവച്ചു. ഏവരുടെയും ജീവിതരീതിയെ അടുത്ത് ബാധിക്കുന്നതും, സാമൂഹിക ജീവിതത്തിന്റെ എല്ലാ തലങ്ങളിലും വ്യാപിച്ചുകിടക്കുന്നതുമായ ഈ യാഥാർഥ്യത്തെ അഭിമുഖീകരിക്കാതിരിക്കുക സാധ്യമല്ലെന്നും പാപ്പാ ചൂണ്ടിക്കാട്ടി. ഇത്തരം നൂതനാശയങ്ങളുടെ വികസനത്തിന്റെ വേഗത, ഭാവിയിൽ ഇവയെ നിയന്ത്രിക്കുവാൻ സാധിക്കുമോ എന്ന സംശയം ഉണർത്തുന്നതായും പാപ്പാ ചൂണ്ടിക്കാണിച്ചു. സ്വന്തം കണ്ടുപിടുത്തങ്ങളുടെ ഇരയാകാനുള്ള അപകടസാധ്യത മനുഷ്യൻ തന്നെനേരിടേണ്ടി വരുമോ എന്ന് ചിന്തിക്കുവാനും പാപ്പാ ഏവരെയും ആഹ്വാനം ചെയ്തു. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ യന്ത്രങ്ങളെ ഏല്പ്പിക്കുന്നുവെന്നതാണ്, ഗുരുതരമായ ഒരു പ്രശ്നം എന്നതും പാപ്പാ ചൂണ്ടിക്കാണിച്ചു.

ഈ സാങ്കേതിക ഉപകരണങ്ങൾക്ക് മുന്നിൽ മനുഷ്യ ബുദ്ധിയുടെ പകരം വയ്ക്കാനാവാത്ത സ്വഭാവം വീണ്ടും ഉറപ്പിക്കാൻ ഈ സ്ഥാപനം നൽകുന്ന ചിന്തോദ്ദീപകമായ ആശയങ്ങളെ പാപ്പാ അഭിനന്ദിച്ചു. ഇത്തരം പ്രതിഫലനങ്ങളും പ്രവർത്തനങ്ങളും മാനവികതയുടെ നന്മയ്ക്കായി ഈ മേഖലയിൽ തീരുമാനങ്ങൾ എടുക്കാൻ അധികാരികളെ സഹായിക്കുമെന്നും പാപ്പാ എടുത്തു പറഞ്ഞു.

ഇത്തരം നൂതനമായ കാര്യങ്ങളുടെ നിയന്ത്രണം, ചില പ്രധാന സാമ്പത്തിക, സാങ്കേതിക കേന്ദ്രങ്ങളിൽ മാത്രം എത്തുന്നതും, ഈ സാഹചര്യങ്ങളിൽ, ഭരണകൂടത്തിന് നിയന്ത്രിക്കുവാൻ പ്രയാസം തോന്നുന്നതും, വലിയ വെല്ലുവിളി ഉയർത്തുന്നുവെന്നും അതിനാൽ, ഒരു പ്രത്യേക ധാർമ്മികത വികസിപ്പിക്കേണ്ടത് പ്രധാനമാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.

## പരസ്പര ബഹുമാനം അത്യന്താപേക്ഷിതമെന്ന് മോഹൻ ഭാഗവത്

ന്യൂയോർക്ക്: വൈവിധ്യമാർന്ന മതങ്ങൾക്കിടയിലെ ഐക്യവും അന്തസ്സും പരസ്പര ബഹുമാനവുമാണ് അത്യന്താപേക്ഷിതമെന്ന് ന്യൂയോർക്കിൽ നടന്ന വൺ വേൾഡ് വൺ ഹ്യൂമാനിറ്റി സമ്മേളനത്തിൽ സംസാരിക്കവേ, ആർ.എസ്.എസ് മേധാവി മോഹൻ ഭാഗവത് വ്യക്തമാക്കി.

മുസ്ലീങ്ങളില്ലാത്ത ഇന്ത്യയാണ് വേണ്ടെന്ന് വിശ്വസിക്കുന്ന ഏതൊരു ഹിന്ദുവും യഥാർത്ഥ ഹിന്ദുമത സത്തയിൽ നിന്നാണ് വ്യതിചലിക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ആചാരങ്ങൾ ആത്യന്തികമായി സത്യത്തിലേക്കും ഒറ്റ മനുഷ്യസമൂഹത്തിലേക്കുമാണ് നയിക്കേണ്ടതെന്ന് ചൂണ്ടിക്കാണിച്ച അദ്ദേഹം, തെറ്റിദ്ധാരണകൾ ദൂരീകരിക്കുന്നതിനും ഉൾക്കൊള്ളുന്ന സേവനം വളർത്തിയെടുക്കുന്നതിനുമായി മുസ്ലീം, ക്രിസ്തീയ സമൂഹങ്ങളുമായി ആർ.എസ്.എസ് നേരിട്ടുള്ള ചർച്ചകൾക്ക് തുടക്കമിട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തി.

അന്തർമത സൗഹാർദ്ദവുമായി ബന്ധപ്പെട്ട വർദ്ധിച്ചുവരുന്ന പ്രശ്നങ്ങൾക്ക് കാരണം സ്വാർത്ഥ രാഷ്ട്രീയമാണെന്ന് കുറ്റപ്പെടുത്തിയ ഭാഗവത്, ഞാൻ, എന്റേത്എന്നീ ചിന്താഗതികളിൽ നിന്ന് നാം,നമ്മുടേത്എന്ന കൂട്ടായ്മയിലേക്ക് മാറേണ്ടതിന്റെ ആവശ്യകതയും ഊന്നിപ്പറഞ്ഞു. സാംസ്കാരിക ഐക്യവും പങ്കിട്ട പൈതൃകവും സമാധാനപരമായ സഹവർത്തിത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി 2018ലെ ഡൽഹി പ്രസംഗവും പ്രമുഖ മുസ്ലീം ബുദ്ധിജീവികളുമായുള്ള കൂടിക്കാഴ്ചകളും ഉൾപ്പെടെയുള്ള തന്റെ നിരന്തര ശ്രമങ്ങളുടെ തുടർച്ചയാണ് ഈ പ്രസ്താവന.


സാംസ്കാരികം

**അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക**

**ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം**

**പി. ഡി. എഫ് ഫയലിനോടൊപ്പം**
**പ്രതിമാസ സാംസ്കാരിക മാസിക**
സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം
**www.timesofamericanmalayali.com**

**ഈ ലക്കത്തിൽ**

സാഹിത്യം സംസ്കാരം തുടങ്ങിയ പതിവു പംക്തികൾ




**എം. പി. പരമേശ്വരന്റെ വിചാരലോകം**
ജോർജ് തഴക്കര



**അഴീക്കോട് എന്ന വിചാരശില്പി**



ഡോ.പോൾ മണലിൽ



# ഫൊക്കാനയുടെ കേരളാ കൺവെൻഷൻ 2027 ജനുവരി 11 മുതൽ കൊച്ചിയിൽ

**- ജിജി ടോം**

ഫൊക്കാനയുടെ കേരളാ കൺവെൻഷൻ 2027 ജനുവരി 11 മുതൽ 13 വരെ കൊച്ചി ബോൾഗാട്ടി പാലസിൽ വെച്ച് നടത്തപ്പെടും. കേരളത്തിലെ പ്രമുഖ രാഷ്ട്രീയ, സാംസ്കാരിക, സാഹിത്യ, സാമൂഹിക നായകന്മാർ പങ്കെടുക്കുന്ന ഈ സമ്മേളനം വളരെ വ്യത്യസ്തമായി സംഘടിപ്പിക്കുമെന്ന് ഫൊക്കാനാ പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു.

മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന കൺവൻഷൻ ഒരു ജനകീയ കൺവൻഷനായി മാറ്റാനാണ് ശ്രമം. കേരളത്തിന്റെ യുവതയെ കാർന്നു തിന്നുന്ന മയക്കുമരുന്ന്, മറ്റ് ലഹരി ഉപയോഗങ്ങൾക്കെതിരെ കേരളീയ സമൂഹത്തെ ബോധവാൻമാരാക്കുന്ന കേരള സർക്കാരിന്റെ തൂഫാൻ പദ്ധതിക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും കേരളത്തിലുടനീളമുള്ള ബോധന പ്രവർത്തനങ്ങൾക്ക് ഫൊക്കാന നേതൃത്വം നൽകുകയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിന്റെ ഉദ്ഘാടനം, അശരണർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് തുടക്കം, നേഴ്സിംഗ് സ്കോളർഷിപ്പ് വിതരണം, ഭാഷയ്ക്കൊരു ഡോളർ പുരസ്ക്കാര സമർപ്പണം, സാഹിത്യ പുരസ്കാര സമ്മേളനം, ബിസിനസ് സെമിനാർ, മാധ്യമ സെമിനാർ, സാംസ്കാരിക സായാഹ്നം തുടങ്ങി നിരവധി പരിപാടികളാൽ സമൃദ്ധമായ ഫൊക്കാന കേരളാ കൺവൻഷൻ എന്തുകൊണ്ടും ശ്രദ്ധേയമായിരിക്കുമെന്ന് ഫൊക്കാനാ പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അറിയിച്ചു.

# ഫോമാ നേതൃത്വത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ട സാം മത്തായി, ജൂഡി ജോസ്, ഷെല്ലി തോമസ് എന്നിവരെ ആദരിച്ചു

**- ബിനോയി സെബാസ്റ്റ്യൻ**



ഡാലസ്: രാജ്യാന്തര മലയാളി സാംസ്കാരിക സംഘടനയായ ഫോമയുടെ 2026-2028 വർഷങ്ങളിലെ ഭരണസാരഥിസ്ഥാനങ്ങളിലേക്കു തിരഞ്ഞെടുക്കപ്പെട്ട സാം മത്തായി (നാഷണൽ വൈസ് പ്രസിഡന്റ്) ജൂഡി ജോസ് (വൈസ് പ്രസിഡന്റ്, ടെക്സോമ റീജിയൺ), ഷെല്ലി തോമസ് (നാഷണൽ കമ്മിറ്റിയംഗം) എന്നിവരെ കോട്ടയം പാർലമെന്റംഗമായ കെ. ഫ്രാൻസീസ് ജോർജ് ബൊക്കെ നൽകി ആദരിച്ചു.

ഡാലസ് മലയാളി അസോസിയേഷനും (ഡിഎംഎ) നോർത്ത് ടെക്സസ് മലയാളി അസോസിയേഷനും (എൻടിഎംഎ) സംയുക്തമായി നടത്തിയ ഓണാഘോഷവേദിയിൽ നൂറുകണക്കിനു മലയാളി സഹൃദയരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ രണ്ടു അസോസിയേഷനുകളുടെയും പ്രവർത്തനമികവുകളെ അഭിനന്ദിച്ച ഫ്രാൻസീസ് ജോർജ് ഫോമയുടെ ഭാവിപ്രവർത്തനങ്ങൾ കേരളത്തിനും സമാനമായി നോർത്തമേരിക്കൻ സമൂഹത്തിനും കൂടുതൽ ഗുണപരമായ നേട്ടങ്ങൾ പകർ ന്നു നൽകുമെന്ന പ്രത്യാശ പ്രകടിപ്പിച്ചു.

ഫോമ കേരളത്തിൽ ഭാവനരഹിതർക്കായി നൽകി വരുന്ന ഭവനദാനപദ്ധതി കേരള സർക്കാരും ജില്ലാ, പ്രദേശിക ഭരണകൂടങ്ങളുമായി ചേർന്ന് കൂടുതൽ ജില്ലകളിലേക്കു വ്യാപിപ്പിക്കുമെന്നും പുതുതലമുറയെ ഫോമയിലേക്കാകർഷിക്കുന്നതിനായി ക്രിയാത്മകമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുമെന്നും ജീവകാരുണ്യരംഗത്തു സജീവമായി പ്രവർത്തുമെന്നും ഫോമാ നാഷണൽ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സാമുവൽ മത്തായി പ്രസ്താവിച്ചു. പുതുതായി രൂപീകൃതമായ ഫോമ ടെക്സോമ റീജയണിൽ ഉൾപ്പെടുന്ന ഒക്ലഹോമ, ഡാലസ് സിറ്റികളിൽ പ്രവർത്തിക്കുന്ന സാംസ്ക്കാരിക സംഘടനകളെ ഉൾപ്പെടുത്തി വിവിധ ഭാവിപരിപാടികൾ നടത്തുമെന്ന് റീജയൺ വൈസ് പ്രസിഡായി തിരഞ്ഞെടുക്കപ്പെട്ട ജുഡി ജോസും നാഷണൽ കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ട ഷെല്ലി തോമസും പറഞ്ഞു.

ഫോമാ സതേൺ റീജിയൺ വൈസ് പ്രസിഡന്റ് ബിജു ലോസൺ, നോർത്ത് ടെക്സസ് മലയാളി അസോസിയേഷൻ പ്രസിഡന്റ് ഷാജി ആലപ്പട്ട് തുടങ്ങിയവർ വിജയികളെ അനുമോദിച്ചു. ഡക്സ്റ്റർ ഫെരേര, ലിൻഡ ഫിലിപ്സ്, രമ രഞ്ജൻ, സൈജു വർഗീസ്, മധു ജോസഫ്, ബിനോ കല്ലുങ്കൽ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

# മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പുതിയ നാലു മെത്രാപ്പോലീത്താമാർ; ഫിലാൽഡൽഫിയയിൽ നിന്നും ഫാ.ഷിബു വേണാട് മത്തായി



**- മാത്യു ജോർജ്**

കൊച്ചി/ഫിലാഡൽഫിയ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് 4 പുതിയ മെത്രാപ്പോലീത്തമാർ. മുളന്തുരുത്തി വെട്ടിക്കൽ ദയറായിലെ സെന്റ് ഗ്രിഗോറിയോസ് നഗറിൽ ചേർന്ന മലങ്കര ക്രിസ്ത്യാനി അസോസിയേഷനിലാണ് ഇവരെ തെരഞ്ഞെടുത്തത്. തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവയാണ് പ്രഖ്യാപിച്ചത്.

ഫാ.എ.എ.എൽദോസ്, ഫാ.സാം ജി. ടി. ജോർജ്, ഫാ.ഷിബു വേണാട് മത്തായി, തോമസ് പോൾ റമ്പാൻ എന്നിവരാണ് പുതിയ മെത്രാപ്പോലീത്തമാർ. സഭാമാനേജിംഗ് കമ്മിറ്റി നിർദ്ദേശിച്ച ആറു പേരിൽ നിന്നായിരുന്നു തിരഞ്ഞെടുപ്പ്. ബാലറ്റിലൂടെയും വിദേശത്തുള്ളവർ ഓൺലൈനിലൂടെയുമാണ് വോട്ടു ചെയ്തത്. 1168 വൈദികരും 2306 അൽമായരും ഉൾപ്പെടെ 3474 പേരാണ് വോട്ട് ചെയ്തത്.

ഡയറക്ട്രേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രെയിഡ് മുൻ മേധാവി കെ.ടി.ചാക്കോ മുഖ്യ വരണാധികാരിയായി. നിയുക്ത മെത്രാപ്പോലീത്താമാരുടെ സ്ഥാനാരോഹണം സിനഡ് പിന്നീട് തീരുമാനിക്കും.



**ഫാ.എ.എ.എൽദോസ്** (46)

മലബാർ ഭദ്രാസനത്തിലെ എടുക്കര സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗമാണ്. പരുമല സെമിനാരി മാനേജർ, പരിശുദ്ധ ബസേലിയോസ് ദിദിമോസ് പ്രഥമൻ ബാവായുടെ സെക്രട്ടറി, കോഴിക്കോട് മൗണ്ട് ഹെർമോൻ അരമന മാനേജർ, ടെക്സാസിലെ ഭദ്രാസന സെന്റർ അസി.മാനേജർ, എം.ജി.ഒ.സി.എസ്.എം സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മേഖല സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്ന് ബിരുദം. സർദാർ പട്ടേൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദം.

**ഫാ. സാംജി ടി. ജോർജ്** (51)

ചെങ്ങന്നൂർ ഭദ്രാസനം ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം. ശാസ്താംകോട്ട മാർ ഏലിയാസ് ചാപ്പൽ മാനേജർ. ശാസ്താംകോട്ട ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ എഞ്ചിനീയറിങ് കോളജിൽ അസി. പ്രഫസർ, സെന്റ് തോമസ് ഹോം ഫോർ ചിൽഡ്രൻ സെക്രട്ടറി. കൊല്ലം ഭദ്രാസനത്തിലെ ദിവ്യാബോധനം ഡയറക്ടർ ആയിരുന്നു. മംഗളൂരു യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം, എം.ജി. സർവകലാശാലയിൽ നിന്ന് എം.കോം, മധുര കാമരാജ് സർവകലാശാലയിൽ നിന്ന് എം.എഡ്. യു.എസിയിലെ സെന്റ് വ്ളാഡിമിർ സെമിനാരിയിൽ നിന്ന് എം.എ.

**ഫാ. ഷിബു വേണാട് മത്തായി** (53)

സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ തമിഴ്നാട് നീലഗിരി താളൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. ഫിലാഡൽഫിയ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി. നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന കൗൺസിൽ അംഗം. ഹോളി ട്രാൻസ്ഫിഗറേഷൻ ധ്യാനകേന്ദ്രം ഡയറക്ടർ. സുൽത്താൻ ബത്തേരി ഭദ്രാസനം ഒസിവൈഎം റീജനൽ സെക്രട്ടറി, നോർത്ത് റീജൻ ഒസിവൈഎം റീജനൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ബിരുദം. സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദം.

**തോമസ് പോൾ റമ്പാൻ** (53)

കോതമംഗലം മാർതോമാ ചെറിയ പള്ളി ഇടവകാംഗം. പെരുമ്പാവൂർ കീഴില്ലം ഉദയഗിരി മാർ ഗ്രിഗോറിയോസ് പള്ളി വികാരി. അങ്കമാലി ഈസ്റ്റ് ഭദ്രാസന സെക്രട്ടറി, സഭാ മാനേജിങ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. എം.ജി സർവകലാശാലയിൽ നിന്ന് ബിരുദം. കാലടി സംസ്കൃത സർവകലാശാലയിൽ നിന്ന് സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം, എം.എസ്.സി, എൽ.എൽ.ബി, എൽ.എം.എം, ജേണലിസത്തിൽ ഡിപ്ലോമ.

"Life seems but a quick succession of busy nothings."
- Jane Austen, Mansfield Park

"Life is every bit as devious as Death. It too can wear a hooded coat. It too can slip into town, lurk in an alley, or wait in the back of a tavern."
- Amor Towles, A Gentleman in Moscow

"Time moves slowly, but passes quickly." - Alice Walker, The Color Purple

# ഡാളസിന്റെ ആത്മീയ ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച് പ്രഥമ പെന്തക്കോസ്ത് സമ്മേളനം

**– രാജു തരകൻ**

ഡാളസ്: ഡാളസിന്റെ ആത്മീയ ചരിത്രത്തിൽ പുതിയൊരു അധ്യായം കുറിച്ചുകൊണ്ട് പ്രഥമ പെന്തക്കോസ്ത് സമ്മേളനം അനുഗ്രഹപൂർവ്വം സമാപിച്ചു. 62ലേറെ മലയാളി പെന്തക്കോസ്ത് സഭകളുള്ള ഡാളസിൽ, സഭകളുടെ ഐക്യവേദിയായ ഡാളസ് സിറ്റിവൈഡ് ഫെല്ലോഷിപ്പ് അതിന്റെ നാൽപ്പതാം വാർഷിക വേളയിലാണ് ആദ്യമായി സിറ്റിവൈഡ് കോൺഫറൻസ് സംഘടിപ്പിച്ചത്. സംഘാടകരുടെ പ്രതീക്ഷകൾക്കും അപ്പുറമായി വൻ ജനപങ്കാളിത്തമാണ് സമ്മേളനത്തിൽ അനുഭവപ്പെട്ടത്.

ഓഗസ്റ്റ് 21 വെള്ളിയാഴ്ച മുതൽ 23 ഞായറാഴ്ച വരെ മെസ്കീറ്റിലുള്ള ശാരോൺ ഇവന്റ് സെന്ററിലായിരുന്നു സമ്മേളനം.

വിവിധ യോഗങ്ങളിൽ പാസ്റ്റർ അനീഷ് കൊല്ലം, പാസ്റ്റർ ഡസ്റ്റി സ്മാൾ എന്നിവർ പ്രധാന സന്ദേശങ്ങൾ നൽകി. സഹോദരിമാരുടെ സെഷനിൽ സിസ്റ്റർ ശ്രീലേഖ, ഡോ.സൂസൻ തോമസ് എന്നിവർ വചനം പങ്കുവെച്ചു. പാസ്റ്റർമാരായ ജേക്കബ് മാത്യു, കെ. ജോയി, കോശി വൈദ്യൻ, എം. ജോൺസൺ, മാത്യു തോമസ്, ജോസഫ് ടി. ജോസഫ് എന്നിവർ വിവിധ സെഷനുകളിൽ പ്രസംഗിച്ചു. പാസ്റ്റർ മാത്യു സാമുവൽ കർത്തൃമേശയ്ക്ക് നേതൃത്വം നൽകി.

ഡോ. ടോം ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള സംഗീത ശുശ്രൂഷയും സിസ്റ്റർ അന്നമ്മ വില്യംസിന്റെ നേതൃത്വത്തിലുള്ള കയറിന്റെ ഗാനാലപവും ഉണ്ടായിരുന്നു.

ഡോ.തോമസ് ഇടിക്കുള, ഡോ.ബേബി വർഗീസ്, പാസ്റ്റർമാരായ ജോൺസൺ സഖറിയ, ജെയിംസ് വർഗീസ്, വി.പി. എബ്രഹാം എന്നിവർ വിവിധ യോഗങ്ങളിൽ അധ്യക്ഷത വഹിച്ചു. ഡിസിഎഫ് ചെയർമാൻ പാസ്റ്റർ തോമസ് മുല്ലയ്ക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി എസ്.പി.ജെയിംസ് നന്ദിയും ട്രഷറർ തോമസ് ചെല്ലേത്ത് സാമ്പത്തികകാര്യങ്ങളും നിർവ്വഹിച്ചു. ഹാർവെസ്റ്റ് ടിവി സ്ഥാപകൻ ബിബി ജോർജ് ചാക്കോ യോഗങ്ങൾ തത്സമയം സംപ്രേക്ഷണം ചെയ്തു. നാല്പതാം വാർഷികത്തോടനുബന്ധിച്ച് സിറ്റിവൈഡ് മുൻ ഭാരവാഹികളെ ഫലകം നൽകി ആദരിച്ചു. കൂടാതെ വേർസ്വ്യൂ സോഫ്റ്റ്‌വെയർ സ്ഥാപകൻ ബിനു ജോസഫിനേയും ആദരിച്ചു.

പാസ്റ്റർ തോമസ് മുല്ലയ്ക്കൽ (ചെയർമാൻ), ഡോ. തോമസ് ഇടിക്കുള (കോചെയർമാൻ), എസ്.പി. ജെയിംസ് (സെക്രട്ടറി), തോമസ് ചെല്ലേത്ത് (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

# നായർ ബെനവലന്റ് അസോസിയേഷൻ ഓണം ആഘോഷിച്ചു



**– ജയപ്രകാശ് നായർ**

ന്യൂയോർക്ക്: നായർ ബെനവലന്റ് അസോസിയേഷന്റെ 45ാമത് ഓണാഘോഷവും അതിനോടനുബന്ധിച്ചു പ്രസിദ്ധീകരിച്ച സുവനീറിന്റെ പ്രകാശന കർമ്മവും ആഗസ്റ്റ് 23ാം തീയതി ശനിയാഴ്ച് ക്വീൻസിലുള്ള വിരാജ് ഓഡിറ്റോറിയത്തിൽ വെച്ച് അതിവിപുലമായി ആഘോഷിച്ചു. ചടങ്ങിൽ ന്യൂയോർക്കിലെ രാഷ്ട്രീയ സാമൂദായിക നേതാക്കൾ, കലാസാംസ്കാരിക നേതാക്കൾ തുടങ്ങി നൂറുകണക്കിന് പേർപങ്കെടുത്തു. താലപ്പൊലിയേന്തിയ ബാലികമാരുടെയും, വാദ്യഘോഷങ്ങളുടെയും, നൂറു കണക്കിന് ആളുകളുടേയും അകമ്പടിയോടെ മഹാബലിയെ വരവേറ്റു. മഹാബലിയായി വേഷമിട്ടത് ഗിന്നസ് അവാർഡ് ജേതാവ് അപ്പുക്കുട്ടൻ പിള്ളയായിരുന്നു.

തുടർന്ന് മഹാബലിയുടെ ഓണാശംസകൾക്കു ശേഷം എൻബിഎയുടെ വനിതകൾ അവതരിപ്പിച്ച തിരുവാതിര എല്ലാവരെയും ആകർഷിച്ചു. ലോംഗ് ഐലന്റ് നാസ്സൗ കൗണ്ടി നോർത്ത് ഹെംഹസ്റ്റഡ് ടൗൺ എക്സിക്യൂട്ടീവ് രാഗിണി ശ്രീവാസ്തവ, ന്യൂയോർക്ക് ഇന്ത്യൻ കോൺസുലേറ്റ് അഡ്മിനിസ്ട്രേറ്റർ ശാന്തനു ശർമ്മ, സുപ്രീം കോടതി ജഡ്ജി രാജ രാജേശ്വരി, സ്വാമി ചിന്മയാനന്ദപുരി സ്ഥാപിച്ച സേജ് എന്ന ആത്മീയ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് രാജീവ് ഭാസ്കരൻ, ന്യൂയോർക്ക് സ്റ്റേറ്റ് അസ്സംബ്ലി പ്രതിനിധി കോശി തോമസ് എന്നീ വിശിഷ്ടാതിഥികൾ ചടങ്ങിൽ പങ്കെടുത്തു.

കുമാരി ദിവ്യ ശർമ്മ അമേരിക്കൻ ദേശീയ ഗാനമാലപിച്ചു. ദിവ്യ ശർമ്മയുടെ ഈശ്വര പ്രാർഥനയ്ക്കു ശേഷം എൻബിഎയുടെ പ്രഥമ വനിത വത്സ കൃഷ്ണ ഭദ്രദീപം കൊളുത്തി ചടങ്ങുകൾക്ക് ആരംഭം കുറിച്ചു.

പ്രസിഡന്റ് ക്രിസ് പിള്ള തോപ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം സെക്രട്ടറി രഘുവരൻ നായരുടെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ചു.

വിശിഷ്ഠാതിഥി രാഗിണി ശ്രീവാസ്തവയ്ക്ക് പബ്ലിക് സർവീസിനുള്ള പ്രത്യേക അവാർഡ് പ്രസിഡന്റ് ക്രിസ് പിള്ള തോപ്പിൽ സമ്മാനിച്ചു. പൊതു സമ്മേളനത്തിനു ശേഷം തൂശനിലയിൽ വിളമ്പിയ വിഭവസമൃദ്ധമായ ഓണസദ്യ എല്ലാവരും ആസ്വദിച്ചു.

ഉച്ചക്ക് ശേഷം നടന്ന കലാപരിപാടികൾ ആസൂത്രണം ചെയ്തത് കല മേനോൻ ആയിരുന്നു. ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർ വനജ നായർ എല്ലാവർക്കും ആശംസകൾ നേർന്നു. ട്രഷറർ പ്രദീപ് മേനോൻ കൃതജ്ഞത രേഖപ്പെടുത്തി.

വേദ ശബരിനാഥിന്റെ മോഹിനിയാട്ടത്തോടെ കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. നൂപുര ഡാൻസ് അക്കാദമി അവതരിപ്പിച്ച നൃത്തനൃത്യങ്ങൾ കാണികളുടെ മനസിന് കുളുർമയേകി. നേഹൽ ശബരിനാഥിന്റെ വയലിൻ കച്ചേരി, ശബരിനാഥിന്റെയും, രവി നായരുടെയും, പ്രഭാകരൻ നായരുടെയും ഇമ്പമാർന്ന ഗാനങ്ങൾ കാണികളെ ഹർഷപുളകിതരാക്കി. ദേശീയ ഗാനാലാപനത്തോടെ പരിപാടികൾ സമാപിച്ചു.

# കാനഡയിലെ മിൽട്ടണിൽ പൊന്നോണം

**– ഷിബു കിഴക്കേകുറ്റ്**




മിൽട്ടൺ: ജന്മനാടിന്റെ ഗൃഹാതുരത്വമുണർത്തിയും കേരളീയ പാരമ്പര്യത്തിന്റെ തനിമ കാത്തുസൂക്ഷിച്ചും കാനഡയിലെ മിൽട്ടണിലെ മലയാളി സുഹൃത്തുക്കൾ ഓണം ആഘോഷിച്ചു. ആഗസ്റ്റ് 22ന് ഹാൽട്ടൺ ഹിൽസിൽ മുരളിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആഘോഷം പൂക്കളവും ഓണക്കളികളും വിഭവസമൃദ്ധമായ ഓണസദ്യയും നടന്നു.

മിഥുൻ മുരളി, ബിജു പട്ടശ്ശേരിൽ എന്നിവർക്കൊപ്പം മറ്റ് മുപ്പതോളം പേരും ഒത്തുചേർന്നു. ജോലിത്തിരക്കുകൾക്കിടയിൽ സമയം കണ്ടെത്തിയെത്തിയ സുഹൃത്തുക്കൾക്ക് കേരളത്തിന്റെ ദേശീയോത്സവമായ ഓണം ജന്മനാടിന്റെ ഓർമകൾ പങ്കു വെക്കാനും സൗഹൃദങ്ങൾ പുതുക്കാനുമുള്ള അവസരമായി.

ആഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നായ ഓണപ്പൂക്കളം എല്ലാവരും ചേർന്നാണ് ഒരുക്കിയത്. തുടർന്ന് നടന്ന ഓണക്കളികൾ ആഘോഷത്തിന് ആവേശം പകർന്നു. വടംവലി, കസേരകളി, നാരങ്ങ സ്പൂൺ ഓട്ടം തുടങ്ങിയ മത്സരങ്ങളിൽ സുഹൃത്തുക്കൾ ഉത്സാഹത്തോടെ പങ്കെടുത്തു. പരസ്പരം പ്രോത്സാഹിപ്പിച്ചും കളിചിരികൾ പങ്കിട്ടും നടന്ന മത്സരങ്ങൾ ആഘോഷത്തിന്റെ മാറ്റുകൂട്ടി.

നാടിന്റെ രുചിയുമായി ഓണസദ്യയായിരുന്നു മറ്റൊരു പ്രധാന ആകർഷണം.

*"It was the best of times, it was the worst of times, it was the age of wisdom, it was the age of foolishness, it was the epoch of belief, it was the epoch of incredulity, it was the season of Light, it was the season of Darkness, it was the spring of hope, it was the winter of despair."*

-Charles Dickens, A Tale of Two Cities

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്റർ പ്രവർത്തന ഉദ്ഘാടനം ഫ്രാൻസിസ് ജോർജ് എം.പി. നിർവ്വഹിച്ചു




**– മാർട്ടിൻ വിലങ്ങോലിൽ**

ഡാളസ്: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്ററിന്റെ 2026ലെ പ്രവർത്തന ഉദ്ഘാടനം വിൻധാം ഡി.എഫ്.ഡബ്ല്യു. എയർപോർട്ട് ഹോട്ടൽ വേദിയിൽ നടന്നു. മാധ്യമ, സാംസ്കാരിക, സാമൂഹിക രംഗങ്ങളിലെ പ്രമുഖരും ജനപ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു.

കോട്ടയം എംപി കെ. ഫ്രാൻസിസ് ജോർജ് ഭദ്രദീപം കൊളുത്തി പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. രാഷ്ട്രനിർമാണത്തിൽ മാധ്യമങ്ങളുടെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ജനാധിപത്യം നിലനിൽക്കണമെങ്കിൽ സ്വതന്ത്ര മാധ്യമപ്രവർത്തനം അനിവാര്യമാണ്. ഏതു സർക്കാരായാലും ഭയപ്പെടുന്നത് മാധ്യമങ്ങളെ മാത്രമാണെന്നും, പ്രവാസി മലയാളികളുടെ ഉന്നമനത്തിനും മാധ്യമ മേഖലയിലെ ഗുണപരമായ മാറ്റങ്ങൾക്കും പ്രസ് ക്ലബ് നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ചാപ്റ്റർ പ്രസിഡന്റ് സജി സ്റ്റാർലൈൻ അധ്യക്ഷത വഹിച്ചു. വരാനിരിക്കുന്ന ഐ.പി.സി.എൻ.എ. ദേശീയ സമ്മേളനത്തിന്റെ മുന്നൊരുക്കങ്ങളെപ്പറ്റിയും പുതിയ വർഷത്തെ പദ്ധതികളെപ്പറ്റിയും സജി സ്റ്റാർലൈൻ വിശദീകരിച്ചു. ഡാളസ് ചാപ്റ്റർ സെക്രട്ടറി സുധ പ്ലാക്കാട്ട് സ്വാഗതം പറഞ്ഞു.

# ബഹിരാകാശത്ത് ആർത്തവത്തെക്കുറിച്ച് ആദ്യ ഗവേഷണം

**– പ്രസാദ് തീയാടിക്കൽ**

വാഷിങ്ടൺ: ബഹിരാകാശ ഗവേഷണ ചരിത്രത്തിൽ പുതിയ അധ്യായം കുറിക്കാൻ ഒരുങ്ങി രണ്ട് യുവ ഇന്ത്യൻ അമേരിക്കൻ ഗവേഷകർ. മഞ്ജു ബാംഗ്ലൂർ (28), പ്രിയ അബിറാം (22) എന്നിവർ 2027ൽ നടക്കാനിരിക്കുന്ന ഓപ്പറേഷൻ പീരിഡ് – 01 (ഒ.പി–01) ദൗത്യത്തിന് നേതൃത്വം നൽകും. ബഹിരാകാശത്തിലെ മൈക്രോഗ്രാവിറ്റി സാഹചര്യത്തിൽ സ്ത്രീകളുടെ ആർത്തവത്തെ നേരിട്ട് ശാസ്ത്രീയമായി അളന്ന് പഠിക്കുന്ന ആദ്യ സമർപ്പിത ബഹിരാകാശ ദൗത്യം എന്ന പ്രത്യേകതയാണ് ഇതിനുള്ളത്.

വെർജിൻ ഗാലറ്റിക്കിന്റെ സബ്ഓർബിറ്റൽ ബഹിരാകാശ യാത്രയിലായിരിക്കും ഗവേഷണം നടത്തുക. ലാഭേച്ഛയില്ലാത്ത സംഘടനയായ ഓപ്പറേഷൻ പിരീഡ് റെഡ് ഷിഫ്റ്റ് ലാബ് ആണ് ദൗത്യം വികസിപ്പിക്കുന്നത്.

നൂറിലധികം സ്ത്രീകൾ ഇതിനകം ബഹിരാകാശ യാത്ര നടത്തിയിട്ടുണ്ടെങ്കിലും, മൈക്രോഗ്രാവിറ്റിയിൽ ആർത്തവ സമയത്തെ ദ്രവങ്ങളുടെ സ്വഭാവം നേരിട്ട് അളന്ന് പഠിക്കുന്ന നിയന്ത്രിത ഗവേഷണം ഇതുവരെ നടന്നിട്ടില്ലെന്നാണ് ദൗത്യ സംഘാടകർ പറയുന്നത്. നിലവിലുള്ള അറിവിന്റെ വലിയൊരു ഭാഗവും ബഹിരാകാശ യാത്രികരുടെ അനുഭവങ്ങളും നിരീക്ഷണങ്ങളും അടിസ്ഥാനമാക്കിയുള്ളതാണ്.

ആർത്തവ രക്തത്തിന്റെ ഭൗതിക സ്വഭാവത്തോട് സാമ്യമുള്ള പ്രത്യേക ദ്രാവകം ഉപയോഗിച്ചായിരിക്കും ഒ.പി–01 പരീക്ഷണം. മൈക്രോഗ്രാവിറ്റിയിൽ ഈ ദ്രാവകം എങ്ങനെ സഞ്ചരിക്കുന്നു, ആർത്തവ ശുചിത്വ ഉൽപ്പന്നങ്ങൾ അത് എങ്ങനെ ആഗിരണം ചെയ്യുന്നു തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും പരിശോധിക്കുക.

ഭാവിയിൽ ചന്ദ്രനിലേക്കും ചൊവ്വയിലേക്കുമുള്ള ദീർഘകാല മനുഷ്യ ദൗത്യങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ സ്ത്രീകളുടെ പ്രത്യുത്പാദന ആരോഗ്യവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ കൂടുതൽ കൃത്യമായി മനസ്സിലാക്കാൻ ഈ പഠനം സഹായിക്കുമെന്നാണ് പ്രതീക്ഷ. ഭൂമിയിലെ ആർത്തവ ഉൽപ്പന്നങ്ങളുടെ പരിശോധനയും രൂപകൽപ്പനയും മെച്ചപ്പെടുത്തുന്നതിനും ഗവേഷണഫലങ്ങൾ പ്രയോജനപ്പെട്ടേക്കാം.

1983ൽ സാലി റൈഡ് ബഹിരാകാശത്തെത്തിയ ആദ്യ അമേരിക്കൻ വനിതയായതിന് നാല് പതിറ്റാണ്ടിലേറെ കഴിഞ്ഞിട്ടും സ്ത്രീകളുടെ ആർത്തവ ആരോഗ്യവുമായി ബന്ധപ്പെട്ട ബഹിരാകാശ ഗവേഷണത്തിൽ വലിയ വിടവ് തുടരുന്ന സാഹചര്യത്തിലാണ് ഒ.പി–01 ദൗത്യം ശ്രദ്ധേയമാകുന്നത്.

2027ലാണ് ഒ.പി–01 ദൗത്യം നടത്താൻ പദ്ധതിയിട്ടിരിക്കുന്നത്. എന്നാൽ കൃത്യമായ വിക്ഷേപണ തീയതി ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. ഗവേഷണ ഉപകരണങ്ങൾ, സഹകരിക്കുന്ന സ്ഥാപനങ്ങൾ, ദൗത്യത്തിന്റെ സമയക്രമം എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പിന്നീട് പുറത്തുവിടുമെന്നാണ് അധികൃതർ അറിയിച്ചിരിക്കുന്നത്.

# ഹൂസ്റ്റൺ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ ഓണാഘോഷം

**– ശങ്കരൻകുട്ടി, ഹൂസ്റ്റൻ**

ഹൂസ്റ്റൻ: 2026 ഓഗസ്റ്റ് 23–ാം തീയതി ഞായറാഴ്ച ഹൂസ്റ്റൻ റോസെൻബെർഗിലുള്ള എപിക് സെന്ററിൽ വച്ച് ശ്രീഗുരുവായൂരപ്പൻ ക്ഷേത്ര വിശ്വാസികൾ തിരുഓണം പ്രൗഢോജ്വലമായി ആഘോഷിക്കുകയുണ്ടായി. മാവേലിത്തമ്പുരാനെ സ്വീകരിക്കാനായി നാലായിരത്തിലധികം പ്രജകളാണ് എത്തിച്ചേർന്നത് താലപ്പൊലി, ചെണ്ടമേളം, കളരിപ്പയറ്റ്, മറ്റു വിവിധ ഇനം കലാരൂപങ്ങളുടെ അകമ്പടിയോടെയാണ് മഹാബലിയെ എതിരേറ്റത്.

ഇരുനൂറ്റി എഴുപതുപേർ ഒരേ വേഷത്തിൽ ഒരേ ഭാവത്തിൽ ഒരേ താളത്തിൽ ഒരേ അംഗചലനങ്ങളോടെ അവതരിപ്പിച്ച മെഗാ തിരുവാതിര വർണ്ണനാതീതമായിരുന്നു, തദവസരത്തിൽ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ മഞ്ജുനാഥ്, ജഡ്ജ് സുരേന്ദ്രൻപട്ടേൽ, പോലീസ് ഓഫീസർ മനോജ് പൂപ്പാറയിൽ, എന്നിവർ മുഖ്യ അഥിതികളായിരുന്നു. അമ്പലപ്പറമ്പിലെ വമ്പൻ കൃഷിത്തോട്ടത്തിലെ പച്ചക്കറി ഉപയോഗിച്ചുള്ള ക്ഷേത്ര പാചകശാലയിൽ ഒരുക്കിയ മുപ്പത്തിഅഞ്ചോളം വിഭവങ്ങളോട് കൂടിയുള്ള മെഗാ സദ്യയിൽ തൃശൂർ അമ്പിസ്വാമിയുടെ പാലടപ്രഥമനും ചേർന്ന് രുചിഭേദങ്ങളുടെ ഒരു മായാപ്രപഞ്ചം തന്നെ നാലായിരത്തി ഇരുനൂറോളം അതിഥികൾക്ക് ഓർമ്മയിൽ സൂക്ഷിക്കാൻ ക്ഷേത്രഭാരവാഹികൾ അവസരമൊരുക്കി. .

വിവിധ ഡാൻസ് സ്കൂളുകൾ അവതരിപ്പിച്ച നൃത്ത നൃത്യങ്ങൾ, ഗാനങ്ങൾ, സ്കിറ്റുകൾ മറ്റു കലാരൂപങ്ങൾ എന്നിവ ഓണാഘോഷത്തിന് മാറ്റ് കൂട്ടി. ക്ഷേത്രത്തോട് ചേർന്നുള്ള 8.5 മില്യൺ ഡോളർ വിലയുള്ള 8.5 ഏക്കർ സ്ഥലം മാധവൻപിള്ള സി.പി.എ ഹൂസ്റ്റൻ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിനു സംഭാവനയായി നൽകിയതായി രേഖാമൂലം അറിയിച്ചത് വൻ ജനാവലിയുടെ സന്തോഷത്തിനും പ്രശംസക്കും പാത്രീഭൂതമായി.

ആഘോഷവേളയിൽ സീനിയർ ലൈഫ് മെമ്പേഴ്സിനെ ജീവൻ സാധന പുരസ്കാരം നൽകി ആദരിക്കുകയും അവരുടെ സംഭാവനയെ ഓർമ്മപ്പെടുത്തുകയും ചെയ്തു. പ്രസിഡന്റ് ഡോ. രാമദാസ്, സുനിൽ നായർ, എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഈ ഓണാഘോഷം വൻ വിജയമാക്കിയ നല്ലവരായ എല്ലാ ഹൂസ്റ്റൺ നിവാസികൾക്കും ഭാരവാഹികൾ നിസ്സീമമായ നന്ദി രേഖപ്പെടുത്തിയതോടെ ഈ വർഷത്തെ ഓണാഘോഷത്തിന്റെ തിരശീലവീണു. ▶

# മാഗിന്റെ മെഗാ ഓണം ഹൂസ്റ്റണിൽ ചരിത്രം കുറിച്ച് കേരളത്തനിമയുടെ നിറവിൽ ആഘോഷപ്പൂരമായി



**– ജിൻസ് മാത്യു, റിവർസ്റ്റോൺ**

ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ (മാഗ്പ) റൂബി ജൂബിലി വർഷമായ 2026 ഹ്യൂസ്റ്റൺ മഹാ ഓണമായ മാഗ് മെഗാ ഓണം ജി.എസ്.എച്ച് സെന്ററിൽ കേരളത്തനിമയുടെ സമ്പൂർണ്ണ നിറവിൽ ആഘോഷപ്പൂരമായി കൊണ്ടാടി. പൊന്നിൻ ചിങ്ങമാസത്തിന്റെ വാരാന്ത്യ ശനിയാഴ്ച ജി.എസ്.എച്ച് സെന്ററിൽ നിറഞ്ഞ് നിന്ന രണ്ടായിരത്തോളം ജനങ്ങളെ സാക്ഷിയാക്കി കൊണ്ട് ഔദ്യോഗിക ഉദ്ഘാടനത്തിനായി ചീഫ് ഗസ്റ്റുകളെയും, മഹാബലിതമ്പുരാനെയും, മാഗ് പ്രസിഡന്റ് നേതൃത്വം കൊടുക്കുന്ന മാഗ് ഭാരവാഹികളെയും സ്വീകരിച്ച് കൊണ്ടുള്ള ഘോഷ യാത്ര ചെണ്ട മേളത്തിന്റെയും കേരള കലാരൂപങ്ങളുടെയും അകമ്പടിയോടെ ആരംഭിച്ചു.

മാഗ് പ്രസിഡന്റ് റോയി.സി. മാത്യുവിന്റെ അധ്യക്ഷതയിൽ ഓണാഘോഷത്തിന് ഭദ്രദീപം തെളിഞ്ഞു. കോൺസിലേറ്റ് കൗൺസിൽ ഓഫ് ഇൻഡ്യാ കോൺസുൽ അഞ്ചു മാലിക്ക്, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഫോർട്ട് ബെൻഡ് ഡിസ്ട്രിക്ക് ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, ജഡ്ജ് ജൂലി മാത്യു, അസോസിയേറ്റ് ജഡ്ജ് ജെറ്റി ഏബ്രഹാം, സ്റ്റേറ്റ് റെപ്രസന്റേറ്റീവ് ഡോ.സുലിമാൻ ലലാനി, ക്യാപ്റ്റൻ മനോജ് കുമാർ പൂപ്പാറയിൽ, ട്രസ്റ്റി ബോർഡ് ചെയർമാൻ ജോജി ജോസഫ്, ബിൽഡിങ്ങ് കമ്മിറ്റി ചെയർമാൻ ശശിധരൻ നായർ, ടൈറ്റിൽ സ്പോൺസർ ഒനിയൽ കുറുപ്പ് കാരാവല്ലി ക്യാപ്പിറ്റൽ ആൻഡ് വെന്റർ, നിക്ക് ധനാനി മാഗ് സെക്രട്ടറി വിനോദ് ചെറിയാൻ, ഓണം പോഗ്രം കോ ഓർഡിനേറ്റർ ഷിനു ഏബ്രഹാം, മാഗ് ഡയക്ടർ ബോർഡ് മെമ്പേഴ്സ് എന്നിവർ പങ്കെടുത്തു. മാഗ് സെക്രട്ടറി വിനോദ് ചെറിയാൻ സ്വാഗതവും ട്രഷറർ സുനിൽ തങ്കപ്പൻ കൃതജ്ഞതയും പറഞ്ഞു. പൊതു സമ്മേളനത്തിന് ശേഷം 200ൽ പരം ടാലന്റഡ് മാഗ് മെമ്പേഴ്സായ കലാകാരന്മാരുടെ 45ൽപ്പരം നാട്യ, നൃത്ത, സംഗീത കലാ പരിപാടികൾ അരങ്ങേറി.

മെഗാ തിരുവാതിര, മോഹിനിയാട്ടം, കഥകളി, തെയ്യം, നെസാ ഡാൻസ്, ഓണപ്പാട്ടുകൾ, നാടോടി നൃത്തങ്ങൾ എന്നിവ കാണികളിൽ വിസ്മയം തീർത്തു. അതി വിശാലമായ ഹാളിൽ പോഗ്രാം നടക്കുന്നതിനോടൊപ്പം ഒരെ സമയം 500ൽപ്പരം പേർക്ക് ഓണസദ്യ വിളമ്പുന്നതിനുമുള്ള സൗകര്യവും ഉണ്ടായിരുന്നു.

അപ്പനാ ബസാർ ഗ്രോസറി ആൻഡ് കാറ്ററിംഗിന്റെ ഏറെ രുചികരമായ ഓണ സദ്യ നാല് തവണയായി മാഗ് വോളണ്ടിയേഴ്സ് വിളമ്പി. കലാപരികൾക്ക് ഇടയിൽ മാഗ് ഏർപ്പെടുത്തിയ അവാർഡുകളും, മെഡലുകളും കാഷ് അവാർഡുകളും, കാണികൾക്കുള്ളഅവാർഡുകളും, കാണികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. അത്ത ദിനത്തിൽ കേരള ഹൗസിൽ നടത്തിയ മെഗാ ഓണം കിക്ക് ഓഫായ അത്തതിളക്കത്തിലെ കബഡികളി, ഉറിയടി, കുടം തല്ലിപൊട്ടിക്കൽ, വടംവലി എന്നിവയുടെ സമ്മാനങ്ങൾ നൽകി.

മാഗ് സൗജന്യമായി 110 വിദ്യാർത്ഥികൾക്കായി നടത്തുന്ന മലയാളം ക്ലാസ് കോഓർഡിനേറ്റേഴ്സ് അജി കോട്ടയിൽ, ഏബ്രഹാം ഈപ്പൻ, അധ്യാപകരായ ഷീബാ റോയി, അമ്പിളി ആന്റണി എന്നിവരെ ആദരിച്ചു.

കലാരംഗത്തെ മികവിന് ഡോ. സുനന്ദാ നായരെയും അഡ്വഞ്ചർ രംഗത്തെ നേട്ടത്തിന് നിയോൺ ജോസിനെയും, മാഗിലെ സേവനത്തെ മുൻ നിർത്തി പ്രാരംഭ അംഗം മാത്യു മത്തായിയെയും, മാഗ് പ്രോറ്റി മാനെജ്മെന്റിന് മോൻസി കുര്യാക്കോസിനേയും ഓണം പ്രോഗ്രാം കൺവീനർ രേഷ്മാ വിനോദിനെയും ആദരിച്ചു. മാഗ് ഏർപ്പെടുത്തിയ കർഷകശ്രീ അവാർഡുകൾ ജോർജ് ഈശൊ, കുര്യൻ തോമസ്, സൈമൺ ലൂക്ക്, റോബി ഫിലിപ്പ് എന്നിവർക്ക് ലഭിച്ചു.

രേഷ്മാ വിനോദ്, ഡോ.സുബിൻ ബാലകൃഷ്ണൻ, അമ്പിളി ആന്റണി എന്നിവർ അവതാരകരായിരുന്നു. ഭാരവാഹികളായ സന്തോഷ് ആറ്റുപുറം, ജീവൻ സൈമൺ, ജിൻസ് മാത്യു, ബിജു ശിവൻ, സാജൻ ജോൺ, ബെനിജാ ചെറു, ഡെനീസ് മാത്യു, മൈക്കിൾ ജോയി എന്നിവർ നേതൃത്വം നൽകി.



ഹൂസ്റ്റൺ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ നടന്ന ഓണാഘോഷത്തിൽ നിന്നും

# ചൈനീസ് റോബോട്ട് പുതിയ 400 മീറ്റർ ലോക റെക്കോർഡ് തകർത്തു

**- പി. പി ചെറിയാൻ**



ബീജിംഗ്: ചൈനയിൽ നടന്ന ലോക ഹ്യൂമനോയിഡ് റോബോട്ട് മത്സരത്തിൽ, ടിയാൻഗോങ് അൾട്രാ ബീജിംഗ് ഹ്യൂമനോയിഡ് റോബോട്ട് ഇന്നൊവേഷൻ സെന്റർ വികസിപ്പിച്ച ചൈനീസ് നിർമ്മിത ടിയാൻഗോങ് അൾട്രാഎന്ന റോബോട്ട് 400 മീറ്റർ ഓട്ടം 38.16 സെക്കൻഡിൽ പൂർത്തിയാക്കി മനുഷ്യന്റെ ലോക റെക്കോർഡ് തകർത്തു. ദക്ഷിണാഫ്രിക്കൻ അത്‌ലറ്റ് വെയ്ഡ് വാൻ നീക്കെർക്ക് 2016ലെ റിയോ ഒളിമ്പിക്സിൽ സ്ഥാപിച്ച 43.03 സെക്കൻഡ് എന്ന റെക്കോർഡാണ് ഈ റോബോട്ട് മറികടന്നത്.

ലൈറ്റ്നിങ്എന്ന റോബോട്ട് ഉസൈൻ ബോൾട്ടിന്റെ 100 മീറ്റർ റെക്കോർഡും (9.58 സെക്കൻഡ്) 9.39 സെക്കൻഡിൽ മറികടന്നു. ഹൈജമ്പിൽ ഒരു റോബോട്ട് 2.88 മീറ്റർ ചാടി മറ്റൊരു റെക്കോർഡും കുറിച്ചു.

റോബോട്ടിക് സാങ്കേതികവിദ്യയിൽ ആഗോളതലത്തിൽ ഒന്നാമതെത്തുക എന്ന ലക്ഷ്യത്തോടെയാണ് ചൈന ഇത്തരം മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

# ഡാലസിൽ രാജ്യാന്തര 56 ചീട്ടുകളി മത്സരം: ഒന്നാം സമ്മാനം 4500 ഡോളർ; 85ലേറെ ടീമുകൾ അണിനിരക്കും

**- മാർട്ടിൻ വിലങ്ങോലിൽ**

ഡാലസ്: ലോകമെമ്പാടുമുള്ള മലയാളി പ്രവാസികളുടെ ഏറ്റവും വലിയ സാംസ്കാരികസൗഹൃദ കൂട്ടായ്മയായ രാജ്യാന്തര 56 ചീട്ടുകളി മത്സരത്തിന്റെ 27മത് എഡിഷന് ഡാലസ് വേദിയാകുന്നു. ഡാലസ് ക്രിസ്റ്റ് ദി കിംഗ് ക്നാനായ പള്ളി പാരീഷ് ഹാളിൽ സെപ്റ്റംബർ 18 മുതൽ മത്സരങ്ങൾ അരങ്ങേറുന്നത്.

4500 ഡോളറിന്റെ (ഏകദേശം 3.75 ലക്ഷത്തിലേറെ രൂപ) ഒന്നാം സമ്മാനവും ആകർഷകമായ ട്രോഫിയുമാണ് വിജയികളെ കാത്തിരിക്കുന്നത്. രണ്ടാം സമ്മാനം നേടുന്ന ടീമിന് 3000 ഡോളറും, മൂന്നാം സമ്മാനമായി 2250 ഡോളറും (കിയാ ഇമ്പോർട്സ് സ്പോൺസർ ചെയ്യുന്നത്), നാലാം സമ്മാനമായി 1500 ഡോളറും (ജോസഫ് മുല്ലപ്പള്ളിൽ സ്പോൺസർ ചെയ്യുന്നത്) നൽകും.

തുടക്കം 16 ടീമുകളിൽ നിന്ന്; ഇന്ന് 85ലേറെ സംഘങ്ങൾ 1999ൽ ഡിട്രോയിറ്റിൽ വെറും 16 ടീമുകളുമായി ആരംഭിച്ച ഈ ബൗദ്ധിക വിനോദ മത്സരം, 26 വർഷങ്ങൾ പിന്നിടുമ്പോൾ 85ലധികം ടീമുകൾ പങ്കെടുക്കുന്ന വൻ മാമാങ്കമായി വളർന്നു കഴിഞ്ഞു. അമേരിക്കയിലെ

ന്യൂയോർക്ക്, ന്യൂജേഴ്സി, ചിക്കാഗോ, ഹൂസ്റ്റൺ, ഫ്ലോറിഡ, കാലിഫോർണിയ ഉൾപ്പെടെ കാനഡ, ദുബായ്, ജർമ്മനി, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രഗത്ഭരായ കളിക്കാരും മത്സരത്തിൽ മാറ്റുരയ്ക്കും.

യൂറോപ്യൻ ചീട്ടുകളിയായയയാസ്വിഭാഗത്തിൽപ്പെടുന്നതും കേരളീയർക്കിടയിൽ ഏറെ ജനപ്രിയവുമായ56 (അമ്പത്തിയാറ്), കളിയിലെ തന്ത്രങ്ങളും വേഗത്തിലുള്ള തീരുമാനങ്ങളും ഏകാഗ്രതയും കൊണ്ട് ശ്രദ്ധേയമായ ഒരു ബൗദ്ധിക വിനോദമാണ്. പ്രവാസി മലയാളി സംഘടനകൾ തമ്മിലുള്ള സൗഹൃദം പുതുക്കാനും ആശയവിനിമയം സാധ്യമാക്കാനുമാണ് ഈ കൂട്ടായ്മ ലക്ഷ്യമിടുന്നത്. സെപ്റ്റംബർ 17 വ്യാഴാഴ്ച നടക്കുന്ന മീറ്റ് ആന്റ് ഗ്രീറ്റ് ചടങ്ങോടെയാണ് ടൂർണമെന്റിന് ഔദ്യോഗിക തുടക്കമാകുന്നത്.

ടൂർണമെന്റിലേക്കുള്ള ടീമുകളുടെ രജിസ്ട്രേഷൻ തുടരുന്നു.

ഷിബു ജെയിംസ് (ടൂർണമെന്റ് കോർഡിനേറ്റർ 469 774 3339) എന്നിവർ ഡാളസ് ടൂർണമെന്റ് കോഓർഡിനേറ്റർമാരായും, ഷാജി പഴുക്കായിൽ (ചെയർ പേഴ്സൺ 972 768 1454), മാത്യു ചെരുവിൽ (ചെയർപേഴ്സൺ, ഡിട്രോയിറ്റ് 586 2066164), കുര്യൻ നെല്ലാമറ്റം (വൈസ് ചെയർമാൻ, ചിക്കാഗോ 630 6649405), സാം ജെ. മാത്യു (കാനഡ), രാജൻ മാത്യു (ഡാളസ് 469 8552733), നിതിൻ ഇ ഢപ്പൻ (കണക്റ്റിക്കട്ട്), സാബു സ്കറിയ (ഫിലഡൽഫിയ) കോർഡിനേറ്റർമാരായും പ്രവർത്തിക്കുന്നു.

| | |
|---|---|
| 2 September | World Coconut Day |
| 3 Sept | Skyscraper Day |
| 5 Sept | International Day of Charity |
| 5 Sept | Teachers' Day (India) |
| 7 Sept | Brazilian Independence Day |

# കെ.സി.എസ് ഷിക്കാഗോയുടെ ഓണം ആഘോഷിച്ചു




ഡെസ് പ്ലെയിൻസ്, ഇല്ലിനോയിസ് : കെ.സി.എസ് ഷിക്കാഗോയുടെ ആഭിമുഖ്യത്തിൽ ഓണം 2026 അതീവ ആഘോഷപൂർവ്വം ഡെസ് പ്ലെയിൻസിലെ ക്നാനായ സെന്ററിൽ സംഘടിപ്പിച്ചു. 500ലധികം ക്നാനായ അംഗങ്ങളും കുടുംബങ്ങളും പങ്കെടുത്ത ആഘോഷം പാരമ്പര്യവും സംസ്കാരവും സംഗീതവും സൗഹൃദവും ഒത്തുചേർന്ന മനോഹരമായ ഒരു സായാഹ്നമായി മാറി.

പരമ്പരാഗതമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. തുടർന്ന് മാവേലിയുടെ നേതൃത്വത്തിൽ വർണ്ണാഭമായ ഓണഘോഷയാത്ര നടന്നു. ഗ്ഗ്ഗഡ വനിതാ ഫോറം എക്സിക്യൂട്ടീവ് അംഗങ്ങളായ ഷാനിൽ വെട്ടിക്കാട്ട്, ജിനു നെടിയകാലായിൽ, ജെയ്ൻ മുണ്ടപ്ലാക്കിൽ, മന്നു തിരുനെല്ലിപ്പറമ്പിൽ, ഡെന്നി തുരുത്തുവേലിൽ എന്നിവരുടെ നേതൃത്വത്തിൽ താലപ്പൊലിയും മുത്തുക്കുടയും ഉൾപ്പെടുത്തി ഘോഷയാത്രയെ കൂടുതൽ ആകർഷകമാക്കി. ജിനോയ് കവലക്കൽ നേതൃത്വം കൊടുത്ത ചിക്കാഗോ ചെണ്ട ക്ലബ്ബിന്റെ ചെണ്ട മേളവും ഓണാഘോഷങ്ങൾക്ക് കൂടുതൽ മിഴിവേകി.

തുടർന്ന് വനിതാ ഫോറം അംഗങ്ങൾ അവതരിപ്പിച്ച മനോഹരമായ തിരുവാതിരക്കളി ആഘോഷത്തിന് കൂടുതൽ മാറ്റുകൂട്ടി. വനിതാ ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുക്കിയ മനോഹരമായ പൂക്കളം ഓണാഘോഷത്തിന്റെ പാരമ്പര്യ ഭംഗി വർധിപ്പിക്കുകയും, പങ്കെടുത്തവർക്ക് പൂക്കളത്തോടൊപ്പം മനോഹരമായ ചിത്രങ്ങൾ പകർത്താനുള്ള അവസരം ഒരുക്കുകയും ചെയ്തു.

പ്രത്യേക ഫോട്ടോബൂത്ത് കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിച്ചു. പ്രശസ്ത ഗായകൻ ചാൾസ് ആലപിച്ച മനോഹരമായ ഗാനങ്ങൾ ആഘോഷത്തിന് കൂടുതൽ ആവേശവും സന്തോഷവും പകർന്നു.

സെക്രട്ടറി ഷാജി പള്ളിവീട്ടിൽ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ജോസ് അനാമല, കെസിസിഎൻഎ സെക്രട്ടറി വിപിൻ ചാലുങ്കൽ, റീജിയണൽ വൈസ് പ്രസിഡന്റ് ബാബു തൈപ്പറമ്പിൽ, ലെയ്സൺ ബോർഡ് ചെയർമാൻ ടെഡി മുഴയൻമാക്കൽ എന്നിവർ ആശംസകൾ നേർന്നു. ഗ്ഗ്ഗഡ ട്രഷറർ ടീന നെടുവമ്പുഴ പരിപാടിയുടെ മാസ്റ്റർ ഓഫ് സെറിമണിയായി പ്രവർത്തിച്ചു. കെസിസിഎൻഎ റീജിയണൽ വൈസ് പ്രസിഡന്റ് അനിത പണയപ്പറമ്പിൽ, ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാൻ സിജോ പുളിയോർകുന്നേൽ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

മുൻ പ്രസിഡന്റ് ജോൺ ഏലക്കാട്ട് ആഘോഷ പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു.

ക്നാനായ സമൂഹത്തിലെ ആദരിച്ചു. ഒന്നാം സ്ഥാനത്തിന് ജിജി പള്ളിവീട്ടിൽ & ബേബി തട്ടാമറ്റം, രണ്ടാം സ്ഥാനത്തിന് ബെന്നി നല്ലുവീട്ടിൽ & ബെന്നി ആലക്കൽ, മൂന്നാം സ്ഥാനത്തിന് മിഥിൻ & ബ്ലെസ്സി ചിറക്കപ്പറമ്പിൽ എന്നിവർ അർഹരായി.

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസ് ഓണാഘോഷം



**- അനശ്വർ മാംമ്പിള്ളി**

ഡാളസ്: ഡാളസിലെ മലയാളി മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസിന്റെ ഓണാഘോഷ പരിപാടികൾ ആഗസ്റ് 27നു വൈകീട്ട് ഇർവിങ്ങിലുള്ള ചാക്കോസ് ബംഗ്ലാവിൽ നടന്നു. ജനാധിപത്യത്തിന്റെ നാലാം തൂണായി പ്രവർത്തിക്കുന്ന ഐ.പി. സി.എൻ .ടിയുടെ ആഘോഷങ്ങളിൽ ഡാളസ്, ഇർവിങ് മേഖലകളിൽ നിന്നുള്ള നിരവധി പ്രമുഖർ പങ്കെടുത്തു.

ഐ.പി.സി.എൻ.ടി.പ്രസിഡന്റ് സണ്ണി മാളിയേക്ക ൽ അധ്യക്ഷത വഹിക്കുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത മുതിർന്ന അമേരിക്കൻ മലയാളി കമാൻഡർ വർഗീസ് ചാമത്തിൽ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും സംഘടനയുടെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ച് ആശംസകൾ നേർന്നു സംസാരിക്കുകയും ചെയ്തു.

പി.പി. ചെറിയാൻ, തോമസ് ചിറമേൽ, അഞ്ജു ബിജിലി, ബിജിലി ജോർജ്, ലാലി ജോസഫ്, ടി. സി. ചാക്കോ, ചലച്ചിത്ര സംവിധായകൻ ഷാജി എം തുടങ്ങി സംഘടനയുടെ പ്രമുഖ ഭാരവാഹികളും അംഗങ്ങളും ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകി.

മാധ്യമമൂല്യങ്ങളും സൗഹൃദബന്ധങ്ങളും പുതുക്കിയ ചടങ്ങിൽ വിവിധ കലാപരിപാടികളും പരമ്പരാഗത രീതിയിലുള്ള വിഭവസമൃദ്ധമായ ഓണസദ്യയും ഒരുക്കിയിരുന്നു. ഡാളസിലെ മലയാളി സമൂഹത്തിനിടയിൽ മാധ്യമ പ്രവർത്തനത്തോടൊപ്പം സംഘടനയുടെ ജീവകാരുണ്യസാമൂഹിക പ്രവർത്തനങ്ങൾ വരുംദിവസങ്ങളിൽ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകുമെന്ന് ഭാരവാഹികൾ വ്യക്തമാക്കി.

## ഡാളസ് മാർത്തോമാ സമൂഹത്തെ പ്രശംസിച്ച് റൈറ്റ് റവ.ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ



– ബാബു പി. സൈമൺ, ഡാളസ്

ഡാളസ്: ഡാളസ് മാർത്തോമാ സമൂഹത്തിന്റെ ഐക്യത്തിലും സ്നേഹത്തിലും സന്തോഷം പ്രകടിപ്പിച്ച് നോർത്ത് അമേരിക്കൻ ഭദ്രാസനാധിപൻ റൈറ്റ് റെവ. ഡോ. എബ്രഹാം മാർ പൗലോസ് തിരുമേനി.

പതിനെട്ടാമത് സന്നദ്ധ സുവിശേഷ സംഘം കോൺഫറൻസിന്റെ സമാപന ദിവസം നടന്ന ആരാധനാമധ്യേ സംസാരിക്കുകയായിരുന്നു തിരുമേനി.

ഡാളസ് മണ്ണിൽ മാർത്തോമാ സഭയുടെ സാന്നിധ്യം അമ്പതാം വർഷത്തിലേക്ക് പ്രവേശിക്കുന്ന വേളയിൽ, ഓഗസ്റ്റ് 23ന് നടന്ന സംയുക്ത വിശുദ്ധ കുർബാന സഭയുടെ വളർച്ചയുടെയും ആത്മീയ ഉണർവ്വിന്റെയും വിളംബരമായി മാറി. ഡാളസ് സെന്റർ എയിൽ ഉൾപ്പെട്ട ഇടവകകളിൽ നിന്നും വികാരിമാരുടെ നേതൃത്വത്തിൽ ആയിരത്തിലധികം വിശ്വാസികളാണ് ഭക്തിസാന്ദ്രമായ ശുശ്രൂഷകളിൽ പങ്കുചേർന്നത്.

ഡാളസിലെ വിശ്വാസി സമൂഹം ഒരു മനസ്സോടെ ദൈവത്തെ ആരാധിക്കാൻ ഒത്തുചേർന്നത്, പ്രത്യേകിച്ച് തന്റെ ജന്മദിനത്തിനോടനുബന്ധിച്ചുള്ള ഈ ദിവസങ്ങളിൽ, ഭദ്രാസനാധിപൻ എന്ന നിലയിൽ തനിക്ക് ലഭിച്ച ഏറ്റവും വലിയതും അർത്ഥപൂർണ്ണവുമായ സമ്മാനമാണെന്ന് തിരുമേനി തന്റെ സന്ദേശത്തിൽ വികാരനിർഭരമായി പങ്കുവെച്ചു. നേതൃത്വം നൽകിയ എല്ലാ വികാരിമാർക്കും ഇടവക ചുമതലക്കാർക്കും തിരുമേനി പ്രത്യേക നന്ദി രേഖപ്പെടുത്തി.

ആരാധനയിലെ യുവജനങ്ങളുടെ സജീവ പങ്കാളിത്തവും സമർപ്പണവും ഏറെ ശ്രദ്ധേയമായി. ശുശ്രൂഷകളിൽ സഹായിക്കാൻ പ്രത്യേക പരിശീലനം ലഭിച്ച അൾത്താര ബാലന്മാരുടെ സജീവ സാന്നിധ്യത്തെ തിരുമേനി പ്രശംസിച്ചു. അമേരിക്കയിൽ ജനിച്ചുവളർന്ന പുതുതലമുറ സഭയുടെ ആത്മീയ നേതൃത്വത്തിലേക്കും ശുശ്രൂഷകളിലേക്കും കടന്നുവരുന്നത് മാർത്തോമാ സഭയുടെ ഭാവിക്ക് വലിയ പ്രത്യാശ പകരുന്നതാണെന്ന് തിരുമേനി ചൂണ്ടിക്കാട്ടി. ആരാധനയ്ക്കു ശേഷം നടന്ന അൾത്താര ബാലന്മാരുടെ സംഗമം തങ്ങൾക്ക് വേറിട്ടൊരു അനുഭവമായിരുന്നു എന്ന് പങ്കെടുത്ത യുവജനങ്ങൾ അഭിപ്രായപ്പെട്ടു.

ഡാളസ് മാർത്തോമാ വിശ്വാസ സമൂഹത്തിന് നന്മകളും പ്രാർത്ഥനാശംസകളും നേർന്ന തിരുമേനി, ഭദ്രാസനത്തിന്റെ എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്തുകൊണ്ടാണ് സന്ദേശം ഉപസംഹരിച്ചത്

## മജീഷ്യൻ മുതുകാടിന്റെ ന്യൂയോർക്ക് പ്രകടന വേദിയിൽ മാന്ത്രികൻ ടോണി ഹസ്സിനി പങ്കെടുക്കുന്നു

– മാത്യുക്കുട്ടി ഈശോ





ന്യൂയോർക്ക്: എൻഡോസൾഫാൻ ബാധിതരായ ഭിന്നശേഷിക്കാരുടെയും മറ്റ് ഭിന്നശേഷി കുട്ടികളുടേയും ഉന്നമനത്തിനും പുനരധിവാസത്തിനുമായി മജീഷ്യൻ പ്രൊഫ. ഗോപിനാഥ് മുതുകാടിന്റെ ഡിഫറൻറ് ആർട്സ് സെന്റർ കാസർഗോഡ് ആരംഭിക്കുന്ന പുതിയ പ്രൊജക്ടിന്റെ ധനശേഖരണാർധം നടത്തുന്ന എംക്യൂബ് മാജിക്മെലഡിമിഷൻ സ്റ്റേജ് പ്രോഗ്രാം ന്യൂയോർക്ക് ക്വീൻസ്ബൊറോ കമ്മ്യൂണിറ്റി കോളേജ് ഓഡിറ്റോറിയത്തിൽ സെപ്റ്റംബർ 6 ഞായറാഴ്ച വൈകിട്ട് 5:30ന് അരങ്ങേറുന്നു. സ്റ്റേജ് ഷോ പരിപാടിയിൽ പങ്കെടുക്കുന്നതിന് ലോക പ്രശസ്ത മാന്ത്രികനും ഇന്റർനാഷണൽ മജിഷ്യൻസ് സൊസൈറ്റി സ്ഥാപകനുമായ ▶ 8

## കേരളത്തിന്റെ വികസന പ്രയാണത്തിൽ പ്രവാസികളുടെ സംഭാവന വലുത്: ഫ്രാൻസിസ് ജോർജ് എം.പി




– മാർട്ടിൻ വിലങ്ങോലിൽ

ഡാലസ്: വർണ്ണാഭമായ സാംസ്കാരിക പരിപാടികളോടെയും തനിമയാർന്ന കലാരൂപങ്ങളോടെയും ഡാലസ് മലയാളി അസോസിയേഷൻ സംഘടിപ്പിച്ച ഓണാഘോഷ മാമാങ്കം ശ്രദ്ധേയമായി. അഞ്ഞൂറിലധികം പ്രവാസി മലയാളികൾ പങ്കെടുത്ത ആഘോഷ പരിപാടികൾ നാടിന്റെ ഓർമ്മ പുതുക്കുന്ന ആവേശോജ്ജ്വല അനുഭവമായി മാറി.

ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് പരമ്പരാഗത ശൈലിയിലുള്ള ചെണ്ടമേളവും താലപ്പൊലിയും വിശിഷ്ടാതിഥികളെ വേദിയേക്ക് ആനയിച്ചു. തുടർന്ന് ജൂഡി സ്വാഗതം ആശംസിച്ചു. ചടങ്ങിൽ മുഖ്യാതിഥി ഫ്രാൻസിസ് ജോർജ് എം.പി, വിശിഷ്ടാതിഥി ഷിജു അബ്രഹാം (കേരളം അസോസിയേഷൻ ഡാളസ്, പ്രസിഡന്റ്), ഭാരവാഹികളായ ബിജു ലോസൺ, ജൂഡി ജോസ്, ഷാജി ആലപ്പാട്ട് എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ചുകൊണ്ട് ഓണാഘോഷങ്ങൾക്ക് ഔദ്യോഗിക തുടക്കം കുറിച്ചു.

പാർലമെന്റ് അംഗം ഫ്രാൻസിസ് ജോർജ് എം.പി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു ഓണസന്ദേശം നൽകി. കേരളത്തിന്റെ മുന്നോട്ടുള്ള പോക്കിൽ പ്രവാസികളായ മലയാളികളുടെ സംഭാവന വളരെ വലുതാണെന്ന് അദ്ദേഹം പറഞ്ഞു. പ്രവാസികൾ നാട്ടിലേക്ക് അയക്കുന്ന പണം ശരിയായ രീതിയിൽ ഉപയോഗിക്കാൻ കൃത്യമായ പദ്ധതികൾ ഉണ്ടാകണം.

പുതിയ തലമുറയെ നാടുമായി ബന്ധപ്പിച്ചു നിർത്താൻ അസോസിയേഷനുകൾക്ക് വലിയ പങ്കുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഡി.എം.എ പോലുള്ള സംഘടനകൾക്ക് ഇത്തരം നല്ല കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നും, ലോകമെമ്പാടുമുള്ള മലയാളികളുടെ ദേശീയ ഉത്സവമായ ഓണ നാളുകളിൽ സംഘടനാ വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരള അസോസിയേഷൻ ഓഫ് ഡാലസ് പ്രസിഡന്റ് ഷിജു അബ്രഹാം വിശിഷ്ടാതിഥിയായി ചടങ്ങിൽ സംസാരിച്ചു. ഭാരവാഹികളായ ബിജു ലോസൺ, ജൂഡി ജോസ്, ഷാജി ആലപ്പാട്ട് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

അസോസിയേഷൻ ബോർഡ് ഡയറക്ടർ ബിനോയ് സെബാസ്റ്റ്യൻ ചടങ്ങിൽ സംസാരിച്ചു. ചടങ്ങിൽ വെച്ച് പുതിയ ദേശീയ കമ്മിറ്റി അംഗങ്ങളായ വൈസ് പ്രസിഡന്റ് ഇലക്ട്, ആർ.വി.പി ഇലക്ട് ജൂഡി ജോസ്, നാഷണൽ കമ്മിറ്റി മെമ്പർ ഇലക്ട് ഷെല്ലി തോമസ് എന്നിവരെ ആദരിക്കുകയും ബിജു ലോസൺ ആശംസകൾ അറിയിക്കുകയും ചെയ്തു. ഡെക്സ്റ്റർ ഫെരേര, മധു ജോസഫ്, സൈജു അത്തിക്കളം, ഫ്രാൻസിസ് സെബാസ്റ്റ്യൻ, സാജു കുര്യൻ തുടങ്ങിയവരും ചടങ്ങുകൾക്ക് നേതൃത്വം നൽകി.

പൊതുസമ്മേളനത്തിന് ശേഷം തൂശനിലയിൽ വിളമ്പിയ പാരമ്പര്യഗത വിഭവസമൃദ്ധമായ ഓണസദ്യ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. പ്രവാസി പ്രതിഭകൾ അണിനിരന്ന വൈവിധ്യമാർന്ന കലാപരിപാടികളോടെയാണ് സാംസ്കാരിക സന്ധ്യ അരങ്ങേറിയത്. മിനി ടീച്ചറുടെ ശിഷ്യർ അവതരിപ്പിച്ച മോഹിനിയാട്ടം, അബിഗെയിലിന്റെ ഓണപ്പാട്ട്, കവിതയും സംഘവും അവതരിപ്പിച്ച തിരുവാതിര, ടീം ലയം അവതരിപ്പിച്ച സെമി ക്ലാസിക്കൽ സിനിമാറ്റിക് ഡാൻസ് എന്നിവ സദസ്സിന്റെ മനം കവർന്നു.

ലോസൺ ഗേൾസ് (അബിഗെയിൽ, ആനബെൽ, ആഡലിൻ, പ്രിസില്ല), സൗമ്യ & മൈറ കൂട്ടുകെട്ടിലെ ഓണം ഡാൻസ് എന്നിവയ്ക്കൊപ്പം സിയാന & ഇസാന എന്നിവരുടെ പരിപാടികളും ആലിഷ ഷാജിൻ, ടോം ജോർജ്ജ് എന്നിവരുടെ ഗാനമേളയും ഓണാഘോഷത്തിന് മാറ്റുകൂട്ടി.

തുടർന്ന് ജോബി പാലാ അവതരിപ്പിച്ച സ്കിറ്റും സ്റ്റാൻഡ്അപ്പ് കോമഡിയും സദസ്യരെ ചിരിയുടെ പുതിയ ലോകത്തേക്ക് നയിച്ചു. പ്രോഗ്രാം കോഓർഡിനേറ്റർ ഷാജി ആലപ്പാട്ട് നന്ദി രേഖപ്പെടുത്തി. ആഘോഷങ്ങൾക്ക് ആവേശം പകർന്നു കൊണ്ട് നടന്ന ഓപ്പൺ മൈക്കും ഡാലസ് ഫാൻ ബോയ്സ് അവതരിപ്പിച്ച സംഗീത വിരുന്നും പരിപാടിക്ക് ഗംഭീര സമാപനം കുറിച്ചു.

## ഇന്റർ നാഷണൽ പ്രയർ ലൈൻ 641–ാമത് സമ്മേളനം സംഘടിപ്പിച്ചു

– പി പി ചെറിയാൻ

ഹൂസ്റ്റൺ: ഇന്റർ നാഷണൽ പ്രയർ ലൈനിന്റെ 641ാമത് ഓൺലൈൻ പ്രാർത്ഥനാ യോഗം 2026 ഓഗസ്റ്റ് 25 ചൊവ്വാഴ്ച വൈകുന്നേരം വിജയകരമായി നടന്നു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധിയാളുകൾ വേദപാഠത്തിലും ധ്യാനത്തിലും സാമൂഹിക പ്രാർത്ഥനയിലുമായി ഈ കൂട്ടായ്മയിൽ പങ്കെടുത്തു.

ഈസ്റ്റേൺ സമയം രാത്രി 9:00 മണിക്ക് (സെൻട്രൽ 8:00 / പസിഫിക് 6:00) ആരംഭിച്ച യോഗത്തിൽ ഡെട്രോയിറ്റിൽ നിന്നുള്ള സി.വി. സാമുവൽ സ്വാഗതവും ആമുഖ സന്ദേശവും നൽകി. ഡാളസിൽ നിന്നുള്ള പി.വി. ജോൺ ആരംഭ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് ഡാളസിൽ നിന്നുള്ള ലിലി അലക്സ് വേദഭാഗം വായിച്ചു.

തുടർന്ന് ഡാളസിൽ നിന്നുള്ള സാം അലക്സ് എഫെസ്യർ 6:18നെ (എല്ലാ സമയത്തും ആത്മാവിൽ പ്രാർത്ഥിച്ചുകൊണ്ടും) അടിസ്ഥാനമാക്കി മുഖ്യ ദൈവവചന സന്ദേശം നൽകി.

പ്രാർത്ഥന ഒരു ആത്മീയ ആയുധമാണെന്നും മദ്ധ്യസ്ഥപ്രാർത്ഥനയും ആത്മാവിലുള്ള ജാഗ്രതയുമാണ് വിശ്വാസിയുടെ കരുത്തെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സ്വന്തം ആവശ്യങ്ങൾക്ക് അപ്പുറം മറ്റുള്ളവരുടെ ഭാരങ്ങൾ ദൈവ സന്നിധിയിൽ സമർപ്പിക്കാൻ പ്രാർത്ഥന നമ്മെ സഹായിക്കുന്നു. പ്രാർത്ഥനയിലൂടെ ദൈവത്തിന് നമ്മുടെ സാഹചര്യങ്ങളെ മാത്രമല്ല, നമ്മെത്തന്നെയും മാറ്റാൻ സാധിക്കുമെന്നും അദ്ദേഹം വചനസന്ദേശത്തിൽ വ്യക്തമാക്കി.

## ഡോ. ബേബി സാമിന്റെ പുസ്തകം എന്നിലെ നിന്നിലേക്ക് പ്രകാശനം ചെയ്തു

– മാത്യുക്കുട്ടി ഈശോ



ന്യൂയോർക്ക്: അമേരിക്കയിലും ഗൾഫ് മേഖലയിലും ധാരാളം അറിയപ്പെടുന്ന പ്രഭാഷകനും, എഴുത്തുകാരനും, സാമൂഹിക സംരംഭകനും, മാനവികതാ വക്താവും, ഗവേഷകനുമായ ഡോ.ബേബി സാം സാമുവേലിന്റെ ഏറ്റവും പുതിയ രചനയായ എന്നിലെ നിന്നിലേക്ക്എന്ന പുസ്തകം ന്യൂയോർക്കിലും കൊച്ചിയിലും പ്രകാശനം ചെയ്തു.

മാർത്തോമ്മാ സഭാ പരമാദ്ധ്യക്ഷൻ ഡോ.തിയോഡോഷ്യസ് മാർത്തോമ്മാ മെത്രോപ്പൊലീത്താ, സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസന അദ്ധ്യക്ഷൻ ഡോ.എബ്രഹാം മാർ പൗലോസിന് പുസ്തകത്തിന്റെ ആദ്യ കോപ്പി കൈമാറി പ്രകാശനകർമ്മം നിർവ്വഹിച്ചു.

ആഗസ്റ്റ് 9ന് എറണാകുളം താവു കംപാഷൻ ഹബ്ബിൽ നടന്ന ചടങ്ങിൽ വച്ച് പ്രശസ്ത എഴുത്തുകാരനും ചിന്തകനും അഞ്ചപ്പം ചാരിറ്റബിൾ ട്രസ്റ്റ്സ്ഥാപകനുമായ ഫാദർ ബോബി ജോസ് കട്ടിക്കാട്ട് ആലുവാ യൂ.സി. കോളേജ് പ്രിൻസിപ്പൽ ഡോ. മിനി ആലീസിന് പുസ്തകത്തിന്റെ കോപ്പി നൽകി കേരളത്തിലും പുസ്തകം പ്രകാശനം ചെയ്തു. ഈ പുസ്തകത്തിന്റെ പ്രസാധകരായ കാർനെ ബുക്സിന്റെ മാനേജിങ് ഡയറക്ടർ അലക്സ് കുരുവിളയും സന്നിഹിതനായിരുന്നു.

ന്യൂയോർക്ക് സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് സിറ്റി വൈഡ് അഡ്മിനിസ്ട്രേറ്റീവ് സർവീസസ് ഡയറക്ടറായും ന്യൂയോർക്ക് കൗൺസിൽ ഓഫ് നോൺ പ്രോഫിറ്റ്സ് ഡയറക്ടറായും സേവനമനുഷ്ഠിക്കുന്ന ഡോ.ബേബി സാം സാമുവൽ അറിയപ്പെടുന്ന പ്രഭാഷകനും സാമൂഹിക സംരംഭകനും ഗവേഷകനുമാണ്. 19ഓളം ഗവേഷണ പ്രബന്ധങ്ങൾ അദ്ദേഹത്തിന്റെ പേരിലുണ്ട്. അന്നവും അക്ഷരവും ആദരവോടെ വിളമ്പുന്നഅഞ്ചപ്പം ചാരിറ്റബിൾ ട്രസ്റ്റ്, താവു കംപാഷൻ ഹബ്ബ്എന്നിവയുടെ പ്രസിഡന്റും, ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന മൊബിലിറ്റി ഇൻ ഡിസ്ട്രോഫി (മൈൻഡ്) എന്ന സംഘടനയുടെ ഉപദേശക സമിതി ചെയർമാനുമാണ് അദ്ദേഹം. ഡോ. സാമിന്റെ ആദ്യ പുസ്തകമായ കനമേതുമില്ലാതെ പ്രസിദ്ധീകരിച്ചത് ഡി.സി. ബുക്സ് ആണ്. ഈ വർഷം സി. എസ്. എസ്. പ്രസിദ്ധീകരിച്ച ട്വൽവ് പ്ലസ്, ഗാന്ധിഎന്നിവയാണ് മറ്റു കൃതികൾ.

പുസ്തകം ലഭിക്കുന്നതിനായി +1 (347) 882 8281 എന്ന നമ്പറിൽ ബന്ധപ്പെടുക. ജീവകാരുണ്യ പ്രവർത്തനത്തിൽ പങ്കാളിയാവുക.

## സ്റ്റേറ്റൻ ഐലൻഡ് വിദ്യാർത്ഥികൾക്ക് സൗജന്യ ബസ് യാത്രാസൗകര്യം ആവശ്യപ്പെട്ട് ഡെയൂൺ കിം

-പി.പി. ചെറിയാൻ

ന്യൂയോർക്: ന്യൂയോർക്കിലെ സ്റ്റേറ്റൻ ഐലൻഡിൽ നിന്നുള്ള 17 കാരിയായ ഡെയൂൺ കിം എന്ന വിദ്യാർത്ഥിനി മാൻഹാട്ടനിലേക്കുള്ള സ്കൂൾ യാത്രാക്കൂലി സൗജന്യമാക്കണമെന്ന ആവശ്യവുമായി രംഗത്തെത്തിയിരിക്കുന്നത്. മേയർ സോഹ്രാൻ മംദാനിക്ക് അയച്ച കത്തുകൾക്ക് മറുപടി ലഭിക്കാത്തതിനെത്തുടർന്നാണ് ഇൻസ്റ്റാഗ്രാമിലൂടെ ഈ അഭ്യർത്ഥന നടത്തിയിരിക്കുന്നത്.

സാധാരണ പൊതുഗതാഗതത്തിൽ സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ടെങ്കിലും, സ്റ്റേറ്റൻ ഐലൻഡ് വിദ്യാർത്ഥികൾ ആശ്രയിക്കുന്ന എക്സ്പ്രസ് ബസുകൾക്ക് ഇതിൽ ഇളവില്ല. കഴിഞ്ഞ നാല് വർഷത്തിനിടയിൽ തനിക്കും സഹോദരനും സ്കൂളിൽ പോകാൻ മാത്രം മാതാപിതാക്കൾ 18,270 ഡോളർ ബസ് ഫീസായി നൽകേണ്ടി വന്നുവെന്ന് കിം പറയുന്നു.

കൊറിയൻ കുടിയേറ്റക്കാരായ മാതാപിതാക്കൾ തങ്ങളുടെ വിദ്യാഭ്യാസത്തിനായി കഠിനാധ്വാനം ചെയ്യുകയാണെന്നും, നഖം മിനുക്കുന്ന ജോലി ചെയ്യുന്ന അമ്മയുടെ പ്രയാസങ്ങൾ കാണുമ്പോഴാണ് ഈ ഇടപെടലെന്നും കിം വ്യക്തമാക്കുന്നു.

ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ച ഈ വീഡിയോ ഇതിനോടകം ലക്ഷക്കണക്കിന് ആളുകൾ കണ്ടുകഴിഞ്ഞു.

എന്നാൽ മേയറുടെ ഓഫീസിൽ നിന്ന് വിഷയത്തിൽ പ്രതികരണമൊന്നും വന്നിട്ടില്ല. സ്കൂൾ പഠനത്തിന് ശേഷം കോർണൽ സർവകലാശാലയിൽ നിന്ന് സൈക്കോളജി പഠിക്കാനും കുടിയേറ്റക്കാർക്കായി ആർട്ട് തെറാപ്പി ഫൗണ്ടേഷൻ തുടങ്ങാനുമാണ് കിമ്മിന്റെ ആഗ്രഹം.

## നോർത്ത് അമേരിക്ക കാനഡ ഭദ്രാസന സന്നദ്ധ മാർത്തോമ്മാ സഭ സുവിശേഷക സംഘത്തിന്റെ നാഷണൽ സമ്മേളനം സമാപിച്ചു



– എബി മക്കപ്പുഴ

ഡാളസ്: ആഗസ്റ്റ് 20 മുതൽ നടന്നു കൊണ്ടിരുന്ന മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക കാനഡ ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ 18-ാമത് ത്രിദിന നാഷണൽ കോൺഫെറൻസ് സമാപിച്ചു.

സമാപന സമ്മേളനത്തോട് അനുബന്ധിച്ചു ഡാളസിലെ നാല് മാർത്തോമാ പള്ളികളിലെ വിശുദ്ധ കുർബാന സർവീസുകൾ ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമാ ചർച്ചിൽ ക്രമീകരിച്ചു. ഭദ്രാസനാധിപൻ റൈറ്റ് റവ ഡോ. എബ്രഹാം മാർ പൗലോസ് വിശുദ്ധ കുർബാനക്ക് നേതൃത്വം നൽകി.

ആരാധന മധ്യേ നടത്തിയ പ്രസംഗത്തിൽ റവ.ഡോ. മോത്തി വർക്കി വിശുദ്ധ കുർബാനയുടെ അർഥം വിശ്വാസികളെ ഓർമപ്പെടുത്തി. വിശുദ്ധ കുർബാന അനുരഞ്ജനത്തിന്റെ അവസരമാക്കേണമെന്നു ഉത്ബോധിപ്പിച്ചു.

ഡാലസിൽ നടത്തപ്പെട്ട ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ 18-ാമത് ത്രിദിന നാഷണൽ സമ്മേളനം വൻ വിജയമാക്കി തീർത്ത എല്ലാ പ്രവർത്തകർക്കും എബ്രഹാം പൗലോസ് തിരുമേനി ഭദ്രാസനത്തിന്റെ നന്ദി അറിയിച്ചു. ഭദ്രാസനത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഓരോ വിശ്വാസികളും പങ്കാളികൾ ആകണമെന്നും തിരുമേനി ഉത്ബോധിപ്പിച്ചു.

ഞായറഴ്ചത്തെ ആരാധനക്കുശേഷം നടത്തപ്പെട്ട സമാപന സമ്മേളനത്തിൽ ജയൻ വർഗീസ്, ഷാജി രാമപുരം എന്നിവർ വിവിധ കമ്മറ്റികളെയും, പ്രാസംഗീകരേയും വൈദീകരെയും ഗാന ശുശ്രൂഷക്കു നേതൃത്വം നൽകിയ റോബിൻ അച്ചനോടും, കോൺഫറൻസ് വൻ വിജയമാക്കി തീർത്ത എല്ലാവരോടും സന്നദ്ധ സുവിശേഷ സംഘത്തിന്റെ നിസീമമായ നന്ദി അറിയിച്ചു.

## വേൾഡ് പീസ് മിഷന് എജിഓസിഎമ്മിന്റെ അംഗീകാരവും പുരസ്ക്കാരവും



– ജീമോൻ റാന്നി

ഹൂസ്റ്റൺ: വേൾഡ് പീസ് മിഷൻ, ആഫ്രിക്കൻ രാജ്യങ്ങളിൽ നടപ്പിലാക്കിവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വിവിധ ആഫ്രിക്കൻ സാമൂഹികസന്നദ്ധ സംഘടനകളുടെയും സേവന പ്രവർത്തകരുടെയുടെ പുരസ്ക്കാരം.

ഭക്ഷ്യസഹായം, വിദ്യാഭ്യാസ പിന്തുണ, ആരോഗ്യപരിപാലനം, സമാധാനബോധവൽക്കരണം, സ്ത്രീശാക്തീകരണം, യുവജന വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ വേൾഡ് പീസ് മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ സമൂഹത്തിൽ പ്രതീക്ഷയും മാറ്റവും സൃഷ്ടിക്കുന്നതാണെന്ന് ആഫ്രിക്കൻ എ.ജി.ഒ.സി.എം. പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

വേൾഡ് പീസ് മിഷൻ സ്ഥാപക ചെയർമാൻ ഡോ. സണ്ണി സ്റ്റീഫന്റെ നേതൃത്വത്തിൽ അതിർത്തികളും വർഗ്ഗമതവർണ വ്യത്യാസങ്ങളും മറികടന്ന് മനുഷ്യസേവനമാണ് സംഘടനയുടെ ലക്ഷ്യമെന്ന് അഭിനന്ദന സന്ദേശങ്ങളിൽ ചൂണ്ടിക്കാട്ടി. ഒരു ഹൃദയം ഒരു ലോകം എന്ന സന്ദേശം ലോകജനതയെ ഒരുമിപ്പിക്കുന്ന ശക്തമായ മാനവിക ദർശനമാണെന്നും അവർ വിലയിരുത്തി.

ആഫ്രിക്കയിലെ വിവിധ പ്രദേശങ്ങളിൽ പ്രാദേശിക സന്നദ്ധ സംഘടനകളുമായി സഹകരിച്ച് കൂടുതൽ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിനും സമാധാനവും മാനവികതയും വളർത്തിയെടുക്കുന്നതിനും വേൾഡ് പീസ് മിഷൻ പ്രതിജ്ഞാബദ്ധമാണെന്ന് വേൾഡ് പീസ് മിഷൻ സംഘടനയുടെ പ്രതിനിധി മാക്സൻ ഡിവോത്തി അറിയിച്ചു. ലോകമെമ്പാടുമുള്ള മനുഷ്യസേവന പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുമെന്നും അദ്ദേഹം വ്യക്തമാ ക്കി.

അമേരിക്കയിലുള്ള ഡോ.സണ്ണി സ്റ്റീഫനുമായി ബന്ധപ്പെടാവുന്ന നമ്പർ വാട്സ്ആപ് 91 94471 54999

## ഇന്റർ നാഷണൽ പ്രയർ ലൈൻ 641-ാമത് .......

തുടർന്ന് നടന്ന മധ്യസ്ഥ പ്രാർത്ഥന വേളയിൽ ഹൂസ്റ്റണിൽ നിന്നുള്ള വത്സ മാത്യു പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ വിവിധ വിഷയങ്ങളെ മുൻനിർത്തി പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ജാക്സണിൽ നിന്നുള്ള അലക്സ് തോമസ് കൃതജ്ഞത പറഞ്ഞു. റവ. ഡോ. ഫിലിപ്പ് യോഹന്നാന്റെ, (ന്യൂയോർക്ക് എപ്പിസ്കോപ്പൽ ഭദ്രാസനം) സമാപന പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ യോഗം അവസാനിച്ചു. ടെലികോൺഫറൻസിന്റെ സാങ്കേതിക സ ഹായങ്ങൾ നിർവ്വഹിച്ചത് ഹൂസ്റ്റണിൽ നിന്നുള്ള ഷിജു ജോർജ്, ജോസഫ് ടി. ജോർജ് (രാജു) എന്നിവരായിരുന്നു. ഐ.പി .എല്ലിന്റെ 642ാമത് യോഗം അടുത്ത ചൊവ്വാഴ്ച (2026 സെപ്റ്റംബർ 1) നടക്കുമെന്ന് സംഘാടകർ അറിയിച്ചു. ഹൂസ്റ്റൺ സി.എസ്.ഐ ചർച്ചിലെ റവ. ജേക്കബ് ജോർജ് ആയിരിക്കും അടുത്ത ആഴ്ചയിലെ വചനസന്ദേശം നൽകുന്നത്.

## ഡോ.സണ്ണി സ്റ്റീഫൻ നയിക്കുന്ന ധ്യാനം അറ്റ്ലാന്റയിൽ 4 മുതൽ

– ജീമോൻ റാന്നി



അറ്റ്ലാന്റാ: പ്രശസ്ത സംഗീതസംവിധായകനും വചന പ്രഘോഷകനും, വേൾഡ് പീസ് മിഷൻ സ്ഥാപക ചെയർമാനുമായ ഡോ. സണ്ണി സ്റ്റീഫൻ നയിക്കുന്ന ആത്മീയ ധ്യാനം 4 മുതൽ 6 വരെ അറ്റ്ലാന്റയിൽ.

ദൈവവചനവും പ്രാർത്ഥനയും സംഗീതവും ആത്മീയ ചിന്തകളും സമന്വയിപ്പിച്ചുള്ള ധ്യാനമാണ് ഡോ. സണ്ണി സ്റ്റീഫൻ നേതൃത്വം നൽകുന്നത്. ജീവിതത്തിലെ തിരക്കുകൾക്കും സമ്മർദ്ദങ്ങൾക്കും നടുവിൽ ആത്മീയമായ നവീകരണവും സമാധാനവും കണ്ടെത്തുന്നതിനും കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിശ്വാസജീവിതത്തിൽ ആഴപ്പെടുന്നതിനുമുള്ള സന്ദേശങ്ങളാണ് ധ്യാനത്തിൽ പ്രധാനമായും പങ്കുവെക്കുന്നത്.

സംഗീതത്തെ ആത്മീയ ശുശ്രൂഷയുടെ ശക്തമായ മാധ്യമമായി കാണുന്ന ഡോ. സണ്ണി സ്റ്റീഫൻ, ദൈവവചനത്തിലൂടെ മനസ്സിനും ആത്മാവിനും സമാധാനവും നവോന്മേഷവും പകരുക എന്ന ലക്ഷ്യത്തോടെയാണ് അമേരിക്കയിൽ വിവിധ ധ്യാനപരിപാടികൾക്ക് നേതൃത്വം നൽകുന്നത്.

എല്ലാവർക്കും പങ്കെടുക്കാവുന്ന ഈ പ്രത്യേക ധ്യാനപരിപാടിയിലേക്ക് വിശ്വാസികളെയും ആത്മീയാന്വേഷകരെയും കുടുംബങ്ങളെയും ക്ഷണിക്കുന്നതായി യു.എസ് വേൾഡ് പീസ് മിഷൻ പ്രസിഡന്റ് എബ്രഹാം മാത്യു അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: എബ്രഹാം മാത്യു : (678) 866 5336.

## മജീഷ്യൻ മുതുകാടിന്റെ ന്യൂയോർക്ക് പ്രകടന വേദിയിൽ മാന്ത്രികൻ ടോണി ഹസ്സിനി പങ്കെടുക്കുന്നു

ടോണി ഹസ്സിനി താത്പര്യം പ്രകടിപ്പിച്ചിരിക്കുന്നു. ലോസാഞ്ചലസിൽ താമസക്കാരനായ ടോണി ഹസ്സിനി മുതുകാടിന്റെ ഭിന്നശേഷിക്കാർക്കായുള്ള പ്രോജക്ടിനെപ്പറ്റി മനസ്സിലാക്കി അതിന് എല്ലാ പിന്തുണയും നൽകുന്നതിനാണ് ന്യൂയോർക്കിലെ സ്റ്റേജിൽ പങ്കെടുക്കുന്നതിന് ആഗ്രഹിക്കുന്നത്.

ലോകത്തിലെ ഏറ്റവും നല്ല മാന്ത്രികർക്കുള്ള മെർലിൻ അവാർഡ്ഹസ്സിനിയുടെ ഉടമസ്ഥതയിലുള്ള ഇന്റർനാഷണൽ മജിഷ്യൻസ് സൊസൈറ്റിയാണ് നൽകി വരുന്നത്. 2011ലെ പ്രസ്തുത മെർലിൻ അവാർഡ് ജേതാവ് കൂടിയാണ് പ്രൊഫ.ഗോപിനാഥ് മുതുകാട്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി മുതുകാടിന്റെ നേതൃത്വത്തിൽ അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലെ വേദികളിലായി മാജിക്കും സംഗീതവും താളലയങ്ങളും കലാപരിപാടികളും സമന്വയിപ്പിച്ച് ഒരു പ്രത്യേക ദൗത്യത്തിനായി എംക്യൂബ് എന്ന പേരിൽ നടത്തിവരുന്ന കലാപരിപാടിക്ക് വളരെയധികം പ്രോത്സാഹനമാണ് ലഭിച്ചുവരുന്നത്.

മുതുകാടിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം കഴക്കൂട്ടത്ത് ഡിഫറൻറ് ആർട്സ് സെന്റർ എന്ന പേരിൽ ഒരു സ്ഥാപനം ഭിന്നശേഷിക്കാരായ ഏകദേശം അഞ്ഞൂറോളം കുട്ടികളെ പരിശീലിപ്പിച്ച് അവരുടെ വിവിധ തരം കഴിവുകളെ വികസിപ്പിച്ചെടുക്കുന്നതിന് നടത്തി വരുന്നു. ജന്മനാ ബുദ്ധിമാന്ദ്യം സംഭവിച്ചതും ഓട്ടിസം ബാധിച്ചതുമായ കുട്ടികളിൽ മാജിക്, പാട്ട്, സംഗീതോപകരണങ്ങൾ ഉപയോഗിച്ചുള്ള ഓർക്കസ്ട്ര, ഡാൻസ് മുതലായ കഴിവുകൾ വികസിപ്പിച്ച് അവരുടെ ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രൊജെക്ടുകളാണ് തിരുവവനന്തപുരം ഉഅഇ യിൽ നടത്തിവരുന്നത്. അത്തരം കുട്ടികളുടെ അമ്മമാർക്കും അവിടെ വിവിധ പരിശീലനം നൽകി അവർക്ക് ജീവിത മാർഗ്ഗത്തിനുള്ള തയ്യൽ പരിശീലനവും മറ്റും നൽകുന്നുണ്ട്. അതേ മാതൃകയിൽ എൻഡോസൾഫാൻ ബാധിതരായ കാസർഗോഡ് ഭാഗത്തുള്ള ആയിരത്തോളം കുട്ടികൾക്ക് തണലേകുന്നതിനായി 20 ഏക്കർ സ്ഥലത്ത് വലിയൊരു പ്രൊജക്റ്റ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പണി പുരോഗമിക്കുന്നതിനാൽ അതിലേക്കുള്ള ധനശേഖരണാർഥമാണ് ഇപ്പോൾ അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ എം. ക്യൂബ് എന്ന പേരിലുള്ള മാജിക്കിന്റെയും മറ്റു കലാപരിപാടികളുടെയും ഒരു ഫ്യൂഷൻ പ്രോഗ്രാം നടത്തുന്നത്.

ബന്ധപ്പെടുക:

പോൾ കറുകപ്പിള്ളി (845) 553-5671, ജോൺസൺ സാമുവൽ (646) 996 1692, ബൈജു ചാക്കോ 516 996 4611, ജോർജ് പറമ്പിൽ (646) 739 0060, അജിത് കൊച്ചു (516) 225 2814.

## ഗുരു അഞ്ജലി മുരളീധരനെ ഡിസ്റ്റിങ്ക്വിഷ്ഡ് ആർട്ടിസ്റ്റ് അവാർഡ് നൽകി ആദരിച്ചു




– സുമോദ് തോമസ് നെല്ലിക്കാല

ഫിലഡൽഫിയ: ഇന്ത്യൻ ശാസ്ത്രീയ കലാരംഗത്തെ സമർപ്പിതമായ പ്രവർത്തനങ്ങൾക്കും കലാപാരമ്പര്യത്തിന്റെ സംരക്ഷണത്തിനും പ്രചാരണത്തിനും നൽകിയ ശ്രദ്ധേയമായ സംഭാവനകൾക്കുള്ള അംഗീകാരമായി പ്രശസ്ത നർത്തകിയും അധ്യാപികയും ശിവ മുരളി കലാക്ഷേത്രയുടെ സ്ഥാപകയും ഡയറക്ടറുമായ ഗുരു അഞ്ജലി മുരളീധരന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐഒസി) പെൻസിൽവാനിയ ചാപ്റ്ററിന്റെ ഡിസ്റ്റിങ്ക്വിഷ്ഡ് ആർട്ടിസ്റ്റ് അവാർഡ് സമ്മാനിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യ ദിനത്തോടനിബന്ധിച്ചു നടന്ന പുരസ്കാരദാന ചടങ്ങിൽ കേരള നിയമസഭാ ചീഫ് വിപ്പും തൊടുപുഴ എംഎൽഎയുമായ അപു ജോൺ ജോസഫ്, ഗുരു അഞ്ജലി മുരളീധരന് പുരസ്കാരം സമ്മാനിച്ചു. ഐഒസി പെൻസിൽവാനിയ ചാപ്റ്റർ ചെയർമാൻ സാബു സ്കറിയ, പ്രസിഡന്റ് സുമോദ് തോമസ് നെല്ലികാല, ജനറൽ സെക്രട്ടറി നൈനാൻ മത്തായി, ട്രഷറർ തോമസ്കുട്ടി വർഗീസ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ചെന്നൈയിലെ പ്രശസ്തമായ കലാക്ഷേത്ര ഫൗണ്ടേഷനിൽ നിന്ന് സ്വർണമെഡലോടെ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ ഗുരു അഞ്ജലി മുരളീധരൻ കഴിഞ്ഞ 33 വർഷമായി ഭരതനാട്യം, മോഹിനിയാട്ടം, കർണാടക സംഗീതം എന്നീ കലാരൂപങ്ങളുടെ പഠനം, അധ്യാപനം, അവതരണം, കലാ പ്രചാരണം എന്നിവയിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

നൃത്തസംഗീത രംഗത്തെ പ്രവർത്തനങ്ങൾക്ക് പുറമെ മലയാള ചലച്ചിത്ര പിന്നണി ഗായിക എന്ന നിലയിലും ഗുരു അഞ്ജലി ശ്രദ്ധേയമായ സാന്നിധ്യമാണ്.ലൗഡ് സ്പീക്കർ, കാമൽ സഫാരി തുടങ്ങിയ മലയാള ചിത്രങ്ങളിലും യുവ് ആൽബത്തിലും ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്.

പെൻസിൽവാനിയയിലെ എക്സ്റ്റൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന ശിവ മുരളി കലാക്ഷേത്രയിലൂടെ 250ലധികം വിദ്യാർത്ഥികൾക്ക് ഇന്ത്യൻ ശാസ്ത്രീയ കലകളിൽ പരിശീലനം നൽകിവരുന്നു. ഭരതനാട്യം, മോഹിനിയാട്ടം, കർണാടക സംഗീതം തുടങ്ങിയ കലാരൂപങ്ങളിൽ പുതുതലമുറയെ പരിശീലിപ്പിക്കുന്നതിലൂടെ ഇന്ത്യൻ കലാപാരമ്പര്യം അമേരിക്കൻ മണ്ണിൽ സജീവമായി നിലനിർത്തുന്നതിൽ ഗുരു അഞ്ജലിയുടെ പങ്ക് ശ്രദ്ധേയമാണ്.

നൃത്തവും സംഗീതവും വിദ്യാഭ്യാസവും സമന്വയിപ്പിച്ച് പ്രവർത്തിക്കുന്ന ശിവ മുരളി കലാക്ഷേത്ര, ഇന്ത്യൻ ശാസ്ത്രീയ കലകളെ പുതുതലമുറയിലേക്ക് എത്തിക്കുന്നതിനുള്ള ഒരു പ്രധാന വേദിയായി മാറിയിട്ടുണ്ട്. പ്രവാസി സമൂഹത്തിലെ കുട്ടികളിലും യുവാക്കളിലും ഇന്ത്യൻ കലകളോടുള്ള താൽപര്യം വളർത്തുന്നതിനും കലാപാരമ്പര്യത്തിന്റെ തുടർച്ച ഉറപ്പാക്കുന്നതിനും ഗുരു അഞ്ജലി നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്.

അമേരിക്കയിലെ പ്രവാസി സമൂഹത്തിൽ ഇന്ത്യൻ ശാസ്ത്രീയ കലകളുടെ വളർച്ചയ്ക്കും പ്രചാരണത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ഇന്ത്യൻ കലയും സംസ്കാരവും പുതുതലമുറയിലേക്ക് പകർന്നുനൽകുന്നതിൽ കലാകാരന്മാർക്കും അധ്യാപകർക്കുമുള്ള നിർണായക പങ്ക് അംഗീകരിക്കുന്നതിന്റെ ഭാഗമായി ഡിസ്റ്റിങ്ക്വിഷ്ഡ് ആർട്ടിസ്റ്റ് അവാർഡ് നൽകി ഗുരു അഞ്ജലി മുരളീധരനെ ആദരിച്ചതെന്ന് ഐഒസി പെൻസിൽവാനിയ ചാപ്റ്റർ ഭാരവാഹികൾ അറിയിച്ചു.

## ഡാലസ് ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം: ബലിക്കൽപുര അയ്യപ്പ പതിനെട്ടു പടി സമർപ്പണം



ഡാലസ് ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്ര സമുച്ചയത്തിൽ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ക്ഷേത്രത്തിന് മുൻഭാഗത്തായി ബലിക്കൽപുര (ഫോയെർ), അതിനു താഴെ നിലയിൽ നിന്നും (ബേസ്മെന്റ്) സ്വാമി അയ്യപ്പ ദർശനത്തിന് ഇരുമുടി കെട്ടേന്തി എത്തുന്ന ഭക്തർക്കായി കൃഷ്ണശിലയിൽ നിർമ്മിതമായ പതിനെട്ടു പടികൾ എന്നിവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെടുന്നത്.

ക്ഷേത്ര വാസ്തുവിദ്വാൻ ബ്രഹ്മശ്രീ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിയുടെ നിർദേശ പ്രകാരം, ക്ഷേത്രതന്ത്രി ബ്രഹ്മശ്രീ കരിയന്നൂർ ദിവാകരൻ നമ്പൂതിരിയുടെ കാർമികത്വത്തിൽ ആഗസ്റ്റ് 22 (ചിങ്ങം 6) ന് ബലിക്കൽപുര അയ്യപ്പ പതിനെട്ടു പടി സമർപ്പണം ചെയ്തു. ഗണപതി ഹോമം, ശുദ്ധി പൂജകൾ, 18 പടി കലശ പൂജയും അഭിഷേകവും, ശ്രീ ഗുരുവായൂരപ്പനും അയ്യപ്പ സ്വാമിക്കും പ്രത്യേക പൂജകൾ എന്നിവ നടത്തി.

ഈ സുപ്രധാന ചടങ്ങിൽ പങ്കു ചേർന്ന ഭക്തജനങ്ങളെയും അഭ്യുദയകാംഷികളെയും ക്ഷേത്ര ഭാരവാഹികൾ ഭഗവൽ നാമത്തിൽ നന്ദി അറിയിച്ചു. 2026 നവംബർ 16ന് ആരംഭിക്കുന്ന അയ്യപ്പ മണ്ഡലകാലത്തിൽ ഡാലസ് ഫോർട്ട് വർത്ത് മെട്രോപ്ലക്സ് നിന്നും സമീപ സംസ്ഥാനങ്ങളിൽ നിന്നും എല്ലാ അയ്യപ്പ ഭക്തന്മാരും ഇരുമുടിയുമായി നോർത്ത് ടെക്സാസിലെ ആദ്യത്തെ പതിനെട്ടു പടിയുള്ള അയ്യപ്പ ക്ഷേത്രമായ ശ്രീ ഗുരുവായൂരപ്പൻ ടെംപിൾ ഓഫ് ഡാലസിലേക്കു തീർത്ഥാടനത്തിന് എത്തിച്ചേരുമെന്ന് ക്ഷേത്രഭരണസമിതി പ്രത്യാശിക്കുന്നു.

വിവരങ്ങൾ : www.guruvayurappan.us

# നയാഗ്രയിലെ ആരോഗ്യരംഗത്തിന് കരുത്തേകാൻ ശർമ്മ കുടുംബത്തിന്റെ 5 ലക്ഷം ഡോളർ സംഭാവന

**- പ്രസാദ് തീയാടിക്കൽ**




നയാഗ്ര: കാനഡയിലെ നയാഗ്ര മേഖലയിലെ ആരോഗ്യ സംരക്ഷണ സംവിധാനത്തിന്റെ ഭാവി വികസനത്തിന് പിന്തുണയുമായി വിശ്വ ശർമ്മയും കമലേഷ് ശർമ്മയും. നയഗ്ര ഹെൽത്ത്ഫൗണ്ടേഷന് 500,000 കനേഡിയൻ ഡോളറിന്റെ (5 ലക്ഷം ഡോളർ) സംഭാവന നൽകിയാണ് ശർമ്മ കുടുംബം മാതൃകയായത്.

കഴിഞ്ഞ ആറു പതിറ്റാണ്ടോളമായി നയാഗ്രയുടെ സാമൂഹികസാംസ്കാരിക രംഗങ്ങളിൽ സജീവ സാന്നിധ്യമാണ് വിശ്വയും കമലേഷ് ശർമ്മയും. 1960കളുടെ അവസാനത്തിൽ നയാഗ്രയിലെത്തിയ ദമ്പതികൾ കുടുംബജീവിതം കെട്ടിപ്പടുക്കുന്നതിനൊപ്പം പ്രദേശത്തിന്റെ സാമൂഹിക വളർച്ചയിലും നിർണായക പങ്കുവഹിച്ചു.

നയാഗ്രയിലെ ആദ്യ ഹിന്ദു ക്ഷേത്രം സ്ഥാപിക്കുന്നതിൽ നേതൃത്വം നൽകിയതാണ് ഇവരുടെ ശ്രദ്ധേയമായ സംഭാവനകളിലൊന്ന്. ദക്ഷിണേഷ്യൻ സമൂഹം വളർച്ചയുടെ പ്രാരംഭഘട്ടത്തിലായിരുന്ന കാലത്ത് സ്ഥാപിതമായ ക്ഷേത്രം ആരാധനാലയം എന്നതിലുപരി കുടുംബങ്ങൾക്കും പുതുതായി എത്തുന്നവർക്കും ഒത്തുചേരാനും സാംസ്കാരിക പാരമ്പര്യം സംരക്ഷിക്കാനുമുള്ള പ്രധാന കേന്ദ്രമായി മാറി.

ഇപ്പോൾ ആരോഗ്യരംഗത്തേക്കും തങ്ങളുടെ സേവനപാരമ്പര്യം വ്യാപിപ്പിച്ചിരിക്കുകയാണ് ശർമ്മ കുടുംബം. നയാഗ്ര ഹെൽത്ത് ഫൗണ്ടേഷന് നൽകിയ 5 ലക്ഷം ഡോളറിന്റെ സംഭാവന നയാഗ്ര മേഖലയിലെ ആരോഗ്യസേവനങ്ങൾ, നൂതന ചികിത്സാ സംവിധാനങ്ങൾ, രോഗീപരിചരണം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള മുൻഗണനാ പദ്ധതികൾക്ക് വിനിയോഗിക്കും.

നയാഗ്ര ഞങ്ങളുടെ കുടുംബത്തിന് ഒരുപാട് നൽകിയിട്ടുണ്ട്. ഇവിടെ ഞങ്ങൾ ജീവിതം കെട്ടിപ്പടുത്തു, മക്കളെ വളർത്തി, കുടുംബം വളരുന്നത് കണ്ടു. ഈ സമൂഹത്തിന് തിരികെ നൽകാനുള്ള ഞങ്ങളുടെ മാർഗമാണ് ആരോഗ്യരംഗത്തെ പിന്തുണയ്ക്കുന്നത്. വരുംതലമുറകൾക്കായി നയാഗ്രയെ കൂടുതൽ ശക്തമാക്കാൻ മറ്റുള്ളവർക്കും ഞങ്ങളുടെ കുടുംബത്തിന്റെ യാത്ര പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കുന്നു, വിശ്വയും കമലേഷ് ശർമ്മയും പറഞ്ഞു.

ശർമ്മ കുടുംബത്തിന്റെ സംഭാവനയെ നയാഗ്ര ഹെൽത്ത് ഫൗണ്ടേഷൻ പ്രസിഡന്റ് ആന്റ് സി.ഒ. ആൻഡ്രിയ സ്കോട്ട് അഭിനന്ദിച്ചു. സാമൂഹിക നേതൃത്വത്തിന്റെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും മികച്ച മാതൃകയാണ് ശർമ്മ കുടുംബം. ഏകദേശം 60 വർഷമായി അവർ നയാഗ്രയിൽ നിക്ഷേപിക്കുകയും സമൂഹത്തിന്റെ വളർച്ചയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്നു. അവരുടെ അസാധാരണമായ ഉദാരത നയാഗ്രയിലെ ആരോഗ്യപരിചരണ രംഗത്ത് ദീർഘകാല സ്വാധീനം ചെലുത്തും- അവർ പറഞ്ഞു.

സെന്റ് കാതറീൻസ്, നയാഗ്ര ഫാൾസ്, വെല്ലാൻഡ്, ഫോർട്ട് എറി, പോർട്ട് കോൾബോൺ എന്നിവിടങ്ങളിലെ നയാഗ്ര ഹെൽത്ത് ആശുപത്രികളിലെ രോഗീപരിചരണത്തിനായി ധനസമാഹരണം നടത്തുന്ന സംഘടനയാണ് നയാഗ്ര ഹെൽത്ത് ഫൗണ്ടേഷൻ മെഡിക്കൽ ഉപകരണങ്ങൾ, ആധുനിക സാങ്കേതികവിദ്യ, ആശുപത്രി സൗകര്യങ്ങളുടെ വികസനം തുടങ്ങിയവയ്ക്കാണ് ഫൗണ്ടേഷൻ പ്രധാനമായും സഹായം നൽകുന്നത്.

സാമൂഹിക സേവനത്തിലൂടെയും ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും പതിറ്റാണ്ടുകളായി നയാഗ്രയിൽ വ്യക്തിമുദ്ര പതിപ്പിച്ച വിശ്വകമലേഷ് ശർ മ്മ ദമ്പതികളുടെ 5 ലക്ഷം ഡോളറിന്റെ പുതിയ സംഭാവന പ്രദേശത്തെ ആരോഗ്യരംഗത്തിന് കരുത്തേകുന്ന സുപ്രധാന സഹായമായി മാറും

| | |
|---|---|
| 8 Sept | International Literacy Day |
| 8 Sept | World Physical Therapy Day |
| 8 Sept | Grandparents' Day |
| 10 Sept | World Suicide Prevention Day (WSPD) |
| 11 Sept | 9/11 Remembrance Day |
| 11 Sept | National Forest Martyrs Day |
| 11 Sept | World First Aid Day |
| 11 Sept | Digvijay Diwas |
| 13 Sept | International Chocolate Day |
| 14 Sept | Hindi Diwas |
| 15 Sept | Engineer's Day (India) |
| 15 Sept | International Day of Democracy |
| 16 Sept | Malaysia Day |
| 16 Sept | World Ozone Day |

# ചിക്കാഗോ സെന്റ് മേരീസിൽ പ്രധാന തിരുനാൾ വിപുലമായി ആഘോഷിച്ചു



**- റോയി ചേലമലയിൽ**

ചിക്കാഗോ : മോർട്ടൻ ഗ്രോവ് സെന്റ മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ പ്രതിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദർശൻ തിരുനാളായി വിപുലമായി ആഘോഷിച്ചു. വിവിധ ദിവസങ്ങളിലെ ഭക്തിനിർഭരമായ തിരുകർമ്മങ്ങളും വൈവിധ്യമായ കലാപരിപാടികളും വർണ്ണാഭമായ പ്രദക്ഷിണവും തിരുനാളിനു മാറ്റു കൂട്ടി. ഇടവകയിലെ കഴിഞ്ഞ പതിനഞ്ചു വർഷത്തെ പാരീഷ് എക്സിക്യൂട്ടീവ്സ് ആയിരുന്നു ഈ വർഷത്തെ തിരുനാൾ പ്രസുദേന്തിമാർ.

ഓഗസ്റ്റ് 2നു ഇടവക വികാരി ഫാ.സിജു മുടക്കോടിൽ പതാക ഉയർത്തിയതോടെ തുടക്കം കുറിച്ച തിരുന്നാൾ ആഘോഷങ്ങൾ ഓഗസ്റ്റ് 9 നു സമാപിച്ചു. ഓഗസ്റ്റ് 6നു സിമിത്തേരി സന്ദർശനവും മരിച്ച വിശ്വാസികളുടെ ഓർമ്മ ആചാരണവും നടത്തി. വിശുദ്ധ കുർബാനക്ക് അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര നേതൃത്വം നൽകി.

യുവജന ദിനമായി ആചരിച്ച ഓഗസ്റ്റ് 7 വെള്ളിയാഴ്ചത്തെ വിശുദ്ധ കുർബാനക്കും വചനസന്ദേശത്തിനും ചിക്കാഗോ രൂപത യൂത്ത് അപ്പോസ്റ്റോലേറ്റ് ഡയറക്ടർ ഫാ.മെൽവിൻ പോൾ നേതൃത്വം നൽകി. തുടർന്നു ഇടവകയിലെ വിവിധ കൂടാരയോഗങ്ങളും വിമൻസ് മിനിസ്ട്രിയും തിരുനാൾ പ്രസുദേന്തിമാരും നേതൃത്വം നൽകിയ വിവിധ കലാപരിപാടികൾ നടന്നു.

ഓഗസ്റ്റ് 8 ശനിയാഴ്ച, ബെൻസെൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാ ദേവാലയ വികാരി ഫാ.എബ്രഹാം കളരിക്കൽ മുഖ്യ കാർമ്മികത്വം വഹിച്ച തിരുനാൾ കുർബാനയിൽ ഫാ. ജിജോ നെല്ലിക്കാക്കണ്ടത്തിൽ, ഫാ.ജോസ് കന്നുവെട്ടിയേൽ, ഫാ. ഷഞ്ചു കൊച്ചുപറമ്പിൽ, ഫാ.ജോസ്കുന്നത്ത്കിഴക്കേതിൽ, ഫാ.സിജു മുടക്കോടിൽ, ഫാ.അനീഷ് മാവേലിപുത്തൻപുര എന്നിവർ സഹകാർമ്മികരായിരുന്നു. ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറാളുമായ മോ. ഫാ.തോമസ് മുളവനാൽ വചന സന്ദേശം നൽകി. തുടർന്ന് ദർശന സമൂഹത്തിന്റെ നേതൃത്വത്തിൽ കപ്ലോൻ വാഴ്ച നടത്തി. തുടർന്ന് ഇടവകയിലെ വിവിധ പ്രായത്തിലുള്ള കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച കലാപരിപാടികൾ നടന്നു. സ്റ്റീഫൻ ചൊള്ളമ്പേൽ രചനയും സംവിധാനവും നിർവഹിച്ച് ഇടവകയിലെ കലാകാരന്മാരും കലാകാരികളും അഭിനയിച്ച മാണിക്യ വീണ എന്ന സംഗീത നൃത്ത നാടകം ശ്രദ്ധേയമായി.

പ്രധാന തിരുനാൾ ദിനമായ ഓഗസ്റ് 9 ഞായറാഴ്ചത്തെ തിരുനാൾ റാസക്ക് ആലുവ മംഗലപ്പുഴ സെമിനാരി പ്രൊഫസർ ഫാ. ജിജോ നെല്ലിക്കാക്കണ്ടത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തിരുഹൃദയ ദാസസമൂഹം സുപ്പീരിയർ ഫാ.ജോസ് കന്നുവെട്ടിയേൽ വച്ചാണ് സന്ദേശം നൽകി. ഫാ. തോമസ് മുളവനാൽ, ഫാ.ഷഞ്ചു കൊച്ചുപറമ്പിൽ, ഫാ.എബ്രഹാം കടുതോടിൽ, ഫാ.സിജു മുടക്കോടിൽ, ഫാ. അനീഷ് മാവേലിപുത്തൻപുര എന്നിവർ ശകാർമ്മികരായിരുന്നു. തുടർന്ന് വാദ്യമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ വിശുദ്ധരുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുത്ത വർണ്ണ ശബളമായ തിരുനാൾ പ്രദക്ഷിണം നടന്നു. ഫാ.തോമസ് മുളവനാൽ വി.കുര്ബാനയുടെ ആശീർവാദം നടത്തി. തുടർന്ന് അടുത്ത വർഷത്തെ പ്രസുദേന്തിമാരായി സെന്റ്. ആന്റണി കൂടാരയോഗപ്രതിനിധികളെ വാഴിച്ചു. തുടർന്ന് സ്നേഹവിരുന്നോടെയും ആവേശകരമായ തിരുന്നാൾ ലേലത്തോടെയും പരിപാടികൾ സമാപിച്ചു. ഓഗസ്റ്റ് 10 തിങ്കളാഴ്ച കൊടിയിറക്കു നടത്തി.

ഇടവക ട്രസ്റ്റീ കോർഡിനേറ്റർ സേവിയർ നടുപറമ്പിൽ, ട്രസ്റ്റിമാരായ സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ, സെക്രട്ടറി സണ്ണി മേലേടം, അക്കൗണ്ടന്റ് ജെയിംസ് മന്നാകുളം, പി.ആർ.ഒ റോയി ചേലമലയിൽ, തിരുനാൾ കോർഡിനേറ്റർസ് ആയിരുന്ന സാബു നടുവീട്ടിൽ, ജോണിക്കുട്ടി പിള്ളവീട്ടിൽ, ജിനോ കക്കാട്ടിൽ, എന്റർടൈന്മെന്റ് കോർഡിനേറ്റർസ് ആയിരുന്ന സ്റ്റീഫൻ ചൊള്ളമ്പേൽ, ജീസ് ചക്കുങ്കൽ, ബിനു ഇടക്കര, കുട്ടികളെ പരിശീലിപ്പിച്ച മിന്റു മണ്ണൂകുന്നേൽ, മീന പുന്നച്ചേരിൽ, ഭാവന കിഴവള്ളിൽ, നീതു വാണിയകുന്നേൽ, ലിസ്മി താന്നിച്ചുവട്ടിൽ, സവിത മരങ്ങാട്ടിൽ എന്നിവരോടൊപ്പം പ്രസുദേന്തിമാരും കൂടാരയോഗം ഭാരവാഹികളും നിരവധി വോളന്റിയേഴ്സും തിരുനാൾ വിജയത്തിനായി പ്രവർത്തിച്ചു.



ഫൊക്കാനാ മലയാളി മങ്കയായി നിമ്മി ഷാജിയേയും, ഫസ്റ്റ് റണ്ണർ അപ്പറായി പ്രിയ ലൂയിസിനെയും, സെക്കൻഡ് റണ്ണർ അപ്പറായിമെർലിൻ ജോസിനെയും തെരഞ്ഞെടുത്തു.

## ടെക്സസ് പബ്ലിക് സ്കൂളുകളിൽ എച് 1 ബി വിസ ജീവനക്കാർക്ക് വിലക്ക് വേണമെന്ന് ഗവർണർ ഗ്രെഗ് അബോട്ട്

**- പ്രസാദ് തീയാടിക്കൽ**

ഓസ്റ്റിൻ: ടെക്സസിലെ പൊതുവിദ്യാലയങ്ങളിൽ എച് 1 ബി വിസയിലുള്ള വിദേശ തൊഴിലാളികളെ നിയമിക്കുന്നത് പൂർണമായി നിരോധിക്കണമെന്നും വിദേശ രാജ്യങ്ങളിൽ നിന്നുള്ള ധനസഹായവും സാമ്പത്തിക ഇടപാടുകളും തടയണമെന്നും ഗവർണർ ഗ്രെഗ് അബോട്ട് ആവശ്യപ്പെട്ടു. സംസ്ഥാനത്തെ സ്കൂൾ ക്ലാസ് മുറികളിൽ വിദേശ സ്വാധീനം ഇല്ലാതാക്കുന്നതിനുള്ള വിപുലമായ നടപടികളുടെ ഭാഗമായാണ് പുതിയ നിർദേശങ്ങൾ.

വിദ്യാർത്ഥികളുടെ ചിന്താഗതിയെ അവർ സ്കൂളുകളിൽ നേരിടുന്ന ആശയങ്ങളും സ്വാധീനങ്ങളും രൂപപ്പെടുത്തുന്നുണ്ടെന്നും, അത് സംസ്ഥാന നിയമ നിർമ്മാതാക്കൾ അംഗീകരിച്ച നയങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണമെന്നും അബോട്ട് പറഞ്ഞു.

ഓസ്റ്റിൻ ഇൻഡിപെൻഡന്റ് സ്കൂൾ ഡിസ്ട്രിക്ട് അറബി ഭാഷയും സംസ്കാരവും പഠിപ്പിക്കുന്നതിനായി ഖത്തറിൽ നിന്നുള്ള ലക്ഷക്കണക്കിന് ഡോളർ സ്വീകരിച്ചതായും, ചൈനീസ് സർക്കാർ പിന്തുണയുള്ള സ്ഥാപനങ്ങളുമായി ബന്ധമുള്ള കൺഫ്യൂഷ്യസ് ക്ലാസ്റൂം പദ്ധതികളിൽ ചില സ്കൂൾ ജില്ലകൾ പങ്കെടുത്തതായും അബോട്ട് ചൂണ്ടിക്കാട്ടി.

പൊതുവിദ്യാലയങ്ങൾ വിദേശ സ്രോതസ്സുകളിൽ നിന്ന് പണമോ സമ്മാനങ്ങളോ സ്വത്തുക്കളോ സ്വീകരിക്കുന്നതും വിദേശ സ്ഥാപനങ്ങളുമായി സാമ്പത്തിക കരാറുകളിലോ പങ്കാളിത്തങ്ങളിലോ ഏർപ്പെടുന്നതും തടയുന്ന നിയമം കൊണ്ടുവരാൻ നിയമസഭയോട് ആവശ്യപ്പെടുമെന്നും ഗവർണർ അറിയിച്ചു.

ഇതിനൊപ്പം ടെക്സസ് പൊതുവിദ്യാലയങ്ങളിൽ എച് 1 ബി. വിസയിലുള്ളവരെ ജീവനക്കാരായി നിയമിക്കുന്നത് നിരോധിക്കണമെന്നതാണ് അബോട്ടിന്റെ പ്രധാന നിർദേശം.

പ്രത്യേക വൈദഗ്ധ്യം ആവശ്യമായ ജോലികളിലേക്ക് വിദേശ തൊഴിലാളികളെ താൽക്കാലികമായി നിയമിക്കാൻ അമേരിക്കൻ തൊഴിലുടമകൾക്ക് അവസരം നൽകുന്ന ഫെഡറൽ തൊഴിൽ വിസയാണ് എച് 1 ബി.

ടെക്സസ് പൊതുവിദ്യാലയങ്ങളിലെ ഒ1ആ വിസയിലുള്ള ജീവനക്കാരുടെ എണ്ണം പൂജ്യമായിരിക്കണം. നമ്മുടെ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ടെക്സസുകാരെയോ അമേരിക്കക്കാരെയോ കണ്ടെത്തണം. അതിൽ വിട്ടുവീഴ്ചയില്ല, അബോട്ട് പറഞ്ഞു.

നിർദേശം പുതിയ എച് 1 ബി. അപേക്ഷകരെ മാത്രം ബാധിക്കുന്നതല്ലെന്നും നിലവിൽ എച് 1 ബി. വിസയിൽ ടെക്സസ് പൊതുവിദ്യാലയങ്ങളിൽ ജോലി ചെയ്യുന്നവർക്കും വിസ പുതുക്കാൻ ശ്രമിക്കുന്നവർക്കും ബാധകമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അബോട്ട് വ്യക്തമാക്കി.

ഞാൻ നിർദേശിക്കുന്ന നിയമം എല്ലാ എച് 1 ബി. വിസക്കാർക്കും ബാധകമായിരിക്കും. പൊതുവിദ്യാലയങ്ങളിൽ പുതിയ എച് 1 ബി. അപേക്ഷകരോ നിലവിലുള്ള എച് 1 ബി. വിസക്കാരോ ജീവനക്കാരായി ഉണ്ടാകരുത്, അബോട്ട് പറഞ്ഞു.

നേരത്തെ, 2026 ജനുവരിയിൽ ടെക്സസ് സംസ്ഥാന ഏജൻസികളും പൊതുമേഖലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പുതിയ എച് 1 ബി. വിസ അപേക്ഷകൾ സമർപ്പിക്കുന്നതിന് അബോട്ട് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ടെക്സസ് വർക്ക്ഫോഴ്സ് കമ്മീഷന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെ പുതിയ ഒ1ആ അപേക്ഷകൾ നൽകാൻ കഴിയില്ലെന്നായിരുന്നു നിർദേശം. ഈ നിയന്ത്രണം 2027 മേയ് 31 വരെ തുടരാനാണ് നിലവിലെ തീരുമാനം.

അമേരിക്കൻ തൊഴിലാളികളെ മാറ്റിനിർത്താനല്ല, ആവശ്യമായ മേഖലകളിൽ തൊഴിലാളികളുടെ കുറവ് നികത്താനാണ് എച് 1 ബി. പദ്ധതി രൂപീകരിച്ചതെന്നും നികുതിദായകരുടെ പണം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലവസരങ്ങളിൽ ടെക്സസുകാർക്കും മറ്റ് അമേരിക്കക്കാർ ക്കും മുൻഗണന ലഭിക്കണമെന്നും അബോട്ട് പറഞ്ഞു.

അതേസമയം, ഇത് നിലവിൽ ഗവർണർ മുന്നോട്ടുവച്ച നിയമനിർമാണ നിർദേശമാണ്; ടെക്സസ് പൊതുവിദ്യാലയങ്ങളിലെ ഒ1ആ ജീവനക്കാർക്ക് ഇപ്പോൾ തന്നെ പ്രാബല്യത്തിലുള്ള സമ്പൂർണ നിരോധനമാണെന്ന് ഇതിനെ വ്യാഖ്യാനിക്കരുത്. നിർദേശം നിയമമാകാൻ ടെക്സസ് നിയമസഭയുടെ നടപടികൾ ആവശ്യമാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എച് 1 ബി. വിസ ഉപയോഗവുമായി ബന്ധപ്പെട്ട കൂടുതൽ നടപടികൾ വരും ആഴ്ചകളിൽ പ്രഖ്യാപിക്കുമെന്നും അബോട്ട് അറിയിച്ചു.

## ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ പള്ളിയിൽ പരിശുദ്ധ സ്വർഗ്ഗാരോപണ തിരുനാൾ



ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ഭക്തിനിർഭരമായി ആഘോഷിച്ചു. ഓഗസ്റ്റ് 9 ഞായറാഴ്ച രാവിലെ 7:30ന് ആരംഭിച്ച തിരുനാൾ തിരുക്കർമ്മങ്ങൾക്ക് ഇന്ത്യയിൽ മിയാവു രൂപതയുടെ മെത്രാൻ മാർ ജോർജ്ജ് പള്ളിപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വിശുദ്ധ കുർബാന മധ്യേ നൽകിയ സന്ദേശത്തിൽ, ക്രൈസ്തവ ജീവിതത്തിലും തിരുസഭയുടെ വളർച്ചയിലും പരിശുദ്ധ ദൈവമാതാവിനുള്ള പ്രത്യേക പങ്കിനെക്കുറിച്ച് ബിഷപ്പ് അനുസ്മരിച്ചു. മാതാവിന്റെ മാതൃകയും മധ്യസ്ഥതയും ദൈനംദിന ജീവിതത്തിൽ വലിയ വഴികാട്ടിയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

വിശുദ്ധ കുർബാനയ്ക്ക് ശേഷം, ദേവാലയത്തിന് പിൻവശത്തായി നിർമ്മിക്കുന്ന പുതിയ സൺഡേ സ്കൂൾ മന്ദിരമായ ഹൊറൈസൺ സെന്ററിന്റെ ഗ്രൗണ്ട് ബ്രേക്കിംഗ് കർമ്മം ബിഷപ്പ് മാർ ജോർജ്ജ് പള്ളിപ്പറമ്പിൽ നിർവ്വഹിച്ചു.

വിശുദ്ധ കുർബാനയിലും അനുബന്ധ ചടങ്ങുകളിലും വികാരി ഫാ. അബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

കൈക്കാരന്മാരായ സാജി മരങ്ങാട്ടിൽ, ജെയിംസ് വടക്കേക്കര, സാബു കറുകപ്പറമ്പിൽ, നിഥിൻ വട്ടമറ്റത്തിൽ, സിസ്റ്റർ റെജി എസ്ജെസി, ബിബി തെക്കനാട്ട് എന്നിവരുടെ നേതൃത്വത്തിലാണ് തിരുനാൾ ആഘോഷങ്ങളും ശിലാസ്ഥാപന ചടങ്ങുകളും സംഘടിപ്പിച്ചത്. ആഘോഷങ്ങളിൽ നിരവധി ഇടവകാംഗങ്ങൾ പങ്കെടുത്തു.

## ടാമ്പാ ഇടവകയിൽ വിശ്വാസപരിശീലന പരിപാടിക്ക് ഉജ്ജ്വല തുടക്കം



**- റോബിൻ ചമ്പനിയിൽ**

ടാമ്പാ: സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്ക ഫൊറോനാ ദേവാലയത്തിലെ വിശ്വാസപരിശീലന പരിപാടിയുടെ പുതിയ അധ്യയന വർഷത്തെ പ്രവർത്തനങ്ങൾക്ക് 16ന് തുടക്കമായി.

വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി നടത്തിയ സംയുക്ത വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവക വികാരി ഫാ.ജോസ് അദോപ്പിള്ളിൽ തിരിതെളിച്ച് പുതിയ അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

പുതിയ മതബോധന ഡയറക്ടറായി സിജോയ് സിറിയക് പറപ്പള്ളിൽ ചുമതലയേറ്റു. ഡി.ആർ.ഇ. ആയിരുന്ന സാലി കുളങ്ങരയുടെ സമർപ്പിത സേവനത്തിനും നേതൃത്വത്തിനുമുള്ള ആദരസൂചകമായി ഇടവക ട്രസ്റ്റിമാർ ഉപഹാരം നൽകി.

ആൾത്താരയ്ക്ക് മുന്നിൽ എല്ലാ സൺഡേ സ്കൂൾ അധ്യാപകരും പ്രതിജ്ഞയെടുത്തു. തുടർന്ന് ഫാ. ജോസ് അധ്യാപകരെ ആശീർവദിച്ചു. സൺഡേ സ്കൂളിലെ എല്ലാ ക്ലാസ് മുറികളും ആശീർവദിച്ചു.

പുതിയ അധ്യയന വർഷത്തിനായുള്ള ഒരുക്കങ്ങളുടെ ഭാഗമായി തലേദിവസം അധ്യാപകർക്കായി പ്രത്യേക ഓറിയന്റേഷൻ വർക്ക്ഷോപ്പും സംഘടിപ്പിച്ചിരുന്നു. ഫാ.ജിമ്മി ജെയിംസ് വർക്ക്ഷോപ്പിന് നേതൃത്വം നൽകി. കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ അധ്യാപകരുടെ ഉത്തരവാദിത്വവും സമർപ്പണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയ അധ്യാപന രീതികൾ പരിചയപ്പെടുത്തുന്നതിനും വർക്ക്ഷോപ്പ് സഹായകമായി. സിജോയ് പറപ്പള്ളിൽ, എബിൻ തടത്തിൽ, ഡസ്റ്റിൻ മുടീക്കൻകുന്നേൽ എന്നിവർ സംസാരിച്ചു.

## 65 വർഷത്തിന് ശേഷം സൈനിക വധശിക്ഷയ്ക്ക് അമേരിക്ക ഒരുങ്ങുന്നു; ഫോർട്ട് ഹുഡ് കൂട്ടക്കൊല പ്രതി നിദാൽ ഹസനും പട്ടികയിൽ

**- പ്രസാദ് തീയാടിക്കൽ**

വാഷിങ്ടൺ: ആറര പതിറ്റാണ്ടിന് ശേഷം അമേരിക്കൻ സൈന്യത്തിൽ വധശിക്ഷ നടപ്പാക്കാനുള്ള സാധ്യത വീണ്ടും സജീവ ചർച്ചയാകുന്നു. പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്ന പക്ഷം സൈനിക വധശിക്ഷകൾ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഓപ്പറേഷൻ റെസല്യൂട്ട് ജസ്റ്റിസ്എന്ന പേരിൽ യു.എസ്.ആർമി തയ്യാറാക്കിയിട്ടുണ്ട്. 2009ലെ ഫോർട്ട് ഹുഡ് കൂട്ടവെടിവയ്പ്പ് നടത്തിയ മുൻ ആർമി മേജർ നിദാൽ മാലിക് ഹസനും നിലവിൽ സൈനിക വധശിക്ഷ കാത്തിരിക്കുന്നവരിൽ ഉൾപ്പെടുന്നു.

2009 നവംബർ 5ന് ടെക്സസിലെ ഫോർട്ട് ഹുഡിൽ ഹസൻ നടത്തിയ വെടിവയ്പ്പിൽ 13 പേർ കൊല്ലപ്പെടുകയും 30ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. കേസിൽ 13 മുൻകൂട്ടി ആസൂത്രണം ചെയ്ത കൊലപാതക കുറ്റങ്ങളിലും 32 വധശ്രമ കുറ്റങ്ങളിലും ഹസൻ കുറ്റക്കാരനാണെന്ന് സൈനിക കോടതി കണ്ടെത്തി. 2013ൽ അദ്ദേഹത്തിന് വധശിക്ഷ വിധിച്ചു.

വധശിക്ഷ നടപ്പാക്കുന്നതിനുള്ള സാഹചര്യങ്ങൾ മുന്നിൽക്കണ്ട് യു.എസ്. ആർമി തയ്യാറാക്കിയ

ഓപ്പറേഷൻ റിസോൾട്ട് ജസ്റ്റീസ് പദ്ധതിയിൽ, സൈനിക വധശിക്ഷ കാത്തിരിക്കുന്ന തടവുകാരെ കാൻസസിലെ ഫോർട്ട് ലീവൻവർത്തിൽ നിന്ന് ഇൻഡിയാനയിലെ ടെർ ഹോട്ടിലുള്ള ഫെഡറൽ എക്സിക്യൂഷൻ കേന്ദ്രത്തിലേക്ക് മാറ്റുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് റിപ്പോർട്ടുകൾ പറയുന്നു.

# മന്ത്ര രാമായണ മാസാചരണം ഭക്തിസാന്ദ്രമായി സമാപിച്ചു

സനാതന ധർമ്മത്തിന്റെ മഹത്തായ ജീവിതമൂല്യങ്ങളും രാമായണത്തിന്റെ തത്ത്വസന്ദേശവും സമൂഹത്തിലേക്കും വരുംതലമുറകളിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ മന്ത്ര സംഘടിപ്പിച്ച രാമായണ മാസാചരണം വിവിധ ആത്മീയപഠന പരിപാടികളോടെ ഭക്തിസാന്ദ്രമായി സമാപിച്ചു.

ബ്രഹ്മശ്രീ മനോജ് വി. നമ്പൂതിരിയുടെ അനുഗ്രഹപ്രഭാഷണത്തോടെയാണ് രാമായണ മാസാചരണത്തിന് തുടക്കമായത്. തുടർന്ന് ഒരു മാസക്കാലം രാമായണ പാരായണം, ചർച്ചകൾ, വ്യാഖ്യാനങ്ങൾ, ആശയസംവാദങ്ങൾ എന്നിവ സംഘടിപ്പിച്ചു. മന്ത്ര ജനറൽ സെക്രട്ടറി ഉണ്ണി തൊയക്കാട്ടിന്റെ നേതൃത്വത്തിൽ നടന്ന പരിപാടികൾ രഞ്ജിനി നായർ, കാനഡ ഏകോപിപ്പിച്ചു. വിവിധ സ്ഥലങ്ങളിൽ നിന്നുള്ള കുടുംബങ്ങൾക്ക് ഒരുമിച്ച് രാമായണ പാരായണത്തിലും ചർച്ചകളിലും പങ്കുചേരാൻ അവസരമൊരുക്കിയത് മാസാചരണത്തിന്റെ പ്രത്യേകതയായി.

സമാപന സമ്മേളനത്തിൽ ബ്രഹ്മശ്രീ കിഴക്കേടം ഹരി നാരായണൻ ജിയുടെ പ്രഭാഷണവും സത്സംഗവും പങ്കെടുത്തവർക്ക് വേറിട്ട ആത്മീയാനുഭവമായി. രാമായണ മാസാചരണത്തിന്റെ വിജയം പങ്കാളിത്തത്തിന്റെ എണ്ണത്തിലല്ല, രാമായണ തത്ത്വത്തിന്റെ ഊർജ്ജം പങ്കെടുത്ത ഓരോ വ്യക്തിയിലേക്കും എത്രത്തോളം എത്തിക്കാൻ സാധിച്ചു എന്നതിലായിരിക്കണം വിലയിരുത്തേണ്ടത് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. പങ്കെടുക്കുന്നവരുടെ മനസ്സിലേക്ക് രാമായണത്തിന്റെ തത്ത്വവും ധാർമ്മിക സന്ദേശവും ആഴത്തിൽ എത്തിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

രാമായണം കേവലം പാരായണത്തിൽ ഒതുങ്ങാതെ, അതിന്റെ തത്ത്വവും ധർമ്മബോധവും ജീവിതത്തിലേക്ക് പകർത്താനുള്ള പ്രചോദനമായി മാറണമെന്ന സന്ദേശത്തോടെയാണ് ഒരു മാസക്കാലം നീണ്ടുനിന്ന പരിപാടികൾക്ക് സമാപനമായത്.

# അമേരിക്കയിൽ ഏറ്റവും കൂടുതൽ കാലം തടവുശിക്ഷ അനുഭവിച്ച വ്യക്തി 101-ാം വയസ്സിൽ അന്തരിച്ചു

**- പി പി ചെറിയാൻ**



റോക്കി ഹിൽ: അമേരിക്കൻ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം തടവുശിക്ഷ അനുഭവിച്ച ഫ്രാൻസിസ് ക്ലിഫോർഡ് സ്മിത്ത് (101) അന്തരിച്ചു. 1949ൽ ഗ്രീൻവിച്ചിലെ യോട്ട് ക്ലബ്ബിലെ വാച്ച്മാനെ കൊലപ്പെടുത്തിയ കേസിൽ 1950ലാണ് ഇയാൾക്ക് വധശിക്ഷ വിധിക്കുന്നത്.

തുടർന്ന് എട്ട് തവണ വിധി നടപ്പാക്കുന്നതിന് തൊട്ടുമുമ്പ് അവസാന ആഗ്രഹം ചോദിച്ച് ഭക്ഷണം നൽകിയെങ്കിലും, വിവിധ കാരണങ്ങളാൽ വധശിക്ഷ നീട്ടിവെക്കുകയായിരുന്നു. കേസിൽ തെളിവുകളുടെ അഭാവവും അന്വേഷണ ഉദ്യോഗസ്ഥന്റെ സംശയങ്ങളും ഉയർന്നതിനെ തുടർന്ന് 1954ൽ വിധി ജീവപര്യന്തം തടവായി കുറച്ചു.

ഏകദേശം 70 വർഷത്തോളം ശിക്ഷ അനുഭവിച്ച സ്മിത്ത്, അവസാന കാലത്ത് റോക്കി ഹില്ലിലെ ഒരു നഴ്സിംഗ് ഹോമിൽ പരോളിൽ കഴിയവേയാണ് വാർദ്ധക്യ സഹജമായ കാരണങ്ങളാൽ മരണപ്പെട്ടത്.

# പലസ്തീൻ പൗരന്മാർക്കെതിരായ അക്രമം അവസാനിപ്പിക്കുക: പാപ്പാ

വത്തിക്കാൻ: മധ്യപൂർവേഷ്യയിൽ പ്രത്യേകിച്ചും, വെസ്റ്റ് ബാങ്കിൽ നടന്നുകൊണ്ടിരിക്കുന്ന അക്രമങ്ങളെക്കുറിച്ച്, പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ ആശങ്ക രേഖപ്പെടുത്തി. ഓഗസ്റ്റ് മാസം പതിനാറാം തീയതി നടത്തിയ മധ്യാഹ്ന പ്രാർത്ഥനാ വേളയിലാണ്, അക്രമം അവസാനിപ്പിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് പാപ്പാ സംസാരിച്ചത്.

വെസ്റ്റ് ബാങ്കിലെ പലസ്തീൻ പൗരന്മാർക്കെതിരായ ആവർത്തിച്ചുള്ള അക്രമങ്ങൾ അവസാനിപ്പിക്കുവാൻ ഒരിക്കൽക്കൂടി ഞാൻ അഭ്യർത്ഥിക്കുന്നു. നീതിയുക്തവും ശാശ്വതവുമായ സമാധാനത്തിനായുള്ള ദ്വിരാഷ്ട്ര പരിഹാരം മുന്നോട്ട് കൊണ്ടു പോകാൻ അന്താരാഷ്ട്ര സമൂഹത്തോട് അടിയന്തിര പ്രധാന്യത്തോടെ ആഹ്വാനം ചെയ്യുന്നു.

പലസ്തീൻ സംസ്ഥാനത്തെ വെസ്റ്റ് ബാങ്കിലെ നബ്ലസിനടുത്തുള്ള ഖുസ്ര എന്ന ഗ്രാമത്തിൽ ഇസ്രായേൽ കുടിയേറ്റക്കാർ, പലസ്തീൻ പൗരന്മാർക്കെതിരെയാണ് ആക്രമണം നടത്തുന്നത്. മനുഷ്യാവകാശ സംഘടനകളുടെ അഭിപ്രായത്തിൽ, കൂടുതൽ ഭൂമി പിടിച്ചെടുക്കാൻ തീവ്രവാദ കുടിയേറ്റക്കാർ സംഘടിത ശ്രമം നടത്തുകയാണ്. ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ പ്രകാരം, ജൂൺ അവസാനത്തോടെ, 2026ൽ കുടിയേറ്റക്കാരുടെ അക്രമം കാരണം വെസ്റ്റ് ബാങ്കിൽ ഏകദേശം 2,200 പലസ്തീനികളാണ് കുടിയിറക്കപ്പെട്ടത്.

# ന്യൂയോർക്കിൽ 44-ാമത് ഇന്ത്യാഡേ പരേഡ് ആഘോഷിച്ചു; കാത്തി ഹോചുൽ മുഖ്യാതിഥി



**- പി.പി ചെറിയാൻ**

ന്യൂയോർക്: ന്യൂയോർക്കിൽ നടന്ന 44-ാമത് ഇന്ത്യ ഡേ പരേഡിൽ ഗവർണർ കാത്തി ഹോചുൽ മുഖ്യാതിഥിയായി പങ്കെടുത്തു. മാഡിസൺ അവന്യൂവിൽ നടന്ന ചടങ്ങിൽ ലക്ഷക്കണക്കിന് ഇന്ത്യൻ വംശജർ അണിനിരന്നു.

ആഗസ്റ്റ് 15 ഇന്ത്യൻ സ്വാതന്ത്ര്യദിനമായി ന്യൂയോർക്ക് സംസ്ഥാനം ഔദ്യോഗികമായി പ്രഖ്യാപിച്ചു. പ്രമുഖ സിനിമാതാരങ്ങളായ പൂജ ഹെഗ്ഡെ, ആദിവി ശേഷ് എന്നിവർ പരേഡിലെ പ്രത്യേക അതിഥികളായി പങ്കെടുത്തു. വിവിധ രാഷ്ട്രീയ നേതാക്കളും ഇന്ത്യൻ സമൂഹത്തിന്റെ പ്രതിനിധികളും ചടങ്ങിൽ സന്നിഹിതരായിരുന്നു. പാരമ്പര്യത്തിലെ ഐക്യംഎന്ന പ്രമേയത്തിലായിരുന്നു ഇ ഈ വർഷത്തെ ആഘോഷം. ഇന്ത്യയുടെ സംസ്കാരവും വൈവിധ്യവും വിളിച്ചോതുന്ന 36 ഫ്ലോട്ടുകളും നൃത്തപരിപാടികളും പരേഡിന് മാറ്റുകൂട്ടി.

# കെ.എച്ച്.എൻ.എ ഫ്ലോറിഡ റീജിയണൽ ടീം



ഫ്ലോറിഡ: കെ.എച്ച്.എൻ.എ സൗത്ത് ഈസ്റ്റ് റീജിയണിലെ ഫ്ലോറിഡ സംസ്ഥാനത്തെ പുതിയ നേതൃനിരയെ പ്രഖ്യാപിച്ചു. പ്രദീപ് ബി. പിള്ളയുടെ നേതൃത്വത്തിലാണ് വിപുലമായ ടീമിന് രൂപം നൽകിയിരിക്കുന്നത്.

റീജിയണൽ വൈസ് പ്രസിഡന്റായി ചുമതലയേറ്റ പ്രദീപ് ബി.പിള്ളയുടെ നേതൃത്വത്തിൽ, ഫ്ലോറിഡ റീജിയണൽ ചെയറായി ഡോ.ശ്രീകുമാർ ചെല്ലപ്പനും, റീജിയണൽ സെക്രട്ടറിയായി അഭിജിത്ത് പഴേടത്തും, ജോയിന്റ് സെക്രട്ടറിയായി നന്ദകുമാർ ചക്കിങ്ങലും ചുമതലകൾ ഏറ്റെടുത്തു. കെ.എച്ച്.എൻ.എ. നാഷണൽ ബോർഡ് ഓഫ് ഡയറക്ടർ അംഗങ്ങളായ അനഘ വാര്യർ, ഗോപൻ നായർ, സുജിത് കുമാർ അച്യുതൻ എന്നിവരും ടീമിന്റെ ഭാഗമാണ്. ഈ മേഖലയിലെ കെ.എച്ച്.എൻ.എ യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്നതാണ് ഇവരുടെ പ്രധാന ചുമതല.

യുവജന വിഭാഗത്തിൽ ദേവിക വികാസ് യൂത്ത് ചെയർപേഴ്സണായും, ദർശന വികാസ് യൂത്ത് സെക്രട്ടറിയായും, സനിക പിള്ള യൂത്ത് ട്രഷററും സോഷ്യൽ മീഡിയ മാനേജറുമായും, ഹിമഗംഗ വിനോദ് നായർ, മാധവ് സുരേഷ് നായർ എന്നിവർ യൂത്ത് കോ സെക്രട്ടറിമാരായും, ഹരി കോപ്പള്ളിൽ, തുഷാര വിനോദ് നായർ, സിദ്ധാർഥ് നായർ എന്നിവർ യൂത്ത് കോ ചെയർമാരായും പ്രവർത്തിക്കും.

കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി.ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ് കുമാർ കെ.വി., ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള എന്നിവരുൾപ്പെടുന്ന ദേശീയ നേതൃത്വത്തിന്റെ പൂർണ പിന്തുണയോടെ പുതിയ ഫ്ലോറിഡ റീജിയണൽ കമ്മിറ്റി പ്രവർത്തനമാരംഭിക്കുന്നു.

# വിദേശ ബീഫ് ഇറക്കുമതി: കർഷകരുടെ ആശങ്ക

**- പി ചെറിയാൻ**

ഒക്ലഹോമ: രാജ്യത്തെ ബീഫ് വിപണി വില സ്ഥിരപ്പെടുത്തുന്നതിനായി വിദേശ ഇറക്കുമതി ബീഫ് വിപണി വിലയേക്കാൾ 25% കുറഞ്ഞ നിരക്കിൽ വിൽക്കാൻ യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കരാർ പ്രഖ്യാപിച്ചു. അടുത്ത 90 ദിവസത്തേക്കാണ് ഈ തീരുമാനം.

അടുത്ത രണ്ട് ആഴ്ചയ്ക്കുള്ളിൽ പ്രസിഡന്റ് എക്സിക്യൂട്ടീവ് ഓർഡറിൽ ഒപ്പുവെക്കും. കാട്ട താരിഫുകളൊന്നും ബാധകമായിരിക്കില്ല.

കർഷകരെ സഹായിക്കാനാണ് ഈ പദ്ധതിയെന്ന് വൈറ്റ് ഹൗസ് അവകാശപ്പെടുന്നുണ്ടെങ്കിലും, ഒക്ലഹോമ കാറ്റിൽമെൻസ് അസോസിയേഷൻ ഇതിനെതിരെ രംഗത്തെത്തി.

സർക്കാർ വിപണിയിൽ ഇടപെടുന്നതിന് പകരം വില നിർണ്ണയം ഉപഭോക്താക്കൾക്കും ഉത്പാദകർക്കും വിടണമെന്ന് കർഷകർ ആവശ്യപ്പെടുന്നു. ഇടനിലക്കാരുടെ ഇടപെടൽ കാരണം ഈ വിലക്കുറവ് സാധാരണക്കാർക്ക് ലഭിക്കില്ലെന്നും ഇവർ ചൂണ്ടിക്കാണിക്കുന്നു.

വരൾച്ചയും ഉയർന്ന ചെലവും കാരണം രാജ്യത്ത് കാലിക്കൂട്ടങ്ങളുടെ എണ്ണം കുറഞ്ഞതാണ് ഈ പ്രതിസന്ധിക്ക് കാരണം.

## സ്നേഹത്തിന്റെയും അതിജീവനത്തിന്റെയും കഥ പറഞ്ഞു സജി കൊട്ടാരക്കര

**- പി.പി.ചെറിയാൻ**



ഡാളസ്: സേവനത്തിന്റെയും ആത്മസമർപ്പണത്തിന്റെയും സന്ദേശവുമായി അമേരിക്കൻ മണ്ണിൽ ഹൃദയസ്പർശിയായ അനുഭവങ്ങൾ പങ്കുവെച്ച് സാമൂഹിക പ്രവർത്തകൻ സജി കൊട്ടാരക്കര. കടുത്ത ആരോഗ്യ പ്രതിസന്ധികളെയും ദുരിതങ്ങളെയും അതിജീവിച്ച്, തനിക്ക് ലഭിച്ച ജീവിതം മറ്റുള്ളവർക്കായി മാറ്റിവെച്ച ഇദ്ദേഹത്തിന്റെ യാത്ര പ്രവാസികളായ മലയാളികൾക്കും വലിയൊരു പ്രചോദനമായിരിക്കുകയാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി കേരള അസോസിയേഷൻ ഓഫ് ഡാളസും ഇന്ത്യ കൾച്ചറൽ ആന്റ് എഡ്യൂക്കേഷൻ സെന്ററും ചേർന്ന് സംഘടിപ്പിച്ച സന്നദ്ധ രക്തദാന ക്യാമ്പും കേരള ലിറ്ററി സൊസൈറ്റി ഓഫ് ഡാളസിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച സാഹിത്യ സമ്മേളനത്തിലും പങ്കെടുക്കുന്നതിനെത്തിയ സജി തന്റെ തിക്തമായ ജീവിതാനുഭവം യോഗത്തിൽ പങ്കുവെച്ചു.

ഒന്നര വയസ്സിൽ വലിയ നഷ്ടങ്ങൾ നേരിടേണ്ടി വരികയും, ഒരുകാലത്ത് എഴുന്നേറ്റുനിൽക്കാൻ പോലും കഴിയാത്തവിധം ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്ത വ്യക്തിയാണ് ഇദ്ദേഹം. എന്നാൽ, കഠിനാധ്വാനത്തിലൂടെയും കൂട്ടായ്മകളുടെയും പ്രാർത്ഥനയുടെയും പിന്തുണയോടെയും ആരോഗ്യം വീണ്ടെടുത്ത് ഇന്ന് സ്വന്തം കാലിൽ നിൽക്കാനും വിദേശയാത്രകൾ നടത്താനും കഴിയുന്ന അവസ്ഥയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. ഒരുകാലത്ത് വിമാനത്താവളത്തിന്റെ പടിവാതിൽക്കൽ എത്താൻ പോലും കഴിയുമോ എന്ന് സംശയിച്ച ജീവിതത്തിൽ നിന്നാണ് ഇന്ന് അമേരിക്കയിലേക്കുള്ള രണ്ടാം വരവ് എന്നതും ഏറെ ശ്രദ്ധേയമാണ്.

തനിക്ക് ലഭിച്ച ജീവിതവും ആരോഗ്യവും തനിക്കുവേണ്ടി മാത്രം ഉപയോഗിക്കാതെ, സമൂഹത്തിലെ അർഹതപ്പെട്ടവർക്കായി നീക്കിവെക്കുകയാണ് ഇദ്ദേഹം. കഴിഞ്ഞ അഞ്ച് വർഷമായി എല്ലാ മാസവും മുപ്പത്തിനാലോളം കുടുംബങ്ങൾക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങൾ എത്തിച്ചു നൽകാനും, ഡയാലിസിസ് രോഗികൾക്ക് കൈത്താങ്ങാകാനും ഈ ചെറിയ സംരംഭത്തിലൂടെ സാധിക്കുന്നുണ്ട്. 'ഞാൻ എനിക്കുവേണ്ടി മാത്രം ജീവിച്ചാൽ വളരുന്നത് ഞാൻ മാത്രമായിരിക്കും, എന്നാൽ ജീവിതത്തിൽ നിന്ന് അല്പമെങ്കിലും മറ്റൊരാളിലേക്ക് പകരാൻ കഴിഞ്ഞാൽ സമൂഹത്തിൽ മാറ്റമുണ്ടാക്കാം' എന്ന ലളിതമായ തത്വമാണ് ഈ കർമ്മനിരതമായ ജീവിതത്തിന് പിന്നിൽ.

വരാനിരിക്കുന്ന കാലത്ത് കുറഞ്ഞത് ഇരുപത് കുടുംബങ്ങൾക്കെങ്കിലും സ്വന്തമായി ഒരു വീട് യാഥാർത്ഥ്യമാക്കി കൊടുക്കുക എന്ന വലിയൊരു സ്വപ്നവും ഇദ്ദേഹത്തിന്റെ മനസ്സിലുണ്ട്. നിരവധി സുഹൃത്തുക്കളിൽ നിന്നും ലഭിച്ച സ്നേഹവും പിന്തുണയും ജീവിതത്തിലെ വലിയ സമ്പാദ്യമാണെന്ന് അദ്ദേഹം ഓർമ്മിച്ചു. പ്രതിസന്ധികളെ അതിജീവിച്ച് സ്നേഹം മാത്രം കൈമുതലായി മുന്നോട്ടു പോകുന്ന ഈ മാതൃകാപരമായ ജീവിതയാത്ര ചുറ്റുമുള്ളവർക്കും വലിയൊരു പാഠമാണ് നൽകുന്നത്.

| | |
|---|---|
| 17 Sept | Vishwakarma Puja |
| 17 Sept | World Patient Safety Day |
| 17 Sept | PM Narendra Modi's Birthday |

## ഫിയാക്കൊനാ മത സ്വാതന്ത്ര്യസമ്മേളനം നടന്നു; ഡോ.ബാബു വർഗീസിനും സിജു തോമസിനും പുരസ്കാരം




വിർജീനിയ: ഇന്ത്യയിൽ ക്രൈസ്തവർക്കെതിരെ വർധിച്ചുവരുന്ന അക്രമങ്ങൾ, പാസ്റ്റർമാർക്കും വിശ്വാസികൾക്കും നേരെയുള്ള ആക്രമണങ്ങളും ഭീഷണികളും, മതപരിവർത്തന നിരോധന നിയമങ്ങളുടെ ദുരുപയോഗം, വിദേശ സംഭാവന നിയന്ത്രണ നിയമത്തിൽ (എഫ്.സി.ആർ.എ.) നിർദേശിച്ചിരിക്കുന്ന ഭേദഗതികൾ എന്നിവയിൽ ഫിയാക്കൊനാ മത സ്വാതന്ത്ര്യ ദേശീയ സമ്മേളനം 2026 ഗൗരവമായ ആശങ്ക രേഖപ്പെടുത്തി.

വടക്കേ അമേരിക്കയിലെ ഇന്ത്യൻ ക്രൈസ്തവ സഭകളെയും സംഘടനകളെയും ഒരുമിപ്പിച്ച് മതസ്വാതന്ത്ര്യത്തിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്ന ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻസ് ഓഫ് നോർത്ത് അമേരിക്ക (ഫിയാക്കൊനാ) സംഘടിപ്പിച്ച സമ്മേളനം ഓഗസ്റ്റ് എട്ടിന് വിർജീനിയയിലെ ആഷ്ബേണിൽ നടന്നു.

സഭാ നേതാക്കൾ, പാസ്റ്റർമാർ, മതസ്വാതന്ത്ര്യ പ്രവർത്തകർ, നിയമവിദഗ്ധർ, സാമൂഹികരാഷ്ട്രീയ രംഗത്തെ പ്രതിനിധികൾ, വിവിധ സംഘടനാ നേതാക്കൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ സമൂഹം നേരിടുന്ന വെല്ലുവിളികൾ സമ്മേളനം വിശദമായി ചർച്ചചെയ്തു. പാസ്റ്റർമാർക്കും വിശ്വാസികൾക്കും നേരെയുള്ള അക്രമങ്ങൾ, പ്രാർഥനായോഗങ്ങളും ആരാധനകളും തടസ്സപ്പെടുത്തൽ, വിശ്വാസികളെ ഭീഷണിപ്പെടുത്തൽ, മതപരിവർത്തന നിരോധന നിയമങ്ങൾ ഉപയോഗിച്ച് പാസ്റ്റർമാർക്കും വിശ്വാസികൾക്കുമെതിരേ കേസെടുക്കുന്നതായുള്ള പരാതികൾ എന്നിവയിൽ സമ്മേളനം ഉത്കണ്ഠ രേഖപ്പെടുത്തി.

ക്രൈസ്തവർക്കെതിരേ വർധിച്ചുവരുന്ന അക്രമങ്ങളും ഭീഷണികളും വിവേചനപരമായ സമീപനങ്ങളും രാജ്യത്തെ മതസ്വാതന്ത്ര്യത്തിന് ഗുരുതരമായ വെല്ലുവിളിയാണെന്ന് സമ്മേളനം വിലയിരുത്തി.

എഫ്.സി.ആർ.എ. രജിസ്ട്രേഷൻ റദ്ദാകുകയോ പുതുക്കപ്പെടാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ വിദേശ സംഭാവന ഉപയോഗിച്ച് സമ്പാദിച്ച സ്വത്തുക്കളുടെയും മറ്റ് ആസ്തികളുടെയും നിയന്ത്രണം സർക്കാർ നിയോഗിക്കുന്ന പ്രത്യേക സംവിധാനത്തിന്റെ കീഴിലാക്കാൻ വഴിയൊരുക്കുന്ന നിർദേശങ്ങൾ സമ്മേളനം പ്രത്യേകം ചർച്ച ചെയ്തു. സഭകളുടെയും ക്രൈസ്തവ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്വത്തുക്കളെയും ആരാധനാലയങ്ങളെയും ബാധിക്കാനിടയുള്ള ഇത്തരം വ്യവസ്ഥകൾ ക്രൈസ്തവ സമൂഹത്തിൽ ഗൗരവമായ ആശങ്ക സൃഷ്ടിക്കുന്നതായി പ്രതിനിധികൾ ചൂണ്ടിക്കാട്ടി.

വിദേശ സംഭാവനകളുടെ വിനിയോഗത്തിൽ സുതാര്യതയും സാമ്പത്തിക ഉത്തരവാദിത്വവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ഫിയാക്കൊനാ അംഗീകരിക്കുന്നു. എന്നാൽ അതിന്റെ പേരിൽ നിയമാനുസൃതമായി പ്രവർത്തിക്കുന്ന സഭകൾക്കുംക്രൈസ്തവ വിദ്യാഭ്യാസ ജീവകാരുണ്യ സ്ഥാപനങ്ങൾക്കും അനാവശ്യമായ നിയന്ത്രണങ്ങളോ പ്രതിസന്ധികളോ ഉണ്ടാകരുത്. നിയമം നടപ്പാക്കുന്നതിൽ നീതിപൂർവമായ നടപടിക്രമവും സമയബന്ധിതമായ തീരുമാനങ്ങളും ഫലപ്രദമായ അപ്പീൽ സംവിധാനവും ഉറപ്പാക്കണമെന്നും മതത്തി ന്റെ പേരിലുള്ള വിവേചനത്തിനോ ഏകപക്ഷീയ നടപടികൾക്കോ അവസരമുണ്ടാകരുതെന്നും സമ്മേളനം ആവശ്യപ്പെട്ടു.

എഫ്.സി.ആർ.എ.ഭേദഗതിയുമായി ബന്ധപ്പെട്ട് ഇന്ത്യൻ ക്രൈസ്തവ സമൂഹം ഉയർത്തുന്ന ആശങ്കകൾ ബന്ധപ്പെട്ട അധികാരികളുടെയും നയരൂപീകരണ കേന്ദ്രങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരാനും, സഭകളുടെ മതസ്വാതന്ത്ര്യവും സ്വത്തവകാശവും നിയമാനുസൃതമായ മതജീവകാരുണ്യ പ്രവർത്തനങ്ങളും സംരക്ഷിക്കപ്പെടുന്നതിനാവശ്യമായ മാറ്റങ്ങൾക്കായി തുടർന്നും ഇടപെടാനും ഫിയാക്കൊനാ തീരുമാനിച്ചു.

ഡോ.ബാബു വർഗീസിനും സിജു തോമസിനും മതസ്വാതന്ത്ര്യ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം നൽകി.

സമ്മേളനത്തോടനുബന്ധിച്ച് മതസ്വാതന്ത്ര്യത്തിനും പീഡനം നേരിടുന്ന ക്രൈസ്തവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും നൽകിയ സംഭാവനകൾ പരിഗണിച്ച് ഡോ. ബാബു വർഗീസിനും എ. ഡി.എഫ്. ഇന്ത്യ ദേശീയ ഡയറക്ടർ സിജു തോമസിനും ഫിയാക്കൊനാ മതസ്വാതന്ത്ര്യ ചാമ്പ്യൻ പുരസ്കാരം 2026 സമ്മാനിച്ചു.

മുംബൈയിൽ നിന്നുള്ള പത്രപ്രവർത്തകനും ചരിത്രകാരനും ഭാഷാപണ്ഡിതനും എഴുത്തുകാരനും ബൈബിൾ അധ്യാപകനുമായ ഡോ.ബാബു വർഗീസിനെ, മൂന്നു പതിറ്റാണ്ടിലേറെയായി ക്രൈസ്തവ പീഡനവും മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ആദരിച്ചത്. ലെറ്റ് ദേർ ബി ഇന്ത്യ, ബേൺറ്റ് എലൈവ് എന്നിവ അദ്ദേഹത്തിന്റെ ശ്രദ്ധേയ കൃതികളാണ്. അദ്ദേഹത്തിന്റെ രചനകളെ ആസ്പദമാക്കി നാല് ചലച്ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഏറ്റവും പുതിയ ചലച്ചിത്രമായ ഗവാഹ് ഓഗസ്റ്റ് 29ന് ന്യൂയോർക്കിൽ ലോക പ്രീമിയർ നടത്തും.

സിജു തോമസിനെ മതസ്വാതന്ത്ര്യ സംരക്ഷണത്തിനും പീഡനം നേരിടുന്ന ക്രൈസ്തവർക്കുവേണ്ടിയുള്ള നിയമപോരാട്ടങ്ങളിലെ നേതൃത്വത്തിനുമാണ് ആദരിച്ചത്. സമ്മേളനത്തിൽ അവതരിപ്പിച്ച വിവരങ്ങൾ പ്രകാരം, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ എ. ഡി.എഫ്. ഇന്ത്യ 200ലധികം കേസുകളിൽ അനുകൂല കോടതി വിധികൾ നേടുകയും, ഏകദേശം 3,400 ക്രൈസ്തവരുടെ മോചനത്തിന് സഹായിക്കുകയും, 1,100ലധികം ആരാധനാലയങ്ങൾ വീണ്ടും തുറക്കാൻ ഇടപെടുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷത്തിലധികം വിശ്വാസികൾക്കും പാസ്റ്റർമാർക്കും സഭാ നേതാക്കൾക്കും അഭിഭാഷകർക്കും പരിശീലനം നൽകിയതായും സമ്മേളനത്തിൽ അറിയിച്ചു.

അസോസിയേഷൻ ഓഫ് ക്രിസ്ത്യൻ സ്കൂൾസ് ഇന്റർനാഷണൽ വൈസ് പ്രസിഡന്റ് മൈക്ക് എപ്പ്, ട്രാക്ക് ലീഗ് ഡയറക്ടർ ഫിൽ ബോണ്ടെസ്മ എന്നിവർ പുരസ്കാരങ്ങൾ സമ്മാനിച്ചു.

കാലിഫോർണിയ, മിഷിഗൺ, ഒക്ലഹോമ, കൊളറാഡോ, വാഷിംഗ്ടൺ ഡി.സി., വിർജീനിയ, പെൻസിൽവേനിയ, ഇല്ലിനോയിസ്, ഫ്ലോറിഡ എന്നിവിടങ്ങളിൽനിന്നായി പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ഇന്ത്യയിൽനിന്നും ബ്രിട്ടനിൽനിന്നുമുള്ള പ്രതി

## 27 വർഷമായി താമസിക്കുന്ന ഇന്ത്യൻ വംശജയായ ഗ്രീൻ കാർഡ് ഉടമ ഐ.സി.ഇ കസ്റ്റഡിയിൽ

- പി പി ചെറിയാൻ



നോർത്ത് കരോലിന: അമേരിക്കയിൽ 27 വർഷമായി താമസിക്കുന്ന ഇന്ത്യൻ വംശജയും ഗ്രീൻ കാർഡ് ഉടമയുമായ വെങ്കട വശംശെട്ടിയെ (58) യു.എസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് കസ്റ്റഡിയിലെടുത്തു.

നോർത്ത് കരോലിനയിലെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അധ്യാപികയും ഗ്രാൻഡ് മദറുമാണ് വെങ്കട. 2013 മുതൽ സ്ഥിരതാമസ രേഖയുള്ള ഇവർക്ക് ക്രിമിനൽ പശ്ചാത്തലമില്ല.

കഴിഞ്ഞ മെയ് മാസത്തിൽ ഇമിഗ്രേഷൻ ജഡ്ജി ഇവരുടെ നാടുകടത്തൽ കേസ് തള്ളിക്കളഞ്ഞിരുന്നു. എന്നാൽ, ഓഗസ്റ്റ് 11ന് പതിവ് പരിശോധനയ്ക്കായി എത്തിയപ്പോൾ ഐ.സി.ഇ അധികൃതർ ഇവരെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. നിലവിൽ ജോർജിയയിലെ ഇർവിൻ കൗണ്ടി ഡിറ്റൻഷൻ സെന്ററിലാണ് ഇവർ ഉള്ളത്.

2022-23 കാലഘട്ടത്തിൽ മാതാപിതാക്കളെ പരിചരിക്കാൻ ഇന്ത്യയിലായിരുന്ന സമയത്ത് കോവിഡ് ബാധിതയായി യാത്ര വൈകിയതിനാൽ, വെങ്കട സ്ഥിരതാമസം ഉപേക്ഷിച്ചുവെന്നാണ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റിയുടെ വാദം.

## പി.സി.എൻ.എ.കെ എൺപത്തി ഒന്നാമത് കൺവെൻഷനു ഒക്കലഹോമയിൽ പുതിയ ഭാരവാഹികൾ

- ശങ്കരൻകുട്ടി, ഹൂസ്റ്റൻ



ഒക്കലഹോമ: 2028 ജൂൺ 29 മുതൽ ജൂലൈ രണ്ടു വരെ ഒക്കലഹോമയിൽ നടക്കുന്ന നാല്പത്തി ഒന്നാമത് പെന്തക്കോസൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ് നാഷണൽ കോൺഫറൻസിലേക്കുള്ള ഒക്കലഹോമയിലെ സംഘാടകരെ തിരഞ്ഞെടുത്തു.

ലോക്കൽ കൺവീനർ പാസ്റ്റർ കെ.ഒ.ജോൺസൺ, ലോക്കൽ കൺവീനർ ബ്രദർ കുരിയൻ സക്കറിയ, ലോക്കൽ സെക്രട്ടറി ബ്രദർ ബാലൻപിള്ള, ലോക്കൽ ട്രഷറർ ബ്രദർ വർഗീസ് ജോസഫ്, സ്റ്റേറ്റ് കോ ഓർഡിനേറ്റർ & നാഷണൽ റെപ് ബ്രദർ ഫിന്നി എബ്രഹാം, ടെക്നോളജി കോഓർഡിനേറ്റർ & മുൻ നാഷണൽ റെപ് ബ്രദർ നോബി മാത്യു എന്നിവരെ തിരഞ്ഞെടുക്കപ്പെട്ടു,

നിധികളുടെ സാന്നിധ്യം സമ്മേളനത്തിന് അന്താരാഷ്ട്ര സ്വഭാവം നൽകി.

വിർജീനിയ പത്താം കോൺഗ്രസ് മണ്ഡലത്തിലെ റിപ്പബ്ലിക്കൻ സ്ഥാനാർഥി ഡേവ് ബെകിത്ത്, വിർജീനിയയിലെ റിപ്പബ്ലിക്കൻ നേതാവ് മൈക്ക് ക്ലാൻസി, സിജു തോമസ്, ഡോ.കെ.ബാബു വർഗീസ്, റവ. മനോ ഡാനിയേൽ തുടങ്ങിയവർ മുഖ്യ പ്രാസംഗികരായിരുന്നു.

ഫിയാക്കൊനാ പ്രസിഡന്റ് ബിമൽ ജോൺ, സാം തോമസ്, പാസ്റ്റർ റൂഫസ് ബിമനപ്പള്ളിൽ, സ്റ്റാൻലി ജോർജ്, നിക്സൺ ജോർജ്, പാസ്റ്റർ മാർക്ക് ഹാവോകിപ്, വിജയേന്ദ്ര ഡോമ എന്നിവരുൾപ്പെടെയുള്ള സംഘടനാ ഭാരവാഹികൾ സമ്മേളനത്തിന് നേതൃത്വം നൽകി. ബ്രദർ യേശുദാസ് പരിപാടികളുടെ ഏകോപനം നിർവഹിച്ചു.

## സീറോ മലബാർ കായികമേളയിൽ കൊപ്പേൽ സെന്റ് അൽഫോൻസാ വീണ്ടും ചാമ്പ്യന്മാർ




- മാർട്ടിൻ വിലങ്ങോലിൽ

ടെക്സസ്: വടക്കൻ അമേരിക്കൻ മലയാളി സമൂഹത്തിന്റെ കായികക്ഷമതയും വിശ്വാസവും ഐക്യവും വിളിച്ചോതി നാലു ദിവസം നീണ്ടുനിന്ന സീറോ മലബാർ ഇന്റർ പാരിഷ് സ്പോർട്സ് ഫെസ്റ്റിവലിന് (ഐ.പി.എസ്.എഫ് 2026) എഡിൻബർഗിൽ വർണ്ണാഭമായ സമാപനം.

വാശിയേറിയ വടംവലിയുടെ അവസാന വിസിലടിയോടെയും സ്റ്റേഡിയങ്ങളെ ഇളക്കിമറിച്ച ആർപ്പുവിളികളോടെയും സമാപിച്ച ഈ കായികമാമാങ്കത്തിൽ ആയിരത്തിഅഞ്ഞൂറിലധികം കായികതാരങ്ങളും നാലായിരത്തിൽ പരം കാണികളും പങ്കെടുത്തു.

ഓഗസ്റ്റ് 6 മുതൽ 9 വരെ എഡിൻബർഗ് ഡിവൈൻ മെഴ്സി സീറോ മലബാർ ചർച്ചിന്റെ ആതിഥേയത്വത്തിലും എഡിൻബർഗ് സിറ്റിയുടെ സഹകരണത്തിലും നടന്ന മേളയിലുടനീളം ഷിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ടിന്റെ സാന്നിധ്യവും ആത്മീയ അനുഗ്രഹങ്ങളും വൻ ആവേശമാണ് പകർന്നുനൽകിയത്. രൂപതാ പ്രൊക്യൂറേറ്റർ ഫാ. കുര്യൻ നെടുവേലിച്ചാലുങ്കൽ, ഡിവൈൻ മേഴ്സി വികാരി ഫാ.റോയ് മൂലേച്ചാലിൽ എന്നിവരുടെ നേതൃത്വത്തിലാണ് ചടങ്ങുകൾക്ക് തിരിതെളിഞ്ഞത്.

കൊപ്പേൽ സെന്റ് അൽഫോൻസാ വീണ്ടും ചാമ്പ്യന്മാരായി. ഹൂസ്റ്റൺ ഫൊറോനാ റണ്ണേഴ്സ് അപ്പും.

ഷിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് രക്ഷാധികാരിയായ സമിതിയിൽ ഫെസ്റ്റ് ചെയർമാൻ റവ.ഫാ.റോയ് മൂലേച്ചാലിൽ, ട്രസ്റ്റികളായ ജോജോ തോമസ്, മനോജ് മൈക്കിൾ, ജനറൽ കോർഡിനേറ്റർ ജോസഫ് ബിജു, സെക്രട്ടറി ഡോ. ഡാഫോഡിൽസ് അബ്രഹാം, അക്കൗണ്ട്സ് ഭാരവാഹി അൽവിൻ ജോസഫ്, ഗെയിം കോർഡിനേറ്റർ ബെൻ കളരിക്കൽ എന്നിവർ കേന്ദ്ര കമ്മിറ്റിക്ക് നേതൃത്വം നൽകി.

വിവിധ ഇടവകകളിൽ നിന്ന് വികാരിമാരും കോർഡിനേറ്റർമാരും മേളയുടെ വിജയത്തിനായി ഒന്നിച്ചു ചേർന്നു. എഡിൻബർഗ് ഡിവൈൻ മെർസി ചർച്ചിൽ നിന്ന് ഫാ.റോയ് മൂലേച്ചാലിൽ, ജോസ് ആന്റണി, മിനു ജോസഫ് എന്നിവരും, ഹൂസ്റ്റൺ സെന്റ് ജോസഫ്സ് ഫൊറോന ചർച്ചിൽ നിന്ന് ഫാ.ഡോ. സെബാസ്റ്റ്യൻ വലിയപറമ്പിൽ, ഫാ.ജോർജ് പാറയിൽ, മനു ഇമ്മാനുവൽ മൂന്നുമാക്കൽ, റോബിൻ ജോയ് എന്നിവരും നേതൃത്വം നൽകി. പിയർലാന്റ് സെന്റ് മേരീസ് ചർച്ചിൽ നിന്ന് ഫാ.വർഗീസ് ജോർജ് കുന്നത്ത്, സെർണി തോമസ്, അനില കരിക്കുന്നേൽ സെബാസ്റ്റ്യൻ എന്നിവരും, ഗാർലാന്റ് സെന്റ് തോമസ് ചർച്ചിൽ നിന്ന് ഫാ.സിബി സെബാസ്റ്റ്യൻ, ഫാ.ക്രിസ്റ്റിൻ പുതിയകുന്നേൽ, മാത്യു ഒഴുകയിൽ, സുജ കൈനിക്കര എന്നിവരും കോർഡിനേറ്റർമാരായിരുന്നു. ഓസ്റ്റിൻ സെന്റ് അൽഫോൻസയിൽ നിന്ന് ഫാ.ആന്റോ ജി. ആലപ്പാട്ട്, ജിയോ ജോസഫ്, ഗിജോ അരീക്കൻ എന്നിവരും, കോപ്പൽ സെന്റ് അൽഫോൻസയിൽ നിന്ന് ഫാ.മാത്യൂസ് മുൻജനനാട്ട്, ഫ്രാൻസിൽ ജോസഫ്, സോണി പോൾ എന്നിവരും പ്രവർത്തിച്ചു. സാൻ അന്റോണിയോയിൽ നിന്ന് ഫാ.ജോർജ് സി.ജോർജ്, സിറിയക് സ്കറിയ, മനു സെബാസ്റ്റ്യൻ എന്നിവരും, ഒക്ലഹോമയിൽ നിന്ന് ഫാ. ആന്റോ മാമ്പള്ളി, ജോബി ജോസഫ്, ഡൊമിനിക് ആന്റണി എന്നിവരും, ഫ്രിസ്കോയിൽ നിന്ന് ഫാ. ജിമ്മി ഇടക്കുളത്തൂർ കുര്യൻ, അജിത്ത് ജോസഫ്, ജാനറ്റ് റോയ് എന്നിവരും, കൻസാസ് സിറ്റിയിൽ നിന്ന് ഫാ. സുനോജ് തോമസും നേതൃനിരയിൽ പ്രവർത്തിച്ചു.

എഡിൻബർഗ് സിറ്റി മേയർ ഒമർ ഒച്ചോവ, മുൻ മേയർ റാമിറോ ഗാർസ ജൂനിയർ, സിറ്റി കൗൺസിൽ അംഗങ്ങൾ എന്നിവരുടെ നിർണ്ണായക പിന്തുണ മേളയ്ക്ക് ശക്തിയായി.

## ചിക്കാഗോ സെന്റ് മേരീസിൽ സമ്മർ ക്യാമ്പ് നടത്തി



ചിക്കാഗോ: മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ദേവാലത്തിൽ കുട്ടികൾക്കുവേണ്ടി മൂന്ന് ദിവസം നീണ്ടുനിന്ന സമ്മർ ക്യാമ്പ് വിജയകരമായി നടത്തപ്പെട്ടു. വികാരി ഫാ.സിജു മുടക്കോടിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ബൈബിൾ, പ്രാർഥന, വ്യക്തിത്വ വികസനം, സോഷ്യൽ മീഡിയ, ക്നാനായ ചരിത്രം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നടത്തപ്പെട്ടു.

ഫാ.സിജു മുടക്കോടിൽ, ഫാ.അനീഷ് മാവേലിപുത്തൻപുര, സി. അലീസ, ബ്രദർ ജോഷ്, ഷിജി അലക്സ്, ലിൻസൻ കൈതമലയിൽ, ഷൈനി വിരുത്തികുളങ്ങര, ജൂലി പുതുശ്ശേരിൽ, ജെയിംസ് കുന്നശ്ശേരി, റ്റിയ കണ്ടാരപ്പള്ളി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സജി പൂതൃക്കയിൽ ക്യാമ്പ് ഡയറക്ടർ ആയിരുന്നു. ക്യാമ്പിന്റെ ഭാഗമായി നിരവധി ഇൻഡോർ ഔട്ട്ഡോർ ഗയിമുകളും നടത്തിയിരുന്നു. നൈല വാളതാറ്റ്, ജോഷ്വ മരങ്ങാട്ടിൽ, ഡയന വള്ളൂർ എന്നിവർ മികച്ച ക്യാമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ടു. പാരിഷ് എക്സിക്യൂട്ടീവ്, സിസ്റ്റേഴ്സ്, അധ്യാപകർ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി

| | |
|---|---|
| 18 Sept | World Bamboo Day |
| 19 Sept | International Talk Like a Pirate Day |
| 19Sept | International Red Panda Day (3rd Saturday) |
| 21 Sept | International Day of Peace (UN) |

# കെ.എച്ച്.എൻ.എ എംപയർ സ്റ്റേറ്റ് റീജിയൺ ടീമിന് കണക്റ്റിക്കട്ട്, മസാച്ചുസെറ്റ്സ് സംസ്ഥാനങ്ങളിൽ വിപുലമായ നേതൃനിര




ഫ്ലോറിഡ: കെ.എച്ച്.എൻ.എ എംപയർ സ്റ്റേറ്റ് റീജിയണിന് പുതിയ നേതൃനിര. കണക്റ്റിക്കട്ട്, മസാച്ചുസെറ്റ്സ് എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്നതാണ് എംപയർ സ്റ്റേറ്റ് റീജിയൻ. ശ്രീലക്ഷ്മി അജയിന്റെ നേതൃത്വത്തിലാണ് വിപുലമായ ടീമിന് രൂപം നൽകിയത്.

എംപയർ സ്റ്റേറ്റ് റീജിയണൽ വൈസ് പ്രസിഡന്റായി ചുമതലയേറ്റ ശ്രീലക്ഷ്മി അജയിന്റെ നേതൃത്വത്തിൽ, റീജിയണൽ വൈസ് ചെയറായി വിഷ്ണു നവനീത് നാരായണൻ പ്രവർത്തിക്കും. നാഷണൽ ബോർഡ് ഓഫ് ഡയറക്ടർ അംഗങ്ങളായ വീണ പിള്ളയും ഗിരീഷ് പോറ്റിയും ടീമിൽ ഉൾപ്പെടുന്നു. ഈ മേഖലയിലെ കെ.എച്ച്.എൻ.എയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്നതാണ് ഇവരുടെ പ്രധാന ചുമതല.

റീജിയണൽ വിമൻസ് ചെയറായി അരുണ ആനന്ദും, യൂവ ആന്റ് യൂത്ത് ചെയറായി മിയ കിഴുതാനിയും ടീമിൽ ഉൾപ്പെടുന്നു. പ്രവാസി മലയാളി സമൂഹത്തിലെ വനിതകളെയും യുവജനങ്ങളെയും കൂടുതൽ സജീവമായി സംഘടനയിലേക്ക് അടുപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ നിയമനങ്ങൾ.

സംഘടനയുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനായി പ്രത്യേക ഫോറം ചെയർമാരെയും നിയമിച്ചിട്ടുണ്ട്. ബീനാ നായർ സ്പിരിചൽ ഫോറം ചെയറായും, ശ്രീജ വിഷ്ണു കൾച്ചറൽ ഫോറം ചെയറായും, ജ്യോതി മേനോനും വീണ മേനോനും വിമൻസ് ഫോറം വൈസ് ചെയർ ആയും പ്രവർത്തിക്കും. ആത്മീയം, സാംസ്കാരികം, വനിതാ ശാക്തീകരണം എന്നീ മേഖലകളിൽ സമൂഹത്തെ ഉയർത്തുകയാണ് ഈ ഫോറങ്ങളുടെ ദൗ ത്യം.

കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി.ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ്കുമാർ കെ.വി., ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ വനജ നായർ എന്നിവരുൾപ്പെടുന്ന ദേശീയ നേതൃത്വം പുതിയ എംപയർ സ്റ്റേറ്റ് റീജിയൺ ടീമിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു.

## മതപരമായ ജീവകാരുണ്യ സംഘടനകൾക്ക് 200 കോടി ഡോളറിന്റെ ചരിത്രപരമായ ഫണ്ടുമായി ട്രംപ് ഭരണകൂടം

**– പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡി സി: വിദേശ സഹായ രംഗത്ത് ചരിത്രപരമായ പ്രഖ്യാപനവുമായി യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്. ആഗോള ആരോഗ്യ മാനുഷിക സേവനങ്ങൾക്കായി വിശ്വാസാധിഷ്ഠിത സംഘടനകൾക്ക് ഏകദേശം 200 കോടി ഡോളറിന്റെ പങ്കാളിത്ത ധനസഹായം പ്രഖ്യാപിച്ചു.

കഴിഞ്ഞ 20 വർഷത്തിനിടയിൽ ഇത്തരം സംഘടനകൾക്ക് ലഭിക്കുന്ന ഏറ്റവും വലിയ ആഗോള ആരോഗ്യ വിദേശ സഹായമാണിത്. വേൾഡ് വിഷൻ, കംപാഷൻ ഇന്റർനാഷണൽ, സമരിറ്റൻസ് പഴ്സ് തുടങ്ങിയ പ്രമുഖ ആഗോള സംഘടനകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

അമേരിക്ക ഫസ്റ്റ് ആഗോള ആരോഗ്യ തന്ത്രത്തിന്റെ ഭാഗമായി, 20ലധികം രാജ്യങ്ങളിലെ വിശ്വാസാധിഷ്ഠിത ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും ആരോഗ്യ സേവനങ്ങൾക്കുമായി 140 കോടി ഡോളർ വകയിരുത്തിയിരിക്കുന്നു. ഇതിലൂടെ 30,000ത്തിലധികം ആരോഗ്യ പ്രവർത്തകർക്ക് പരിശീലനവും പിന്തുണയും ലഭിക്കും.

ദുരന്തമുഖങ്ങളിൽപെട്ട 7 ദശലക്ഷത്തോളം ആളുകളിലേക്ക് സഹായം എത്തിക്കുന്നതിനായി സമരിറ്റൻസ് പഴ്സിനും മറ്റ് കൺസോർഷ്യങ്ങൾക്കുമായി 53.8 കോടി ഡോളർ അനുവദിച്ചു. ഇതിൽ 10 കോടി ഡോളറിലധികം തുക ലോകമെമ്പാടുമുള്ള സ്വാഭാവിക ദുരന്തങ്ങളെ നേരിടാൻ ഉടൻ ലഭ്യമാക്കും.

"Nothing is all good or all bad ... Life is so much messier than that."
*-V.E. Schwab, The Invisible Life of Addie LaRue*

"There are years that ask questions and years that answer."
*-Zora Neale Hurston, Their Eyes Were Watching God*

"The longer I live, the more uninformed I feel. Only the young have an explanation for everything." *-Isabel Allende, City of the Beasts*

# ചിക്കാഗോ മലയാളി അസോസിയേഷൻ ഓണാഘോഷം നടത്തി



ചിക്കാഗോ: മലയാളത്തിന്റെ ഗൃഹാതുരതയും ഓർമ്മകളുടെ പൂക്കാലവും, ഒരുമയുടെയും സൗഹൃദത്തിന്റെയും സന്ദേശം പകർന്നു നൽകി ചിക്കാഗോ മലയാളി അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം ഓണം 2026 പ്രൗഢഗംഭീരമായി അരങ്ങേറി. പാരമ്പര്യത്തിന്റെയും കലാസാംസ്കാരിക വൈവിധ്യത്തിന്റെയും വർണപ്പകിട്ടിൽ നടന്ന ആഘോഷം ചിക്കാഗോയിലെ മലയാളി സമൂഹത്തിന് മറക്കാനാവാത്ത ഒരു ഓണാനുഭവമായി മാറി.

വൈകിട്ട് 5.30ന് വിഭവസമൃദ്ധമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. സീനിയർ അംഗം ഫിലിപ്പ് പുത്തൻപുര, പ്രിൻസ് ഈപ്പൻ എന്നിവർ ഇതിനു നേതൃത്വം നൽകി. തുടർന്ന് നടന്ന വർണാഭമായ ഘോഷയാത്രയിൽ നൂറുകണക്കിന് ആളുകൾ ആവേശപൂർവ്വം അണിനിരന്നു. മഹാബലി തിരുമേനിയെ സ്വീകരിച്ചുകൊണ്ട് നടന്ന ഘോഷയാത്രയ്ക്ക് താളമേളങ്ങളുടെ അകമ്പടിയോടെ ഗംഭീരമായ വരവേൽപ്പാണ് ഒരുക്കിയത്. ചെണ്ടമേളത്തിന്റെ താളത്തിൽ താലപ്പൊലിയേന്തിയ വനിതകളും കുട്ടികളും വിശിഷ്ടാതിഥികളും ചിക്കാഗോയിലെ വിവിധ മേഖലകളിൽ നിന്നെത്തിയ മലയാളികളും അണിനിരന്നപ്പോൾ, പങ്കെടുത്ത എല്ലാവർക്കും അത് വേറിട്ടൊരു അനുഭവമായി.

കേരള സർക്കാർ ചീഫ് വിപ്പ് അപു ജോൺ ജോസഫ്, എം.എൽ.എമാരായ അഡ്വ. വി.പി. സജീന്ദ്രൻ, അഡ്വ.എം.ജെ. സെബാസ്റ്റ്യൻ, ഫൊക്കാന, ഫോമാ നേതാക്കൾ തുടങ്ങി നിരവധി പ്രമുഖർ ഘോഷയാത്രയിൽ പങ്കെടുത്തു.

ഘോഷയാത്രയ്ക്കുശേഷം സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയത്തിലെ ഓണവേദിയിലേക്ക് മഹാബലി പ്രവേശിച്ചതോടെ ആഘോഷങ്ങൾക്ക് ആവേശകരമായ തുടക്കമായി. ചിക്കാഗോയിലെ വിവിധ ചെണ്ടമേള സംഘങ്ങളിലെ കലാകാരന്മാർ അണിനിരന്ന ഗംഭീരമായ ചെണ്ടമേളം സദസ്സിന്റെ ഹൃദയം കീഴടക്കി. ചെണ്ടമേള കോഓർഡിനേറ്റർ ജിനോയ് മാത്യുവിന്റെ നേതൃത്വത്തിൽ ചിക്കാഗോയിലെ വിവിധ ചെണ്ടമേള സംഘങ്ങളുടെ സഹകരണത്തോടെയാണ് പരിപാടി അരങ്ങേറിയത്.

മേളത്തിന്റെ ആവേശത്തിന് കൂടുതൽ മിഴിവേകി പോർട്ട്ലൻഡിൽ നിന്നെത്തിയ ആനന്ദനടയോഗിയുടെ വയലിൻ സംഗീതവും ചേർന്നപ്പോൾ, അത് താളത്തിന്റെയും ഈണത്തിന്റെയും അപൂർവ സംഗമമായി മാറി. കേരളത്തിന്റെ തനിമയും പ്രവാസജീവിതത്തിന്റെ സർഗാത്മകതയും ഒരേ വേദിയിൽ ലയിച്ച മനോഹര നിമിഷങ്ങൾക്കാണ് സദസ്സ് സാക്ഷ്യം വഹിച്ചത്.

തുടർന്ന് ചിക്കാഗോയിലെ വനിതകൾ അണിനിരന്ന് അവതരിപ്പിച്ച മെഗാ തിരുവാതിര അരങ്ങേറി. ചുവടുകളിലും ചലനങ്ങളിലും കേരളത്തിന്റെ പൈതൃകവും മലയാളിയുടെ ഗൃഹാതുരതയും നിറച്ച തിരുവാതിര സദസ്സിനെ ഗതകാലത്തിന്റെ മനോഹര ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടുപോയി.

തുടർന്നുള്ള കലാപരിപാടികൾക്ക് സാറ അനിൽ നേതൃത്വം നൽകി. നൃത്തവും സംഗീതവും ഗാനങ്ങളും കോർത്തിണക്കിയ വൈവിധ്യമാർന്ന കലാപരിപാടികൾ കാണികളുടെ മനം കവർന്നു.

തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ചിക്കാഗോ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി ബിജു മുണ്ടക്കൽ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ജോസ് മണക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം കേരള സർക്കാർ ചീഫ് വിപ്പ് അപു ജോൺ ജോസഫ് ഉദ്ഘാടനം ചെയ്തു.

അഡ്വ.എം. ജെ. സെബാസ്റ്റ്യൻ എം.എൽ.എ. ഓണാശംസകൾ നേർന്ന് സംസാരിച്ചു. പ്രവാസി മലയാളികളുടെ ക്ഷേമത്തിനും ആവശ്യങ്ങൾക്കുമായി തന്നാൽ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യാൻ ശ്രമിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി.

ചടങ്ങിൽ ചിക്കാഗോ മലയാളി അസോസിയേഷൻ ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡന്റ് ലൂക്ക് ചിറയിൽ, ജോയിന്റ് സെക്രട്ടറി സാറ അനിൽ, ജോയിന്റ് ട്രഷറർ പ്രിൻസ് ഈപ്പൻ, ഫോമാ നാഷണൽ ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ, ഫൊക്കാന മുൻ പ്രസിഡന്റ് പോൾ കറുകപ്പള്ളിൽ, വ്യവസായ പ്രമുഖൻ കോശി സാമുവൽ, ഓണാഘോഷത്തിന്റെ മുഖ്യ സ്പോൺസർമാരായ ഹുസൈൻ മിർസ, സാറ മിർസ തുടങ്ങിയവർ വേദിയിൽ സന്നിഹിതരായിരുന്നു.

തുടർന്ന് വിവിധ മേഖലകളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഡോ.സൂസൻ ചാക്കോ പുരസ്കാര വിതരണത്തിന് നേതൃത്വം നൽകി. തുടർന്ന് ഓണാഘോഷത്തിന്റെ വിജയത്തിന് പിന്തുണ നൽകിയ സ്പോൺസർമാരെ ആദരിച്ചു. പ്രിൻസ് ഈപ്പൻ ചടങ്ങിന് നേതൃത്വം നൽകി.

വിശിഷ്ടാതിഥികൾ നിലവിളക്ക് തെളിയിച്ചതോടെ ഓണാഘോഷത്തിന്റെ ഔപചാരിക ഉദ്ഘാടനച്ചടങ്ങിനും തുടക്കമായി. ചടങ്ങിൽ ചിക്കാഗോ മലയാളി അസോസിയേഷൻ ട്രഷറർ അച്ചൻകുഞ്ഞ് മാത്യു കൃതജ്ഞത പറഞ്ഞു.

ജീവിതയാത്രയും അനുഭവങ്ങളും സന്ദേശങ്ങളും സംഗീതവും മാജിക്കും അവതരണകലയും സമന്വയിപ്പിച്ചുകൊണ്ട് ഗോപിനാഥ് മുതുകാട് വേദിയിലെത്തി.

2026ലെ ഓണാഘോഷം സംഘടനയ്ക്ക് പുത്തൻ ഉണർവും ഊർജവും പകർന്നുനൽകിയെന്നും, കൂടുതൽ ഉയരങ്ങളിലേക്ക് മുന്നേറാനുള്ള ചാലകശക്തിയായി ഈ ആഘോഷം മാറിയെന്നും പ്രസിഡന്റ് ജോസ് മണക്കാട്ട്, ജനറൽ സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞു മാത്യു എന്നിവർ പറഞ്ഞു.

| | |
|---|---|
| 21 Sept | World Alzheimer's Day |
| 22 Sept | Rose Day (Welfare of Cancer Patients) |
| 22 Sept | World Rhino Day |
| 23 Sept | International Day of Sign Languages |
| 25 Sept | Anant Chaturdasi |
| 25Sept | World Pharmacists Day |
| 25 Sept | Antyodaya Diwas |
| 26 Sept | European Day of Languages |

# ന്യൂയോർക്കിൽ സൗജന്യ ബസ് യാത്ര വാഗ്ദാനം വിനയായി

– പി.പി.ചെറിയാൻ

ന്യൂയോർക്: മേയർ സോഹ്രാൻ മംദാനിയുടെ 'സൗജന്യ ബസ് യാത്ര' എന്ന രാഷ്ട്രീയ വാഗ്ദാനം വാക്കാലെടുത്ത് ന്യൂയോർക്കിൽ ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നവരുടെ എണ്ണം വൻതോതിൽ വർദ്ധിച്ചതായി റിപ്പോർട്ട്. ഇതുമൂലം മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് കോടിക്കണക്കിന് ഡോളറിന്റെ വരുമാനനഷ്ടമാണ് ഉണ്ടായിരിക്കുന്നത്.

മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ കണക്കുകൾ പ്രകാരം ഈ വർഷം ആദ്യ പകുതിയിൽ ബസ് ടിക്കറ്റ് വരുമാനത്തിൽ 3.1 കോടി ഡോളറിന്റെ കുറവുണ്ടായി. നിലവിൽ ബസ് യാത്രക്കാരിൽ പകുതിയോളം പേർ 3 ഡോളറിന്റെ ടിക്കറ്റെടുക്കാതെയാണ് യാത്ര ചെയ്യുന്നത്. 2025ലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിലാണ് മംദാനി സൗജന്യ ബസ് യാത്ര വാഗ്ദാനം ചെയ്തത്. എന്നാൽ ഈ പ്രസ്താവന യാത്രക്കാരിൽ തെറ്റായ ധാരണ ഉണ്ടാക്കിയെന്നും, നിയമലംഘനം വർദ്ധിക്കാൻ കാരണമായെന്നും ട്രാൻസിറ്റ് യൂണിയൻ നേതാക്കളും ഉദ്യോഗസ്ഥരും വ്യക്തമാക്കി.

# ഫോർബ്സ് 50 ഓവർ 50പട്ടികയിൽ തിളങ്ങി ഏഴ് ഇന്ത്യൻ അമേരിക്കൻ വനിതകൾ

– പ്രസാദ് തീയാടിക്കൽ



ന്യൂയോർക്ക്: 50 വയസിന് മുകളിലുള്ളവരിൽ തങ്ങളുടെ മേഖലകളിൽ ശ്രദ്ധേയമായ സ്വാധീനം ചെലുത്തുന്ന വനിതകളെ ആദരിക്കുന്ന ഫോർബസ് 50 ഓവർ 50 പട്ടികയിൽ ഏഴ് ഇന്ത്യൻ അമേരിക്കൻ വനിതകൾ ഇടംനേടി.

ജീവിതശൈലി, സാമൂഹിക സ്വാധീനം, നവീകരണം, നിക്ഷേപം എന്നീ നാല് വിഭാഗങ്ങളിലായി തിരഞ്ഞെടുത്ത 200 വനിതകളുടെ പട്ടികയാണ് ഫോർബ്സ് പ്രസിദ്ധീകരിച്ചത്.

മോർണിംഗ് ജോയ് സഹ അവതാരക മികാ ബ്രെസിൻസ്കിയുടെ നോ യുവർ വാല്യൂ സംരംഭവുമായി ചേർന്നാണ് ഫോർബ്സ് ആറാം വർഷവും ഈ പട്ടിക തയ്യാറാക്കിയത്. സംരംഭകർ, സിഇഒമാർ, നിക്ഷേപകർ, ജീവകാരുണ്യ പ്രവർത്തകർ, സാമൂഹിക നേതാക്കൾ എന്നിവരാണ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

സിലിക്കൺ വാലിയിലെ മുൻ ടെക്നോളജി എക്സിക്യൂട്ടീവായ കോമൾ ഷാ (56), 200ലധികം ടെക് സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തിയ വെഞ്ചർ ക്യാപിറ്റലിസ്റ്റ് ആശാ ജഡേജ മോട്വാനി (63), സൊസൈറ്റി ഫോർ സയൻസസിന്റെ പ്രസിഡന്റും സിഇഒയുമായ മായ അജ്മേര (59), സ്കൂൾ ഗതാഗത രംഗത്ത് സാങ്കേതിക വിദ്യ കൊണ്ടുവന്ന സം കമ്പനിയുടെ സഹസ്ഥാപകയും സിഇഒയുമായ ഋതു നാരായൺ (53), മാർക്കറ്റിംഗ് സോഫ്റ്റ്വെയർ കമ്പനി ഹബ് സ്പോട്ടിന്റെ സിഇഒ യാമിനി രംഗൻ (53), സ്ത്രീകളുടെ തൊഴിൽ, ആരോഗ്യം, കുടുംബജീവിതം എന്നിവയുമായി ബന്ധപ്പെട്ട സങ്കീർണ്ണ തീരുമാനങ്ങൾക്ക് കൃത്രിമ ബുദ്ധി അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ നൽകുന്ന ഡ്യൂഫല്യ്ഹ എന്ന സ്ഥാപനത്തിന്റെ സ്ഥാപകയും സിഇഒയുമായ ശുഭി റാവു (59), ബാങ്കോ ഓഫ് അമേരിക്കയിലെ യു.എസ്. ഇക്വിറ്റി ആൻഡ് ക്വാണ്ടിറ്റേറ്റീവ് സ്ട്രാറ്റജി വിഭാഗത്തിന്റെ മേധാവി സവിത സുബ്രഹ്മണ്യൻ (54) എന്നിവരാണ് പട്ടികയിൽ ഉൾപ്പെട്ടത്.

| | |
|---|---|
| Last week of Sept | |
| (ends on last Sunday) Day of the Deaf / | International Week of Deaf |
| 26 Sept | World Contraception Day |
| 26 Sept | World Environmental Health Day |
| 27 Sept | World Tourism Day |
| 27 Sept | Google Birth Anniversary |
| 28 Sept | World Rabies Day |
| 28 Sept | World Rivers Day (4th Sunday) |
| 28Sept | International Day for Universal Access to Information (IDUAI) |
| 29 Sept | World Heart Day |
| 30Sept | International Translation Day |

# രാഷ്ട്രപതിയിൽ നിന്ന് ഡോ.സുനന്ദ നായർക്ക് കേന്ദ്ര അക്കാദമി പുരസ്കാരം



– ജീമോൻ റാന്നി

ന്യൂഡൽഹി/ഹൂസ്റ്റൺ: 2026 ഓഗസ്റ്റ് 13ന് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ പ്രശസ്ത മോഹിനിയാട്ടം നർത്തകിയും അധ്യാപികയുമായ ഡോ.സുനന്ദ നായർക്ക് സംഗീത നാടക അക്കാദമി പുരസ്കാരം ഇന്ത്യൻ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു.

വിദേശരാജ്യങ്ങളിൽ മോഹിനിയാട്ടത്തിന്റെ പ്രചാരണത്തിനും സംരക്ഷണത്തിനും നൽകിയ മികച്ച സംഭാവനകളെ മാനിച്ചാണ് രാജ്യത്തെ പരമോന്നത സാംസ്കാരിക ബഹുമതികളിലൊന്നായ ഈ പുരസ്കാരം ഡോ. സുനന്ദ നായർക്ക് ലഭിച്ചത്.

ഇന്ത്യൻ ശാസ്ത്രീയ നൃത്തരൂപമായ മോഹിനിയാട്ടത്തെ ആഗോള വേദികളിൽ പരിചയപ്പെടുത്തുന്നതിലും പുതുതലമുറയിലേക്ക് പകർന്നുനൽകുന്നതിലും കഴിഞ്ഞ നിരവധി പതിറ്റാണ്ടുകളായി അവർ നൽകിയ സമഗ്രമായ സംഭാവനകൾക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരം. അമേരിക്ക ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ കലാരൂപത്തിന്റെ പാരമ്പര്യവും ശാസ്ത്രീയതയും നിലനിർത്തിക്കൊണ്ട് നിരവധി വേദികളിലും ശിൽപ്പശാലകളിലും പ്രഭാഷണപ്രദർശന പരിപാടികളിലും സജീവമായി പ്രവർത്തിച്ചുവരുന്നു.

ദേശീയ അക്കാദമിയായ സംഗീത നാടക അക്കാദമി നൽകുന്ന പരമോന്നത ബഹുമതികളിലൊന്നാണ് സംഗീതനാടക അക്കാദമി പുരസ്കാരം.

പത്മഭൂഷൺ ഡോ. കനക് റെലെയുടെ ശിഷ്യപരമ്പരയിൽ വളർന്ന ഡോ.സുനന്ദ നായർ, നളന്ദ നൃത്യകലാ മഹാവിദ്യാലയത്തിന്റെ കലാഅക്കാദമിക് പാരമ്പര്യം മുന്നോട്ടു കൊണ്ടുപോകുന്ന പ്രമുഖ മോഹിനിയാട്ടം ആചാര്യരിൽ ഒരാളാണ്. ഡോ.കനക് റെലെയുടെ മുതിർന്ന ശിഷ്യയും നളന്ദയിൽ പരിശീലനം നേടിയ ആദ്യകാല വിദ്യാർഥികളിൽ ഒരാളുമായ അവർ, ഈ വർഷം പ്രൊഫഷണൽ മോഹിനിയാട്ടം കലാകാരിയും അധ്യാപികയുമായി നാല് പതിറ്റാണ്ടുകൾ പൂർത്തിയാക്കുകയാണ്.

നാല് പതിറ്റാണ്ടിലേറെയായി പ്രൊഫഷണൽ കലാകാരിയായും അധ്യാപികയായും പ്രവർത്തിക്കുന്ന ഡോ.സുനന്ദ നായർ നിരവധി ശിഷ്യരെ ഇന്ത്യൻ ശാസ്ത്രീയ നൃത്തരംഗത്തേക്ക് വളർത്തിയെടുത്തിട്ടുണ്ട്. അവരുടെ ശിഷ്യരിൽ ദൂരദർശൻ ഗ്രേഡഡ് ആർട്ടിസ്റ്റുമാർ, സി.സി.ആർ.ടി. സ്കോളർഷിപ്പ് ജേതാക്കൾ, വിവിധ പുരസ്കാരങ്ങൾ നേടിയ കലാകാരന്മാർ എന്നിവരുണ്ട്. ഇന്ത്യയിലെയും വിദേശത്തെയും വിവിധ വേദികളിൽ ശിഷ്യർ മികച്ച പ്രകടനങ്ങൾ കാഴ്ചവച്ചുവരുന്നു.

ഹൂസ്റ്റണിൽ വർഷങ്ങളായി താമസമാക്കിയ സുനന്ദ നായർ അമേരിക്കൻ ഇന്ത്യൻ സമൂഹത്തിനും പ്രത്യേകിച്ച് പ്രവാസി മലയാളികൾക്കും അഭിമാനമായി മാറിയിരിക്കുകയാണ്.

തന്റെ കലാജീവിതത്തിൽ ഒപ്പമുണ്ടായിരുന്ന ഗുരുക്കന്മാർക്കും കുടുംബാംഗങ്ങൾക്കും ശിഷ്യർക്കും സുഹൃത്തുക്കൾക്കും കലാസ്നേഹികൾക്കും ഡോ. സുനന്ദ നായർ നന്ദി അറിയിച്ചു.

# ഫൊക്കാനയുടെ ചരിത്രവിജയം; ഗിന്നസ് നേട്ടത്തിന്റെ ശിൽപി മനോജ് വട്ടപ്പള്ളിക്കും അനുമോദനം



– ശ്രീകുമാർ ഉണ്ണിത്താൻ

പെൻസിൽവേനിയ: കലഹാരിയിൽ നടന്ന ഫൊക്കാന അന്താരാഷ്ട്ര കൺവൻഷനിൽ മോഹിനിയാട്ടത്തിനും ചെണ്ടമേളത്തിനും ലഭിച്ച 'ചരിത്രപ്രസിദ്ധമായ' ഗിന്നസ് ലോക റെക്കോർഡിന്റെ വിജയത്തിന് പിന്നിലെ പ്രധാന ശിൽപിയാണ് ചീഫ് കോർഡിനേറ്റർ മനോജ് വട്ടപ്പള്ളി. ആശയം മുതൽ ആസൂത്രണം, ഏകോപനം, നടത്തിപ്പ്, ഗിന്നസ് മാനദണ്ഡങ്ങൾ പാലിച്ചുള്ള നടപടിക്രമങ്ങൾ വരെ അർപ്പണബോധത്തോടെ മുന്നിൽ നിന്ന് നയിച്ച മനോജ് വട്ടപ്പള്ളിക്ക് പ്രവാസി മലയാളി സമൂഹത്തിൽ നിന്ന് അഭിനന്ദനപ്രവാഹം.

കേരളത്തിലെ പ്രമുഖ വാദ്യനൃത്താചാര്യന്മാരായ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ, കലാമണ്ഡലം ശിവദാസൻ ആശാൻ, കലാനിലയം കലാധരൻ മാസ്റ്റർ തുടങ്ങിയവരുമായി നിരന്തരം ബന്ധപ്പെട്ട് അവരുടെ വിദഗ്ധ പിന്തുണയും പരിശീലനവും ഉറപ്പാക്കാനും മനോജ് വട്ടപ്പള്ളിക്ക് സാധിച്ചു.